# ബഹു. ജോസഫ് തൊണ്ടിപറമ്പിൽ അച്ചന് ആദരാഞ്ജലികൾ



സ്നേഹപൂർണ്ണമായ ജീവിതത്തിനും കഠിനാദ്ധ്വാനത്തിനും ലളിത ജീവിതത്തിനും പാണ്ഡിത്വത്തിനും മാതൃകയായി അനേകർക്ക് പ്രചോദനമായ ബഹുമാനപ്പെട്ട ജോസഫ് തൊണ്ടിപ്പറമ്പിലച്ചൻ 2019 മെയ് 20 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. ബഹു. അച്ചൻ മെയ് 20 ന് തിങ്കളാഴ്ച രാവിലെ വിശുദ്ധനാട് തീർത്ഥാടനം കഴിഞ്ഞ് ഇന്ത്യയിലേയ്ക്ക് മടങ്ങുന്ന വഴി ഈജിപ്തിന്റെ തലസ്ഥാനമായ കെയ്റോയിൽ വച്ചാണ് മരണമടഞ്ഞത്. വെളുപ്പിന് എയർപോർട്ടിലേയ്ക്ക് തിരിക്കുന്നതിനു മുൻപായി നെഞ്ചുവേദന അനുഭവപ്പെട്ട അച്ചൻ തന്റെ ഗ്രൂപ്പിലുണ്ടായിരുന്ന ഒരു വൈദികന്റെ മുറിയിൽ മുട്ടിവിളിച്ച് അദ്ദേഹത്തെ തന്റെ രോഗവിവരം അറിയിക്കുകയും തന്റെ മരണം അടുത്തുവെന്ന് മനസ്സിലാക്കി കുമ്പസാരിച്ച് പാപമോചനം സ്വീകരിക്കുകയും ചെയ്തു. 20 മിനിറ്റിനകം അച്ചനെ ആശുപത്രിയിലെത്തിച്ചെങ്കിലും അവിടെയെത്തി അല്പസമയത്തിനുശേഷം അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 25 ന് ശനിയാഴ്ച രാവിലെ 10 മണിയോടുകൂടി മാനന്തവാടി രൂപതാ പ്രതിനിധികളും ബഹു. ജോസഫ് തൊണ്ടിപറമ്പിലച്ചന്റെ ബന്ധുക്കളും ചേർന്ന് ഭൗതീകശരീരം എയർഫോർട്ടിൽ നിന്ന് ഏറ്റുവാങ്ങി. വയനാട്ടിലേയ്ക്കുള്ള മാർഗ്ഗ മദ്ധ്യേ താമരശ്ശേരി രൂപത

യുടെ പുതുപ്പാടി ഇടവക ദേവാലയത്തിൽ വച്ച് താമരശ്ശേരി മുൻ രൂപതാദ്ധ്യക്ഷൻ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് അച്ചന്റെ ഭൗതീക ശരീരം സന്ദർശിച്ച് പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് 2 മണിയോടുകൂടി നടവയൽ ഹോളിക്രോസ് ദേവാലയത്തിൽ ഭൗതീകശരീരം പൊതുദർശനത്തിന് വയ്ക്കുകയും മൃതസംസ്കാരശുശ്രൂഷയുടെ കർമ്മങ്ങൾ ആരംഭിക്കു കയും ചെയ്തു. സംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ നേതൃത്വം നൽകി. തുടർന്ന് തിരുവനന്തപുരം മലങ്കര മേജർ സെമിനാരി ഡീൻ ഓഫ് സ്റ്റഡീസ് ഫാ. വർഗ്ഗീസ് താന്നിക്കാക്കുഴി, കാർമ്മൽഗിരി സെമി നാരിയെ പ്രതിനിധാനം ചെയ്തുകൊണ്ടുള്ള വൈദീകർ, അച്ചന്റെ ബാച്ചുകാരായ വൈദീകർ എന്നിവർ പ്രാർത്ഥനകൾ നടത്തി. മൃത സംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് കോതമംഗലം രൂപതയുടെ മുൻ വികാരി ജനറാളും തൊണ്ടിപറമ്പിലച്ചന്റെ സ്നേഹിതനുമായ റവ.ഫാ. ഫ്രാൻസീസ് ആലപ്പാട്ട് നേതൃത്വം നല്കി. തുടർന്ന് മാനന്ത വാടി രൂപതയുടെ വൈദീകരും വിയാനിഭവനിലെ അംഗങ്ങളായ മുതിർന്ന വൈദീകരും, കോഴിക്കോട് രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവും വൈദീകരും മംഗലപ്പുഴ സെമിനാരിയിൽ റക്ടർ ഡോ. മാത്യു ഇല്ലത്തുപറമ്പിലച്ചന്റെ നേതൃത്വത്തിലെത്തിയ വൈദികരും ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നിന്നുള്ള വൈദീകരും സഹപ്രവർത്തകരും പ്രാർത്ഥനകൾ നടത്തി.

നാലുമണിയോടുകൂടി ഇടുക്കി രൂപതാദ്ധ്യക്ഷനും മംഗലപ്പുഴ സെമിനാരിയിൽ തൊണ്ടിപ്പറമ്പിലച്ചന്റെ സഹപ്രവർത്തകനുമായിരുന്ന മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് എത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. അതിനുശേഷം തൊണ്ടിപ്പറമ്പിലച്ചനോടൊപ്പം അന്ത്യനിമിഷ ങ്ങളിലുണ്ടായിരുന്ന ശ്രീ. സണ്ണി ജോസഫ് എം.എൽ.എ. അച്ചന്റെ മരണ നിമിഷങ്ങളനുസ്മരിച്ച് അനുശോചനം രേഖപ്പെടുത്തി. 4.15 ന് വിശുദ്ധ കുർബാന ആരംഭിച്ചു. ആമുഖമായി സീറോ മലബാർ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാ വിന്റേയും മാനന്തവാടി രൂപതയുടെ ആദ്യ മെത്രാനായിരുന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിന്റേയും അനുശോചന സന്ദേശങ്ങൾ വായിച്ചു. മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന്റേയും

തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റേയും മുൻ അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് വലിയമറ്റം പിതാവിന്റേയും താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമിജിയൂസ് ഇഞ്ചനാനി പിതാവിന്റേയും തൊണ്ടിപറമ്പിലച്ചന്റെ സഹോദരപുത്രനായ ബിജു തൊണ്ടിപറമ്പിലച്ചന്റേയും മറ്റ് വൈദീകരുടേയും കാർമ്മികത്വത്തിൽ നടന്ന വി.കുർബാന മദ്ധ്യേ വചനസന്ദേശസമയത്ത് അഭിവന്ദ്യ ഞരളക്കാട്ട് പിതാവ് തൊണ്ടിപ്പറമ്പിലച്ചനെകുറിച്ചുള്ള തന്റെ ബാല്യകാലം മുതലുള്ള സ്മരണകൾ അനുസ്മരിച്ച് സംസാരിച്ചു. സമാപന ശുശ്രൂഷകൾക്ക് ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞരളക്കാട്ട് നേതൃത്വം നല്കി. മൃതസംസ്കരശുശ്രൂഷയിൽ ബഹുമാനപ്പെട്ട തൊണ്ടിപറമ്പിലച്ചന്റെ സഹപ്രവർത്തകരും ശിഷ്യരും സുഹൃത്തുക്കളുമായ നൂറു കണക്കിന് വൈദീകരും സമർപ്പിതരും ദൈവജനവും പങ്കെടുത്തു.

എറണാകുളം അതിരൂപതയിലെ കിഴക്കമ്പലത്ത് തൊണ്ടിപ്പറമ്പിൽ മാണി ദേവസ്യ – ഏലിയാമ്മ ദമ്പതികളുടെ 7 മക്കളിൽ അഞ്ചാമനായി 1950 ജനുവരി 18–ാം തിയതി ജനിച്ചു. തുടർന്ന് അച്ചന്റെ കുടുംബം നടവയലിലേയ്ക്ക് കുടിയേറി. നടവയൽ സെന്റ് തോമസ് സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന അദ്ദേഹം പൂന പേപ്പൽ സെമിനാരിയിൽ നിന്ന് തിയോളജി പഠനം പൂർത്തിയാക്കി അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്നും 1975 ഡിസംബർ 31–ാം തിയതി വൈദീകപട്ടം സ്വീകരിച്ചു. 1976 മുതൽ 1980 വരെ അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറിയും ചാൻസലറുമായി സ്തുത്യർഹ സേവനമനുഷ്ഠിച്ചു. ഈ കാലയളവിൽ തന്നെ തൃശ്ശിലേരി ഇടവകയുടെ വികാരിയായും അച്ചൻ സേവനമനുഷ്ഠിച്ചു.

1980 ൽ ഉപരിപഠനത്തിനായി റോമിലേക്ക് പോയ അച്ചൻ 1984 – ൽ റോമിലെ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സേക്രട്ട്സ് ക്രിപ്ച്ചറിൽ ലൈസൻഷ്യേറ്റും, 1989 ൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും ബിബ്ലിക്കൽ തിയോളജിയിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. 1989 മുതൽ 1993 വരെ ഒണ്ടയങ്ങാടി മാർട്ടിൻ ഡിപോറസ് പള്ളി വികാരിയായി സേവനമനുഷ്ഠിച്ചു. 1993 മുതൽ 2014 വരെയുള്ള കാലഘട്ടത്തിൽ ആലുവ പൊന്തിഫിക്കൽ സെമിനാരി പ്രൊഫസറായി സ്തുത്യർഹ സേവനം അനുഷ്ഠിച്ച അച്ചന് ഈ കാലഘട്ടത്തിൽ തന്നെ ആലുവ

സെമിനാരി വൈസ് റെക്ടറായും പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2014-ൽ ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും വിരമിച്ച അദ്ദേഹം മുരിങ്ങൂർ ഡിവൈൻ റിട്രീറ്റ് സെന്ററിൽ താമസിച്ചുകൊണ്ട് വിവിധ സെമിനാരികളിൽ വിസിറ്റിംഗ് പ്രൊഫസറായും മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളേജിൽ പ്രൊഫസറായും പാലാരിവട്ടം പി.ഒ.സി.യിൽ ബൈബിൾ പരിഭാഷകനായും സേവനം ചെയ്തുവരികയായിരുന്നു. എളിമയും കഠിനാധ്വാനവും മുഖമുദ്രയാക്കിയ അച്ചൻ ജീവിതത്തിന്റെ ഭൂരിഭാഗവും സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി ചെലവഴിച്ചു. വിശുദ്ധഗ്രന്ഥത്തിലെ ഗഹനമായ ചിന്തകൾ നർമ്മത്തിൽ ചാലിച്ച് മനസ്സിലാക്കികൊടുക്കുന്നതിനുള്ള അച്ചന്റെ കഴിവ് വിദ്യാർത്ഥികൾ എപ്പോഴും നന്ദിയോടെ സ്മരിക്കുന്നു. സ്വതസിദ്ധമായ ശൈലിയിലുള്ള അച്ചന്റെ വചനപ്രഘോഷണത്തിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയുള്ള വചനപ്രഘോഷണ പരമ്പരകളിലൂടെയും ലോകത്തുടനീളം അനേകരെ ദൈവത്തിങ്കലേയ്ക്ക് അടുപ്പിക്കാൻ അച്ചന് സാധിച്ചു, നന്മയുടേയും സ്നേഹത്തിന്റേയും ദീപം അനേകർക്ക് കൈമാറി ദൈവസന്നിധിയിലേക്ക് യാത്രയായ അച്ചന്റെ പാവനസ്മരണയ്ക്ക് മുന്നിൽ മാനന്തവാടി രൂപതാകുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 ജൂലൈ - 2019 ലക്കം 07**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


പുരോഹിതനും വചന ശുശ്രൂഷയും .......................... 09
രൂപതാകച്ചേരി വാർത്തകൾ ...................................... 16
വൈദികരുടെ മാസധ്യാനം ....................................... 21
സെമിനാരി വാർത്തകൾ ............................................ 23
മതബോധനരംഗം ....................................................... 26
ചെറുപുഷ്പ മിഷൻലീഗ് ............................................. 30
*Department of Youth Ministry* ............................................. 36
കെ.സി.വൈ.എം. ....................................................... 39
കുടുംബപ്രേഷിതത്വം .................................................. 44
സീയോൻ വാർത്തകൾ ................................................ 50
വിൻസെന്റ് ഡി പോൾ സൊസൈറ്റി ......................... 52
ജീസസ് യൂത്ത് ........................................................... 57
സാമൂഹ്യ സേവനരംഗം (WSSS) ..................................... 60
ബയോവിൻ അഗ്രോ റിസർച്ച് ..................................... 63
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ....................... 66
റേഡിയോ മാറ്റൊലി .................................................... 68
ജയിൽ മിനിസ്ട്രി ......................................................... 74
*Mary Matha Arts & Science College* .......................... 75
വിദ്യാഭ്യാസ മേഖല ...................................................... 77
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 79
ബിഷപ്സ് പ്രോഗ്രാം ..................................................... 80

# പുരോഹിതനും പ്രേഷിതാഭിമുഖ്യവും

**മല്പാൻ മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: ശ്ലീഹ 18,1–28)**

പൗലോസ്ശ്ലീഹായുടെ കോറിന്തോസിലുള്ള പ്രേഷിത പ്രവർത്തനമാണ് ശ്ലീഹന്മാരുടെ നടപടി 18-ാം അദ്ധ്യായത്തിലെ പ്രധാന വിഷയം. ഈ അദ്ധ്യായത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം.

1. പൗലോസ് കോറിന്തോസിൽ (18,1–4)
2. പൗലോസിന്റെ കോറിന്തോസിലെ പ്രവർത്തനം (18,5–11)
3. പൗലോസ് ന്യായാസനത്തിനു മുമ്പിൽ (18,12–17)
4. പൗലോസ് അന്ത്യോക്യായിൽ തിരിച്ചെത്തുന്നു (18,18–23)
5. അപ്പോളോസ് എഫേസോസിൽ (18,24–28)

കോറിന്തോസ് ആഥൻസിനു പടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്ന ഒരു തുറമുഖപട്ടണമായിരുന്നു. സാമ്പത്തികനേട്ടംമാത്രം ലക്ഷ്യമാക്കി ജീവിതം നയിച്ചിരുന്നവരുടെ നഗരം. അസന്മാർഗികതയും കുത്തഴിഞ്ഞ ജീവിതവും നയിച്ചിരുന്ന ജനതയുടെ കേന്ദ്രമായിരുന്നു അത്. അവിടെ പൗലോസ്ശ്ലീഹാ നിർവഹിച്ച സുവിശേഷപ്രഘോഷണം പ്രേഷിതാഭിമുഖ്യമുള്ള പുരോഹിതശുശ്രൂഷയ്ക്ക് പ്രചോദനാത്മകമാണ്.

**1. പ്രേഷിതാഭിമുഖ്യവും ജോലിയും**

"*അവർ ഓരേ തൊഴിൽക്കാരായിരുന്നതുകൊണ്ട് അവൻ അവരുടെ കൂടെ താമസിക്കുകയും ഒന്നിച്ചു ജോലി ചെയ്യുകയും ചെയ്തു. കൂടാരപ്പണിയായിരുന്നു അവരുടെ ജോലി. എല്ലാ സാബത്തിലും അവൻ സിനഗോഗിൽവച്ച് സംവാദത്തിൽ ഏർപ്പെടുകയും യഹൂദരെയും ഗ്രീക്കുകാരെയും വിശ്വസിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.*" (18,3–4).

കോറിന്തോസിൽവച്ച് പൗലോസ്ശ്ലീഹാ അകിീലായെയും അയാളുടെ ഭാര്യ പ്രിഷില്ലായെയും പരിചയപ്പെട്ടു. അവർ റോമിൽനിന്നു വന്നവരായിരുന്നു. അവർ റോമാ വിടുവാനുണ്ടായ സാഹചര്യം ലൂക്കാ വിവരിക്കുന്നുണ്ട്. ക്ലോഡിയസ് ചക്രവർത്തി യഹൂദന്മാരെയെല്ലാം അവിടെനിന്നു ബഹിഷ്കരിക്കുവാൻ ആജ്ഞ പുറപ്പെടുവിച്ചു. അതനുസരിച്ച് യഹൂദരായ അവർ തലസ്ഥാനനഗരത്തിൽനിന്നും തങ്ങളുടെ വാസം കോറിന്തോസിലേക്കു മാറ്റുകയായിരുന്നു. ക്രിസ്ത്വാബ്ദം 2-ാം നൂറ്റാണ്ടിൽ ഡ്യൂട്ടോണിയസ് എഴുതിയ ക്ലോഡിയസിന്റെ ജീവചരിത്രത്തിൽ (XXV: 4) ഇങ്ങനെയൊരു പ്രസ്താവനയുണ്ട്: "ക്രെസ്തൂസിന്റെ പ്രേരണയാൽ യഹൂദന്മാർ നിരന്തരം കലഹം ഉണ്ടാക്കിക്കൊണ്ടിരുന്നു.

തന്മൂലം ചക്രവർത്തി അവരെ റോമിൽനിന്നും ബഹിഷ്കരിച്ചു". 'ക്രിസ്തൂസ്' എന്നതായിരിക്കാം 'ക്രെസ്തൂസ്' എന്നു കാണപ്പെടുന്നത്. യഹൂദന്മാരിൽ ക്രിസ്തുവിശ്വാസം സ്വീകരിക്കാത്തവർ ആ വിശ്വാസം സ്വീകരിച്ചവരെ അടിച്ചമർത്തുവാൻ ചെയ്ത ശ്രമമായിരിക്കാം ആ കലഹത്തിനു കാരണം.

റോമിൽനിന്നു വന്ന അക്വീലായും കുടുംബവും പൗലോസും ഉപജീവനത്തിനു കൂടാരപ്പണി ചെയ്തുവന്നതിനാൽ അവർ തമ്മിലുള്ള പരിചയം കൂടുതൽ ദൃഢതരമായിത്തീർന്നു. യഹൂദപാരമ്പര്യത്തിൽ ശാസ്ത്രാദ്ധ്യാപകന്മാർ തങ്ങളുടെ ജോലിക്ക് ശമ്പളം വാങ്ങുമായിരുന്നില്ല. അതിനാൽ അവർ സ്വന്തം കാലയാപനത്തിനുവേണ്ടി എന്തെങ്കിലുമൊരു തൊഴിൽ ചെയ്തുവന്നിരുന്നു. പൗലോസ് അതു നിർവഹിച്ചിരുന്ന വസ്തുത പുതിയനിയമത്തിൽ പലയിടത്തും എടുത്തുപറയുന്നു (ശ്ലീഹ.18,3;20,34; 1 കൊറി.4,12;9,15). കൂടാരപ്പണി എന്നത് തോൽകൊണ്ടോ, ആടിന്റെ രോമംകൊണ്ടോ വസ്ത്രങ്ങളും മറ്റും നിർമ്മിക്കുന്ന തൊഴിലായിരുന്നു. ജോലിചെയ്യുന്നതോടൊപ്പം, എല്ലാ സാബത്തിലും സിനഗോഗിൽ പോയി സംവാദത്തിൽ ഏർപ്പെടുകയും യഹൂദരെയും ഗ്രീക്കുകാരെയും പൗലോസ് വിശ്വസിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ജോലിയും പ്രേഷിതാഭിമുഖ്യവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ജോലിയിലൂടെത്തന്നെയാണ് പ്രേഷിതാഭിമുഖ്യം പുലർത്തേണ്ടതും പ്രേഷിതപ്രവർത്തനം ചെയ്യേണ്ടതും. പുരോഹിതനെ സംബന്ധിച്ചും ഇതു പ്രസക്തമാണ്. അനുദിനജോലിയിലൂടെ പ്രേഷിതപ്രവർത്തനം ചെയ്യാൻ പുരോഹിതൻ അത്മായരെ പ്രബുദ്ധരാക്കുകയും ചെയ്യണം.

**2. പ്രേഷിതാഭിമുഖ്യവും പ്രതികൂലസാഹചര്യങ്ങളും**

*"അവിടംവിട്ട് അവൻ ദൈവഭക്തനായ തീസിയോസ് യൂസ്തോസ് എന്നൊരുവന്റെ വീട്ടിലേക്കു പോയി. സിനഗോഗിനു തൊട്ടടുത്തായിരുന്നു അവന്റെ വീട്. സിനഗോഗധികാരിയായ ക്രിസ്പൂസും അവന്റെ കുടുംബം മുഴുവനും കർത്താവിൽ വിശ്വസിച്ചു. കോറിന്തോസുകാരിൽ പലരും വചനംകേട്ടു വിശ്വസിക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കുകും ചെയ്തു. രാത്രിയിൽ കർത്താവ് ദർശനത്തിൽ പൗലോസിനോടു പറഞ്ഞു: ഭയപ്പെടേണ്ട, നിശ്ശബ്ദനായിരിക്കാതെ പ്രസംഗിക്കുക. എന്തെന്നാൽ, ഞാൻ നിന്നോടുകൂടെയുണ്ട്. ആരും നിന്നെ ആക്രമിക്കുകയോ ഉപദ്രവിക്കുകയോ ഇല്ല. ഈ നഗരത്തിൽ എനിക്ക് വളരെ ആളുകളുണ്ട്"* (18,7-10).

പൗലോസ് സീലാസിനെയും തിമോത്തിയോസിനെയും ബരോവായിൽ വിട്ടശേഷമാണല്ലോ ആഥൻസിലേക്കു പോയത്. വേഗത്തിൽ

തന്നോടുചേരണമെന്ന് പൗലോസ് നല്കിയിരുന്ന നിർദ്ദേശമനുസരിച്ച് അവർ കോറിന്തോസിലെത്തി. സഹപ്രവർത്തകരുടെ വരവുവരെ പൗലോസ് അദ്ധ്വാനിച്ച് ഉപജീവനം കഴിക്കുകയും സാബത്തുകളിൽ സിനഗോഗിൽ പ്രസംഗിക്കുകയും ചെയ്തുവന്നു. എന്നാൽ സഹ പ്രവർത്തകരുടെ വരവിനുശേഷം പൗലോസ് മുഴുവൻ സമയവും സുവിശേഷപ്രഘോഷണത്തിൽ ഏർപ്പെടുവാൻ തുടങ്ങി. സീലാസും തിമോത്തിയോസും കൊണ്ടുവന്ന ധനസഹായംമൂലമായിരിക്കാം ഇതു സാദ്ധ്യമായത്. പൗലോസിന്റെ സുവിശേഷപ്രഘോഷണം ക്രിസ്തു വിശ്വാസികളായ യഹൂദരും മറ്റു യഹൂദരും തമ്മിൽ ഒരു വേർതിരിവുണ്ടാക്കി. വിശ്വാസം സ്വീകരിക്കാതിരുന്ന യഹൂദരുടെ എതിർപ്പുമൂലം പൗലോസ് കോറിന്തോസിലെ സിനഗോഗിനോടു യാത്ര പറഞ്ഞു പിരിയുകയും, പിന്നീട് തീസിയോസ് യൂസ്തോസ് എന്നയാളുടെ ഭവനം കേന്ദ്രീകരിച്ച് സുവിശേഷപ്രഘോഷണം തുടരുകയും ചെയ്തു. അതിന്റെ ഫലമായി സിനഗോഗധികാരിയായ ക്രിസ്പൂസും അവന്റെ കുടുംബം മുഴുവനും കോറിന്തോസുകാരിൽ പലരും കർത്താവിൽ വിശ്വസിക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു (18,8).

ഈ പശ്ചാത്തലത്തിൽ, പൗലോസിന് രാത്രിയിൽ കർത്താവിന്റെ ദർശനമുണ്ടായി. കർത്താവു പൗലോസിനോടു പറഞ്ഞു: "ഭയപ്പെടേണ്ട, നിശബ്ദനായിരിക്കാതെ പ്രസംഗിക്കുക. എന്തെന്നാൽ ഞാൻ നിന്നോടു കൂടെയുണ്ട്. ആരും നിന്നെ ആക്രമിക്കുകയോ ഉപദ്രവിക്കുകയോ ഇല്ല. ഈ നഗരത്തിൽ എനിക്കു വളരെ ആളുകളുണ്ട്" (18,9-10). സുവിശേഷ പ്രഘോഷണശുശ്രൂഷയുടെ പിന്നിലുള്ള ദൈവത്തിന്റെ രക്ഷാകര പ്രവർത്തനത്തിന്റെ രഹസ്യാത്മകസ്വഭാവമാണ് ഇവിടെ വ്യക്തമാകുന്നത്. മനുഷ്യസ്വാതന്ത്ര്യത്തെ ബഹുമാനിച്ചുകൊണ്ടുള്ള ഡയലോഗ് രീതിയിലാണ് ദൈവം മനുഷ്യനുമായി കണ്ടുമുട്ടുന്നത്. ദൈവത്തിന്റെ സ്വന്തം ജനമായി തിരഞ്ഞെടുക്കപ്പെട്ടവരും മെസിയാനിക പ്രതീക്ഷകളുടെ ഉടമകളുമായവർ സുവിശേഷം തിരസ്കരിക്കുമ്പോൾ, ഇതൊന്നുമില്ലാത്തവർ സുവിശേഷം സസന്തോഷം സ്വീകരിക്കുകയും അനുഗൃഹീതരാകുകയും ചെയ്യുന്നു. അപ്രകാരമുള്ള പശ്ചാത്തലത്തിൽ സുവിശേഷപ്രഘോഷകനെ കർത്താവ് ധൈര്യപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈശോയുടെ ജീവിതത്തിൽ അനുഭവപ്പെട്ടതുപോലെ അനുകൂലപ്രതികൂല പ്രതികരണങ്ങൾ സുവിശേഷ പ്രഘോഷകരായ പുരോഹിതരുടെ ജീവിതത്തിലുമുണ്ടാകും. എന്നാൽ പ്രേഷിതാഭിമുഖ്യം കൈവെടിയാതെ സുവിശേഷശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതനു കഴിയണം.

### 3. പ്രേഷിതാഭിമുഖ്യവും കഷ്ടതകളും

*"ഗാല്ലിയോ അക്കായിയായിൽ ഉപസ്ഥാനപതിയായിരിക്കുമ്പോൾ, യഹൂദർ പൗലോസിനെതിരേ സംഘടിതമായ ഒരാക്രമണം നടത്തി. അവർ അവനെ ന്യായാസനത്തിനുമുമ്പിൽ കൊണ്ടുവന്ന് ഇപ്രകാരം പറഞ്ഞു: ഈ മനുഷ്യൻ നിയമവിരുദ്ധമായ രീതിയിൽ ദൈവാരാധന നടത്താൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു"* (18,12-13).

ഗാല്ലിയോ അക്കായിയായിൽ ഉപസ്ഥാനപതിയായിരിക്കുമ്പോൾ, യഹൂദർ പൗലോസിനെതിരെ സംഘടിതമായ ഒരാക്രമണം നടത്തി. ഇതുവരെ പൗലോസിനെതിരായ ന്യായതീർപ്പുകളെല്ലാം ഓരോ നഗരത്തിലെയും അധികാരികളുടേതായിരുന്നു. അവയ്ക്ക് അതാതു നഗരങ്ങളിൽമാത്രമേ പ്രാബല്യമുണ്ടായിരുന്നുള്ളു. എന്നാൽ ഒരു പ്രദേശം മുഴുവന്റെയുംമേൽ അധികാരമുള്ള റോമൻ ഗവർണ്ണറുടെ വിധിക്ക് കൂടുതൽ വ്യാപകമായ അംഗീകാരം പ്രതീക്ഷിക്കാവുന്നതായിരുന്നു. അതു ലഭിക്കുവാനാണ് യഹൂദന്മാർ ശ്രമിച്ചത്. യഹൂദന്മാരുടെ യത്നത്തിനു പിന്നിൽ മറ്റൊരു ലക്ഷ്യവുമുണ്ടായിരുന്നു. റോമാ സാമ്രാജ്യത്തിൽ രാഷ്ട്രത്തിന്റെ അംഗീകാരമുള്ള മതങ്ങളും അംഗീകാരമില്ലാത്ത മതങ്ങളും പ്രവർത്തിച്ചിരുന്നു. യഹൂദമതത്തിന് അപ്രകാരമുള്ള അംഗീകാരമുണ്ടായിരുന്നു. ക്രിസ്തുമതത്തെ യഹൂദമതത്തിന്റെ ഒരു വിഭാഗമായി കരുതി അംഗീകാരം ലഭിക്കാനുള്ള സാദ്ധ്യത ഇല്ലാതാക്കുകയായിരുന്നു യഹൂദരുടെ ലക്ഷ്യം. എന്നാൽ ഗാല്ലിയോ ഉത്തമനും ആദർശധീരതയുമുള്ള ഒരു ഭരണാധിപനെന്ന നിലയിൽ അവരുടെ യത്നത്തെ പരാജയപ്പെടുത്തി (18,14-16).

എന്നാൽ യഹൂദർ ഒന്നുചേർന്ന് സിനഗോഗധികാരിയായ സൊസ്തേനോസിനെ പിടിച്ച് കോടതിയുടെ മുമ്പിൽവച്ചുതന്നെ അടിച്ചു (18,17). സൊസ്തേനൊസ് ക്രിസ്ത്യാനികളോട് സഹതാപമുള്ളവനായിരുന്നിരിക്കണം. പിന്നീട് ഈ സൊസ്തേനോസിനെപ്പറ്റി, തന്റെ സഹപ്രവർത്തകനായി, കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ പൗലോസ് പരാമർശിക്കുന്നുണ്ട് (1 കൊറി 1,1). പൗലോസിനോടും ക്രിസ്ത്യാനികളോടുമുള്ള സഹതാപം പിന്നീട് ഒരു ക്രിസ്ത്യാനിയാകുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുണ്ടാവണം. ഏതായാലും പൗലോസിനും, അദ്ദേഹത്തിന്റെ സുവിശേഷപ്രഘോഷണത്തോട് സഹതാപമുണ്ടായിരുന്ന സൊസ്തേനോസിനും കഷ്ടപ്പാടുകൾ സഹിക്കേണ്ടതായി വന്നു. പ്രേഷിതാഭിമുഖ്യമുള്ള ജീവിതം നയിക്കുന്ന ക്രൈസ്തവർക്കെല്ലാം കഷ്ടപ്പാടുകൾ നേരിടേണ്ടിവരും. നടപടിഗ്രന്ഥം വിവരിക്കുന്ന ആദിമസഭാചരിത്രവും അന്നുമുതൽ ഇന്നുവരെയുള്ള സഭാ

ചരിത്രവും ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. എന്നാൽ കഷ്ടപ്പാടുകളോടൊപ്പം ദൈവസ്നേഹം നല്കുന്ന സമാശ്വാസവും സന്തോഷവും അവർക്കുണ്ടാകും എന്നതും സഭാചരിത്രം ഉദാഹരിക്കുന്ന ഒരു വസ്തുതയാണ്. പ്രേഷിതാഭിമുഖ്യത്തോടെ ശുശ്രൂഷ ചെയ്യുന്ന പുരോഹിതന് ലോകത്തിന്റെ കഷ്ടപ്പാടുകൾ നേരിടാനുള്ള ശക്തി ലഭിക്കുകയും ദൈവത്തിന്റെ സമാശ്വാസവും സന്തോഷവും ആസ്വദിക്കുവാനുള്ള ഭാഗ്യം സിദ്ധിക്കുകയും ചെയ്യും.

**4. പ്രേഷിതാഭിമുഖ്യവും ദൈവോന്മുഖതയും**

"*അവൻ എഫേസോസിൽ എത്തിച്ചേർന്നു. അവൻ മറ്റുള്ളവരെ അവിടെ വിട്ടിട്ട്, സിനഗോഗിൽ പ്രവേശിച്ച് യഹൂദരുമായി വാദത്തിൽ ഏർപ്പെട്ടു. കുറേനാൾകൂടി തങ്ങളോടൊത്തു താമസിക്കാൻ അവർ ആവശ്യപ്പെട്ടെങ്കിലും അവൻ സമ്മതിച്ചില്ല. ദൈവം അനുവദിച്ചാൽ ഞാൻ നിങ്ങളുടെ അടുത്തേക്കു തിരിച്ചുവരും എന്നു പറഞ്ഞ് അവൻ വിടവാങ്ങുകയും എഫേസോസിൽനിന്ന് കപ്പൽ കയറുകയും ചെയ്തു*" (18,19–21).

പൗലോസ്ശ്ലീഹാ കോറിന്തോസിൽനിന്നും സിറിയാ, പാലസ്തീനാ എന്നീ സ്ഥലങ്ങളിലേക്കു പോയി. അക്വീലായും പ്രിഷില്ലായും പൗലോസിനോടൊത്തു പോകുകയുണ്ടായി. അവർ കെങ്ക്രേയിലെത്തിയപ്പോൾ, അവിടെവച്ച് പൗലോസ് തല ക്ഷൗരം ചെയ്യിച്ചു. കോറിന്തോസിൽ വച്ചുണ്ടായ വിജയകരമായ പ്രേഷിതപ്രവർത്തനത്തെ പരിഗണിച്ച് സംഖ്യാപുസ്തകം 6,5 ൽ നിർദ്ദേശിക്കുന്ന നാസീർവ്രതം പാലിക്കുന്നതിനായിരിക്കാം അപ്രകാരം ചെയ്തത്. നാസീർവ്രതത്തെപ്പറ്റി ഇപ്രകാരമാണ് പറയുന്നത്: "ക്ഷൗരക്കത്തി വ്രതകാലത്ത് അവന്റെ തലയിൽ സ്പർശിക്കരുത്. കർത്താവിന്റെ മുമ്പിൽ വ്രതമനുഷ്ഠിക്കുന്ന കാലമത്രയും വിശുദ്ധി പാലിക്കണം; മുടി വളർത്തണം" (സംഖ്യ 6,5). കോറിന്തോസിൽ തന്റെ പ്രേഷിതപ്രവർത്തനത്തിനുണ്ടായ വിജയം, തന്റെ മാനുഷികമായ കഴിവുകൊണ്ടല്ല, പ്രത്യുത ദൈവത്തിന്റെ കൃപ മാത്രമാണ് എന്നുള്ള പൗലോസിന്റെ അംഗീകാരത്തിന്റെ ഒരടയാളമായി ഈ വ്രതമെടുക്കലിനെ പരിഗണിക്കാവുന്നതാണ്. വ്രതകാലത്ത് വളർത്തിയ മുടിയാണ് കെങ്ക്രേയിൽവച്ച് പൗലോസ് മുണ്ഡനം ചെയ്തത് (18,18). പൗലോസിന്റെ ദൈവാഭിമുഖ്യത്തിന്റെ ഒരടയാളമായി ഇതിനെ പരിഗണിക്കാം.

പിന്നീട് പൗലോസ് അക്വീലായും പ്രിഷില്ലയുമൊരുമിച്ച് കപ്പൽമാർഗം ഏഷ്യാമൈനറിലെ ഒരു പ്രധാന നഗരവും തുറമുഖവുമായിരുന്ന എഫേസോസിൽ ചെന്നുചേർന്നു. മൂന്നാം പ്രേഷിതയാത്ര

യിൽ പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിന്റെ പ്രധാനപ്പെട്ട ഒരു നഗരമായിരുന്നു എഫേസോസ്. എന്നാൽ ഇപ്രാവശ്യം അവിടെ അധികംകാലം ചിലവഴിക്കാൻ ശ്ലീഹാ ഉദ്ദേശിച്ചിരുന്നില്ല. അതുകൊണ്ട് അവിടുത്തെ സിനഗോഗിൽവച്ച് യഹൂദരുമായി സംവാദം നടത്തി സുവിശേഷപ്രഘോഷണത്തിന് ആരംഭമിട്ടശേഷം, കപ്പൽ കയറി കേസറിയായിലേക്കു പോവുകയാണു ചെയ്തത് (18,19-21). കുറേ നാൾക്കൂടി തങ്ങളോടൊത്തു താമസിക്കാൻ അവർ ആവശ്യപ്പെട്ടെങ്കിലും പൗലോസ് അതു സമ്മതിക്കാതെ, "ദൈവം അനുവദിച്ചാൽ ഞാൻ നിങ്ങളുടെ അടുത്തേക്കു തിരിച്ചുവരും" (18,21) എന്നു പറഞ്ഞ് അവിടെനിന്നും വിടവാങ്ങുകയാണു ചെയ്തത്. മാനുഷികമായ പരിഗണനകളെക്കാളുപരി ദൈവഹിതത്തിനു പൂർണ്ണമായി വിധേയപ്പെട്ട, ദൈവോന്മുഖജീവിതമായിരുന്നു പൗലോസിന്റേത്. പ്രേഷിതാഭിമുഖ്യമുള്ള പുരോഹിതന്റെ ഒരവശ്യ സവിശേഷതയായിരിക്കണം ഇപ്രകാരമുള്ള ദൈവോന്മുഖ ജീവിതം.

**5. പ്രേഷിതാഭിമുഖ്യവും പ്രോത്സാഹനവും**

*"കർത്താവിന്റെ മാർഗത്തെക്കുറിച്ച് അവന് ഉപദേശവും ലഭിച്ചിരുന്നു. അവന് യോഹന്നാന്റെ ജ്ഞാനസ്നാനത്തെക്കുറിച്ചുമാത്രമേ അറിവുണ്ടായിരുന്നുള്ളു. എങ്കിലും, ഈശോയെക്കുറിച്ചുള്ള കാര്യങ്ങൾ ആത്മാവിൽ ഉണർവോടെ, തെറ്റുകൂടാതെ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തിരുന്നു. അവൻ സിനഗോഗിലും ധൈര്യപൂർവം പ്രസംഗിക്കാൻ തുടങ്ങി. പ്രഷില്ലായും അക്വീല്ലായും അവന്റെ പ്രസംഗം കേട്ടു. അവർ അവനെ കൂട്ടിക്കൊണ്ടുപോയി ദൈവത്തിന്റെ മാർഗ്ഗം കൂടുതൽ വ്യക്തമായി പറഞ്ഞുകൊടുത്തു"* (18,25-26).

നടപടിഗ്രന്ഥം 18-ാം അദ്ധ്യായം 24-ാം വാക്യം മുതൽ 21-ാം അദ്ധ്യായം 17-ാം വാക്യം വരെ പൗലോസ്ശ്ലീഹായുടെ മൂന്നാം പ്രേഷിതയാത്രയുടെ വിവരണമാണ്. പൗലോസ് തന്റെ ഒന്നാമത്തെയും രണ്ടാമത്തെയും പ്രേഷിതയാത്രകൾ ആരംഭിച്ചത് അന്ത്യോക്യായിൽനിന്നായിരുന്നു (13,1; 15,36). ഈ മൂന്നാം പ്രേഷിതയാത്രയും പൗലോസ് ആരംഭിക്കുന്നത് അന്ത്യോക്യായിൽനിന്നുതന്നെയാണ് (18,22-23). ഈ സന്ദർഭത്തിൽ അപ്പോളോസ് എന്നു പേരുള്ള അലക്സാൺഡ്രിയാക്കാരനായ ഒരു യഹൂദൻ എഫേസോസിൽ വരികയും ഈശോയെക്കുറിച്ച് പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. അയാൾ വാഗ്മിയും വിശുദ്ധ ലിഖിതങ്ങളിൽ അവഗാഹം നേടിയവനുമായിരുന്നു (18,24-25). അയാൾക്കു യോഹന്നാന്റെ സ്നാനത്തെക്കുറിച്ചുമാത്രമേ അറിവുണ്ടായിരുന്നുള്ളുവെങ്കിലും ഈശോയെക്കുറിച്ചുള്ള കാര്യങ്ങൾ ആത്മാവിൽ ഉണർവോടെ, തെറ്റുകൂടാതെ പഠിപ്പിക്കുകയും പ്രസംഗിക്കുകയും

ചെയ്തിരുന്നു (18,25). നടപടിഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്ന (ശ്ലീഹ 1,15) നൂറ്റിയിരുപതോളം സഹോദരരിൽ ഒരുവനായിരിക്കാം ഇയാൾ എന്നാണ് വി. ജോൺ ക്രിസോസ്റ്റോം അഭിപ്രായപ്പെടുന്നത്. (John Chrisostom, Homily, 20)

അപ്പോളോസ് എഫേസോസിലെ സിനഗോഗിൽ ഈശോയെ ക്കുറിച്ച് ധൈര്യപൂർവം പ്രസംഗിക്കുന്നതുകേട്ട അക്വീലായും പ്രിഷില്ലയും അയാളെ കൂട്ടിക്കൊണ്ടുപോയി ദൈവത്തിന്റെ മാർഗം കൂടുതൽ വ്യക്തമായി പറഞ്ഞുകൊടുത്തു (18,26). അപ്രകാരം അപ്പോളോസ് നല്ല ഒരു സുവിശേഷപ്രഘോഷകനായിത്തീർന്നു. പിന്നീട് എഫേസോസിൽനിന്നും അക്കായിയായിലേക്കു പോകുവാൻ വിശ്വാസികൾ അയാളെ പ്രോത്സാഹിപ്പിക്കുകയും അയാളെ സ്വീകരിക്കുന്നതിന് അവിടുത്തെ വിശ്വാസികൾക്ക് എഴുതുകയും ചെയ്തു. അവിടെ എത്തിച്ചേർന്നതിനുശേഷം, അവിടുത്തെ വിശ്വാസികളെ അയാൾ വളരെയധികം സഹായിച്ചു. മാത്രമല്ല, പൊതുസ്ഥലങ്ങളിൽവച്ച് വിശുദ്ധഗ്രന്ഥങ്ങൾ ഉദ്ധരിച്ചുകൊണ്ട് മിശിഹാ ഈശോതന്നെയാണെന്നു തെളിയിക്കുകയും യഹൂദന്മാരെ വാക്കുമുട്ടിക്കുകയും ചെയ്തിരുന്നു (18,27-28). ഇപ്രകാരം സഹവിശ്വാസികളെയും സഹപ്രവർത്തകരെയും സുവിശേഷപ്രഘോഷണത്തിനായി ഒരുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാൻ സഭാംഗങ്ങൾക്കെല്ലാം കടമയുണ്ട്. സഭാസമൂഹത്തിന്റെ ശുശ്രൂഷകരെന്ന നിലയിൽ പുരോഹിതർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുകയും താല്പര്യമെടുക്കുകയും ചെയ്യണം.

**ജീവിതസൂചിക**

1. പ്രേഷിതാഭിമുഖ്യവും ജോലിയും എന്റെ പുരോഹിതശുശ്രൂഷയിൽ ഞാൻ എങ്ങനെ സംയോജിപ്പിക്കുന്നു?

2. പ്രതികൂല സാഹചര്യങ്ങളിൽ പ്രേഷിതാഭിമുഖ്യം കൈവെടിയാതെ സുവിശേഷശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

3. പുരോഹിതശുശ്രൂഷാനിർവഹണത്തിൽ കഷ്ടപ്പാടുകളോടൊപ്പം ദൈവത്തിന്റെ സമാശ്വാസവും സന്തോഷവും അനുഭവിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ?

4. മാനുഷികമായ പരിഗണനകളെക്കാൾ ദൈവോന്മുഖതയ്ക്ക് പ്രാധാന്യം കല്പിക്കുന്ന ഒരു ജീവിതവും ശുശ്രൂഷയുമാണോ എന്റേത്?

5. സഹപ്രവർത്തകരെയും വിശ്വാസികളെയും സുവിശേഷപ്രഘോഷണത്തിനായി ഒരുക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹു. അബ്രാഹം മൂക്കനോലി അച്ചന്റെ ചരമവാർഷികം ജൂലൈ 16 നാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**സീറോമലബാർ സഭാദിനം – ജൂലൈ 3**

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. നമ്മുടെ പിതാവിന്റെ ഓർമ്മ തിരുനാളും സഭാദിനവുമായ ജൂലൈ 3 ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**യുവജനദിനം – ജൂലൈ 7**

കേരളസഭ ജൂലൈ 7–ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ അച്ചനെയും ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റു ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിക്കുകയും യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## New Appointment

| | | |
|---|---|---|
| Rev. Fr. Xavier Chakkiyath | - | Vicar, Holy Family Church, Boy's Town (w.e.f. 9-06-2019) |
| Rev. Fr. Mathew Padinjarayil | - | Vicar, Dharmagiri (w.e.f. 2-06-2019) |

**New Address**

| | | |
|---|---|---|
| 1. Rev. Fr. Varghese Kollankunnel | - | Kristu Jyothi College, Bosco Nagar, K.R. Puram, Bangalore, 560 036 |
| 2. Rev. Fr. Bivaldin Thevarkunnel | - | Sacred Heart Church Angadikadavu P.O. Kannur - 670 706 |
| 3. Rev. Fr. John Vettickal | - | St. Joseph's Pontifical Seminary, P. B. No. 1, Mangalapuzha - 683 102 |

**ബഹു. വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷിധ്യാനം സെപ്റ്റംബർ 15–ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 20–ാം തീയതി വെള്ളിയാഴ്ച വരെയും സെപ്റ്റംബർ 22–ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 27–ാം തീയതി വെള്ളിയാഴ്ച വരെയുമായിരിക്കും. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. അദിലാബാദ് രൂപതാ വൈദികനായ റവ. ഫാ. ജോർജ് കാരാംവേലിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ ശ്രദ്ധിച്ച് മുടക്കം കൂടാതെ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

## ANNUAL RETREAT FOR PRIESTS

**1ST BATCH - 2019 SEPTEMBER 15 SUNDAY to 20 FRIDAY**

| SN | Rev. Frs. Housename & Name | SN | Rev. Frs. Housename & Name |
|---|---|---|---|
| 1 | Aikkarathazhath Joseph | 11 | Chirayilparambil Thomas |
| 2 | Athickal Mathew | 12 | Elemkunnel Joseph (Tony) |
| 3 | Chackalackal Joseph | 13 | Elemkunnel Sebastian |
| 4 | Chakkulathil Joseph (Tibin) | 14 | Elavanappara Sebastian |
| 5 | Chakkittukudiyil Jose | 15 | Elamkunnapuzha Joseph (Sijo) |
| 6 | Chembakkara James | 16 | Iykkarakanayil Thomas |
| 7 | Cheruthottil Paul | 17 | Kachirayil Thomas |
| 8 | Chettaniyil Thomas | 18 | Kalappura Vincent |
| 9 | Chettiyassery Joseph (Jaise) | 19 | Kalapura Jose |
| 10 | Chirackathottathil Sijesh | 20 | Kalliyatt Devasia |

21 Kallupura Johny
22 Kappiarumalayil Jose
23 Kassamkuttiyil Sebastian
24 Kattuthuruthiyil Thomas
25 Kazhuthadiyil Mathew
26 Keezheth Sebastian
27 Kizhakkanputhupally John
28 Kizhakkumpuram George
29 Kochuparackal Kurian
30 Koipuram Sebastian
31 Kokkandathil Jilson
32 Kollamkunnel Varghese
33 Korandiyarkunnel Paul
34 Korattiparambil Vincent
35 Kottackal Stephen
36 Kottaram Jose
37 Kottayil Joseph
38 Koyikattil Thomas
39 Kulathinal James
40 Kulirany Jose
41 Kunnathett James
42 Kuthukallunkal Francis
43 Kuttikattukunnel Thomas
44 Madapallikunnel Mathew
45 Madathil Abraham
46 Manakkunnel Thomas
47 Mecheril Joseph
48 Meppurath Chacko
49 Moonnanal Justin
50 Mukkattukavunkal Thomas
51 Mundolickal Paul
52 Muthanikkattu Justin
53 Muthirakalayil Joseph
54 Muthukattil Shantidas
55 Nechikatt Joseph
56 Nedumkallel Joseph
57 Nellikunel Francis
58 Nilackappillil Augustine
59 Ousepparampil Joseph
60 Padinjarayil George
61 Padinjarayil Mathew
62 Painunkal Kuriyakose
63 Palakkattu Antony
64 Palath Joseph
65 Palathadathil George
66 Pallichankudiyil Mathai
67 Parambil Kuriakose
68 Peedikappara James
69 Perumattikunnel John
70 Perumattikunnel Thomas
71 Peechattu Joseph
72 Pinakkatt Joseph
73 Plassanal Thomas
74 Poothakkuzhy Jacob
75 Poovathinkal Peter
76 Pudussery Vincent
77 Pulinthanam John
78 Pullankunnel Chacko
79 Pulpayil Joseph
80 Punchayil Lucka
81 Puthenparambil James
82 Puthenpurayil Joseph
83 Puthukulangara Thomas
84 Puthukulathil John
85 Thadathil Luke
86 Thamarasseril Vincent
87 Thattuparambil Varghese
88 Thekkepera Mathew
89 Thuruthel Kuriakose
90 Thayil Jose
91 Thykunnumpuram Thomas
92 Vadassery Thomas

93 Vadayaparambil Sony
94 Valachannath Cyriac
95 Vattukulathil Mathew
96 Vazhakatt Joseph
97 Vazhakkala Chackochan
98 Vazhappilly Paul
99 Vazhayil Kurian
100 Vazhakkalayil Jose
101 Venakkuzhy Mathai

## IInd BATCH - 2019 SEPTEMBER 22 SUNDAY to 27 FRIDAY

| SN | Rev.Frs. Housename & Name |
|---|---|
| 1 | Alumkal Joseph |
| 2 | Chakkittakudiyil James |
| 3 | Chavaranal Thomas |
| 4 | Chittarackal Varghese (Sanoj) |
| 5 | Chelackapallil Thomas |
| 6 | Chempalayil Augustine |
| 7 | Choorapuzhayil John |
| 8 | Chozhenparambil John |
| 9 | Edayakondattu Paul |
| 10 | Elavunkal Johny |
| 11 | Elayidathu Mani |
| 12 | Kakkattikalayil Sebastian |
| 13 | Kakkonal Manoj |
| 14 | Kalambukattu Joseph (Jaimon) |
| 15 | Kalappura Alex |
| 16 | Kalarickal Paul |
| 17 | Karukapally Joseph |
| 18 | Kanippallil Georgekutty |
| 19 | Kattath Thomas (Anish) |
| 20 | Kappiarumalayil John |
| 21 | Karuthedath Mathew (Rajeesh) |
| 22 | Kattamkottil Thomas (Aneesh) |
| 23 | Kattamkottil Joseph (Saji) |
| 24 | Kattarath Mathew |
| 25 | Karuthedath Mathew (Manoj) |
| 26 | Kavalakkadan Varghese |
| 27 | Kizhakkanputhupally Varghese |
| 28 | Kocharackal Jose |
| 29 | Kochuparackal Mathew |
| 30 | Kollarthottam Mathew |
| 31 | Koottala Paul |
| 32 | Kudakkachira Jojo |
| 33 | Kumbukal James |
| 34 | Kunnath Johny |
| 35 | Kunnath Kuriakose |
| 36 | Kuttimakkal James |
| 37 | Kuzhikandathil Joseph |
| 38 | Madapallikunnel Antony (Sibi) |
| 39 | Madathil Sebastian |
| 40 | Malayil Mathew |
| 41 | Mampallil Anto |
| 42 | Mampallil George |
| 43 | Manikuttiyil Kurian |
| 44 | Mankottil James |
| 45 | Manjakunnel Mathew |
| 46 | Mannoor Thomas |
| 47 | Maplassery Lukose |
| 48 | Mavara Stanislaus |
| 49 | Moloparambil Jose |
| 50 | Moolayil Thomas (Jimmy) |
| 51 | Moothedath Mathew |
| 52 | Moothedath Thomas |
| 53 | Mulakodiyankal Varghese |
| 54 | Mulavelikunnel Jacob (Shaju) |
| 55 | Mundackal Jose |
| 56 | Mundackamattam Jose |

| | | | |
|---|---|---|---|
| 57 | Munjanattu Mathew | 81 | Pullamkunel Joy |
| 58 | Muthirakalayil George | 82 | Punakkatt Chandy |
| 59 | Muthukathaniyil Varghese | 83 | Punnakkapadavil Sebastian |
| 60 | Myladoor George | 84 | Puthanapra Kurian |
| 61 | Nanthikatt Joseph | 85 | Puthen Sebastian |
| 62 | Nellickal Abraham | 86 | Puthenpura John |
| 63 | Olickal Thomas (Jimmy) | 87 | Puthenpura Augustine |
| 64 | Onnampally Jerry | 88 | Thanniyil Augustine |
| 65 | Ottaplackal Thomas | 89 | Thekkanady Jose |
| 66 | Oravaranthara Vincent | 90 | Thekkilakkatil Mathew |
| 67 | Paikkatt Mathew | 91 | Therakam Thomas Joseph |
| 68 | Painumkal George (Lal) | 92 | Thenpally Nishwin |
| 69 | Pakkanikuzhy Sebastian | 93 | Thondiparambil Sebastian |
| 70 | Palakatt Augustine | 94 | Thuruthel Joseph |
| 71 | Parackal Varghese | 95 | Thuruthel Thomas |
| 72 | Parayil Sebastian | 96 | Unnippally Sebastian |
| 73 | Parunthanolil Thomas | 97 | Urumbil Joseph |
| 74 | Paruvummel Joseph | 98 | Vadakkemulanjanal Michael |
| 75 | Periappuram Mathew | 99 | Vadayaparambil Jose |
| 76 | Perumattikunnel Mathew | 100 | Valakodiyil Dominic |
| 77 | Ponparackal John | 101 | Valloppilly Joseph |
| 78 | Ponthottiyil Thomas | 102 | Vathelil Abraham |
| 79 | Pudussery Martin | 103 | Vattukunnel Issac |
| 80 | Pulinthanam Jose | 104 | Vazhachalil Thomas |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Paul Vazhappilly, the Director of Pastoral Centre. His Mobile No. 9483045305

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

## മാനന്തവാടി ഫൊറോന

മാനന്തവാടി ഫൊറോനയിലെ ജൂൺ മാസത്തെ വൈദീകരുടെ മാസധ്യാനം 11-ാം തീയതി ചൊവ്വാഴ്ച തവിഞ്ഞാൽ ഇടവകയിൽ വെച്ച് നടന്നു. ബഹു. ആന്റോ മമ്പള്ളിൽ അച്ചൻ എല്ലാവരേയും സ്വാഗതം ചെയ്ത് സംസാരിച്ചു. തുടർന്ന് ബഹു. ജയിംസ് കുളത്തിനാൽ അച്ചൻ ധ്യാനസന്ദേശം നൽകി. അന്ധകാരം നിറഞ്ഞ ലോകത്തിൽ വൈദികർ പ്രകാശത്തിന്റെ തീനാളമാകണമെന്നും വീഴ്ചകളുണ്ടാകാതിരിക്കാൻ കരുതലോടെയായിരിക്കണമെന്നും ഈശോയോട് ചേർന്ന് നിന്നുകൊണ്ട് ശുശ്രൂഷ ചെയ്യണമെന്നും അച്ചൻ ഓർമ്മിപ്പിച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും കുമ്പസാരവും നടത്തി. അതിനുശേഷം മാനന്തവാടി ഫൊറോനയിലേയ്ക്ക് സ്ഥലം മാറി വന്ന ബഹു. അച്ചൻമാരെ കത്തീഡ്രൽ വികാരി ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ സ്വാഗതം ചെയ്തു സംസാരിച്ചു. മേഖലാ മതബോധന ഡയറക്ടറായി ബഹു. ജോജോ കുടക്കച്ചിറ അച്ചനേയും, മിഷൻലീഗ് ഡയറക്ടറായി ബഹു. അനീഷ് കാട്ടാംകോട്ടിൽ അച്ചനേയും, AKCC ഡയറക്ടറായി ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേൽ അച്ചനേയും തെരഞ്ഞെടുത്തു. KCYM നെക്കുറിച്ച് ബഹു. ജോണി മലയിലച്ചൻ സംസാരിച്ചു. ജൂൺ 30, ഞായറാഴ്ച അർദ്ധ വാർഷിക സെനറ്റും ജൂലൈ 7 യുവജനദിനവും ആണെന്ന് ഓർമ്മിപ്പിച്ചു. മാതൃവേദി പ്രവർത്തനങ്ങളെക്കുറിച്ച് ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചൻ സംസാരിച്ചു. അടുത്ത മാസധ്യാനം ജൂലൈ 9-ാം തീയതി ചൊവ്വാഴ്ച യവനാർകുളം ഇടവകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. ബഹു. മാത്യു പെരുമാട്ടിക്കുന്നേലച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു.

**ഫാ. ജോർജ്ജ്കുട്ടി കണിപ്പിള്ളിൽ**
സെക്രട്ടറി

## നീലഗിരി റീജിയൺ

2019 ജൂൺ 3, 4 തീയതികളിൽ ഊട്ടി സെന്റ് ജോസഫ്സ് ഇടവകയിൽ വച്ച് നടന്ന മാസധ്യാനത്തിൽ ഇടവക വികാരി റവ. ഫാ. സജി ഇളയിടത്ത് സ്വാഗതം ആശംസിച്ചു. റവ. ഫാ. മാർട്ടിൻ പുതുശ്ശേരി ആരാധനയ്ക്ക് നേതൃത്വം നൽകി. മേഖലാ ഡയറക്ടർ റവ. ഫാ.തോമസ്

മണക്കുന്നേൽ പുതുതായി ഇടവകകളിൽ എത്തിചേർന്ന വികാരിയച്ചന്മാരായ റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ, റവ. ഫാ. ജോണി കപ്യാരുമലയിൽ എന്നിവർക്ക് സ്വാഗതം ആശംസിച്ചു. പുതിയ റീജണൽ സെക്രട്ടറിയായി റവ. ഫാ. ജയൻ മണ്ണുകുളം TOR ഉം, KCYM മേഖലാ ഡയറക്ടർ ആയി റവ. ഫാ. റോബിൻ പടിഞ്ഞാറയിലും തിരഞ്ഞെടുക്കപ്പെട്ടു. CML ന്റെ കഴിഞ്ഞ പ്രവർത്തനവർഷത്തിൽ മികച്ച ശാഖയായി കയ്യൂന്നി ഇടവകയെ തിരഞ്ഞെടുക്കപ്പെട്ടു. രൂപതാ KCYM ന്റെ ആഭിമുഖ്യത്തിൽ കയ്യൂന്നിയിൽ വച്ച് ജൂൺ 8 ന് പെന്തക്കുസ്താദിനത്തോടനുബന്ധിച്ച് ജാഗരണ പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണെന്ന് അറിയിച്ചു. മേഖലാ മതാധ്യാപക സെമിനാർ ജൂൺ 16 ന് കയ്യൂന്നിയിൽ വച്ച് നടത്തപ്പെടുന്നതാണെന്ന് അറിയിച്ചു. റവ. ഫാ. ജോഷി പെരിയപ്പുറത്തിനെ പ്രസ്ബിറ്ററൽ കൗൺസിൽ മെമ്പറായി തിരഞ്ഞെടുത്തു.

സ്നേഹാശംസകളോടെ,

**ഫാ. ജയൻ മണ്ണുകുളം TOR**
റീജണൽ സെക്രട്ടറി

# സെമിനാരി വാർത്തകൾ

**മൈനർ ഓർഡേഴ്സ്**

2019 ഏപ്രിൽ 15 ന് തിങ്കളാഴ്ച രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികൾക്ക് അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം പൗരോഹിത്യ സ്വീകരണത്തിനൊരുക്കമായ വിവിധ പട്ടങ്ങൾ നൽകി.

ജോസഫ് കുന്നത്ത്, ഫ്രാൻസിസ് പേഴക്കാട്ടിൽ, ജോർജ്ജ് തലച്ചിറ, ജെയിംസ് ആലക്കതടത്തിൽ, അബ്രാഹം തെക്കേതിൽ, അബ്രാഹം കളപ്പുരയ്ക്കൽ, സെബാസ്റ്റ്യൻ മുളകുടിയാങ്കൽ, ജോസഫ് എടച്ചിലാത്ത് എന്നിവർ മ്ശംശാന പട്ടവും, വർഗ്ഗീസ് അരുമായിൽ, ജോൺ ഉപ്പുവീട്ടിൽ, സെബാസ്റ്റ്യൻ പാറയിൽ, ജോസഫ് പൊയ്കയിൽ എന്നിവർ ഹെവുപ്പദ്യാക്ക്ന പട്ടവും, കാരാമയിൽ ഐസക്, കുമ്പള ക്കുഴി മാത്യു, നാക്കുഴിക്കാട്ട് മാത്യു, പുലിക്കുന്നേൽ ദേവസ്യ, തൊണ്ടി പ്പറമ്പിൽ പീറ്റർ എന്നിവർ കാറോയ പട്ടവും സ്വീകരിച്ചു.

## Major Seminarians' Gathering

2019 മെയ് 19 ന് വൈകുന്നേരം 4 മണി മുതൽ 21 ന് രാവിലെ 10.30 വരെ വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ സമ്മേളനം മൈനർ സെമിനാരിയിൽ വച്ച് നടന്നു. 20 ന് തിങ്കളാഴ്ച അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം വി. ബലിയർപ്പിച്ചു. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം ക്ലാസുകൾ നയിച്ചു. വൈകിട്ട് 6.30 മുതൽ 8 വരെ നവവൈദികർ അവരുടെ അജപാലന അനുഭവങ്ങൾ പങ്കുവച്ചു. 21 ന് രാവിലെ 6.45 ന് നവവൈദികർ വി. ബലിയർപ്പിച്ചു. 21 ന് രാവിലെ 9 മണിക്ക് വികാരി ജനറാൾ പെരിയ ബഹു. ഫാ. അബ്രാഹം നെല്ലിക്കൽ ക്ലാസ്സെടുത്തു. രാവിലെ 10.30 ന് ക്യാമ്പ് അവസാനിച്ചു. സെമിനാരിയിൽ നിന്നും, ബിഷപ്സ് ഹൗസിൽ നിന്നും ഉള്ള വൈദികർ, ലീഡർ ജിതിൻ എടച്ചിലാത്ത് എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി. 2019-2020 വർഷത്തെ ലീഡറായി ബ്രദർ അഖിൽ ഉപ്പുവീട്ടിലിനെ തിരഞ്ഞെടുത്തു.

**വൈദികവസ്ത്ര സ്വീകരണം**

മെയ് 14 ന് രാവിലെ 6.45 ന് മൈനർ സെമിനാരിയിൽ വച്ച് ബിരുദാനന്തബിരുദപഠനം പൂർത്തിയാക്കിയ കോച്ചേരിൽ മാത്യു (അനൂപ്), ഞള്ളമ്പുഴ തോമസ്, പല്ലാട്ടുകുന്നേൽ അഗസ്റ്റിൻ (ജിജോ), പയ്ക്കൽ മാത്യു (അമൽ), പുരയ്ക്കൽ ജോർജ്ജ് (അനീഷ് ), നെച്ചി യാട്ട് ജോസഫ് (ജിതിൻ) എന്നീ ബ്രദേഴ്സിന് അഭിവന്ദ്യപിതാവ് വൈദികവസ്ത്രം ആശീർവദിച്ചു നൽകി. വൈദികവസ്ത്രം സ്വീകരിച്ച ഇവർക്ക് അഭിനന്ദനങ്ങൾ.

**അഭിനന്ദനങ്ങൾ, ആശംസകൾ**

വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം ആരംഭിച്ചിരിക്കുന്നവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**തത്വശാസ്ത്രം**

കണിപറമ്പിൽ ജോർജ്ജ് (ഡെൽവിൻ), തൂമുള്ളിൽ ജോർജ്ജ് (ഗോഡ്വിൻ) - കോട്ടയം

വട്ടക്കാട്ട് ജോർജ്ജ് (നിർമ്മൽ) - ആലുവ

തയ്യിൽ വർഗ്ഗീസ് (എബിൻ), അയ്യാനിക്കാട്ട് ജോസഫ് (എബിൻ) - തൃശൂർ

മാങ്കൂട്ടത്തിൽ കുര്യൻ (ആദർശ്) - കുന്നോത്ത്

പുതുശ്ശേരി തോമസ് (മോറീസ്) - കൽക്കട്ട

മൂഞ്ഞനാട്ട് ജോസഫ് (ആൻസൺ) -ഏലൂർ

**ദൈവശാസ്ത്രം**

കോച്ചേരിൽ മാത്യു (അനൂപ് ), പുരയ്ക്കൽ ജോർജ്ജ് (അനീഷ് ) - കോട്ടയം

ഞള്ളമ്പുഴ തോമസ്, പയ്ക്കൽ മാത്യു (അമൽ) - ആലുവ

നെച്ചിയാട്ട് ജോസഫ് (ജിതിൻ) - തൃശൂർ

പല്ലാട്ടുകുന്നേൽ അഗസ്റ്റിൻ (ജിജോ) - കുന്നോത്ത്

**മൗണ്ട് മേരിയിലെ നവാഗതർക്ക് സ്വാഗതം**

| നമ്പർ പേരും, വീട്ടുപേരും | ഇടവക | രൂപത |
|---|---|---|
| 1. ആമക്കാട്ട് ദേവസ്യ (റിദിൻ) | യവനാർകുളം | മാനന്തവാടി |
| 2. ചിറ്റൂപ്പറമ്പിൽ ജോൺ (സിന്റോ) | ദീപ്തിഗിരി | മാനന്തവാടി |
| 3. ഇലഞ്ഞിക്കൽ ജോൺ (ജോൺസൺ) | നെടുംപ്രക്കാട് | മിസ്സിസ്സാഗ |

| | | |
|---|---|---|
| 4. കല്ലൂരാത്ത് വർക്കി (ആൽബിൻ) | ശാന്തിഗിരി | മാനന്തവാടി |
| 5. കാരിപ്ര പത്രോസ് (അമൽ ) | ദീപ്തിഗിരി | മാനന്തവാടി |
| 6. കുന്നുപറമ്പിൽ ജോർജ്ജ് (അഖിൽ) | പേരാവൂർ | മാനന്തവാടി |
| 7. മഠത്തിത്താഴെ അഗസ്റ്റിൻ (ജിൽസൺ) | ഒറ്റപ്ലാവ് | മാനന്തവാടി |
| 8. മാംങ്കരി തോമസ് ( നിഖിൽ) | പാലേമാട് | മാനന്തവാടി |
| 9. നെടുംതുണ്ടത്തിൽ മാത്യു (നിഖിൽ ) | മൺവയൽ | മാനന്തവാടി |
| 10.ഓണിശ്ശേരിൽ ജോസഫ് (അലൻ) | തൃശ്ശിലേരി | മാനന്തവാടി |
| 11.പടിഞ്ഞാറയിൽ മാത്യു (അലൻ) | കയ്യൂന്നി | മാനന്തവാടി |
| 12.പാറയ്ക്കൽ കുര്യാക്കോസ് (ഫ്ളെബിൻ ) | ചുള്ളിയോട് | മാനന്തവാടി |
| 13. പൊനമ്പനായിൽ ആഗ്നൽ (ആഗ്നൽ) | അരിഞ്ചേർമല | മാനന്തവാടി |
| 14.പുത്തനങ്ങാടിത്തറ വർഗ്ഗീസ് (റിന്റോ) | റൂബിനഗർ | മാനന്തവാടി |
| 15.വെളിയത്ത് പത്രോസ് (അതുൽ) | കണിയാരം | മാനന്തവാടി |

കുട്ടികളെ പറഞ്ഞയച്ച എല്ലാ വൈദികർക്കും, സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദി.

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ

## HM, PP സമ്മേളനം

മെയ് 25-ാം തിയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചുനടന്ന പ്രധാനാധ്യാപകരുടെയും വികാരിയച്ചൻമാരുടെയും സമ്മേളനം, സി. ജോസി ടോം നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. രൂപതാ ടീം സെക്രട്ടറി ശ്രീ. ബേബി ജോസഫ് ഏവരേയും സ്വാഗതം ചെയ്തു. സമ്മേളനത്തിന് അധ്യക്ഷപദമലങ്കരിച്ച രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ തിരുസഭയുടെ സുപ്രധാന ശുശ്രൂഷ വിശ്വാസപരിശീലനമാണെന്ന് ഉദ്ബോധിപ്പിച്ചു. പുതിയ വർഷത്തെ പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ട് വിശ്വാസപരിശീലന ഡയറക്ടർ ഫാ. തോമസ് കാട്ടുതുരുത്തിയിൽ സംസാരിച്ചു. സ്കോളർ ഷിപ്പ്, ഡിപ്ലോമ, പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെ അനുമോദിച്ച് ആശംസകളർപ്പിച്ചു. മോൺ. അബ്രാഹം നെല്ലിക്കൽ വിജയികൾക്കും ജൂബിലേറിയൻസിനും സമ്മാനം നൽകി ആദരിച്ചു. ജൂബിലേറിയൻസ് പ്രതിനിധിയായി കബനിഗിരി സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. മാത്യു ഞൊണ്ടൻമ്മാക്കലും അവാർഡ് ജേതാക്കളുടെ പ്രതിനിധിയായി 2018-19 വർഷത്തെ പന്ത്രണ്ടാം ക്ലാസ് സംസ്ഥാന പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ട ജോനാഥ് തടങ്ങഴിയും മറുപടി പറഞ്ഞു. തുടർന്നുള്ള ചർച്ചകൾക്കു ശേഷം രൂപതാടീമംഗം ശ്രീ. ഔസേപ്പ് ഇണ്ടിക്കുഴ ഏവർക്കും നന്ദിയർപ്പിച്ചു. ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിച്ചു. സമ്മേളനത്തിൽ പങ്കെടുത്ത പ്രധാനാധ്യാപകർക്കും സമ്മേളനം ക്രമീകരിച്ചൊരുക്കിയ രൂപതാ ടീം അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

## എക്സലൻസിയ 2019

2018-19 അധ്യായന വർഷത്തെ SSLC, +2 പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മാനന്തവാടി രൂപതയിലെ മുഴുവൻ വിദ്യാർത്ഥികളേയും അനുമോദിച്ചു. സമ്മേളനം മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. രൂപതാ വിശ്വാസപരിശീലന വിഭാഗം സംഘടിപ്പിച്ച ഈ പരിപാടിയിൽ മതബോധന രൂപതാ ടീം അംഗം ശ്രീ. ബേബി ചക്കാലക്കൽ സ്വാഗതം പറഞ്ഞു. രൂപതാ മതബോധന ഡയറക്ടർ ഫാ.തോമസ്

കാട്ടുതുരുത്തിയിൽ, സി. എം. എൽ. ഡയറക്ടർ ഫാ. ഷിജു ഐക്കര കാനായിൽ, മതബോധന രൂപതാ ടീം അംഗം ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ആശംസകളർപ്പിച്ചു. കരിയർ ഗൈഡൻസ് വിദഗ്ധരായ ശ്രീ.ബിജു ഫ്രാൻസീസ്, ജസ്ററിൻ തോമസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ നന്ദി അർപ്പിച്ചു സംസാരിച്ചു.

**HDC, DCC Registration**

HDC, DCC കോഴ്സുകൾ ചെയ്യാൻ ആഗ്രഹിക്കുന്ന അധ്യാപകരും വിദ്യാർത്ഥികളും ജൂലൈ 31 ന് മുമ്പ് രജിസ്ട്രേഷൻ പൂർത്തിയാക്കണ മെന്ന് ഓർമ്മിപ്പിക്കുന്നു.

## HCC Registration

HCC (Plus One, Plus Two) രജിസ്ട്രേഷൻ ജൂലൈ 31 ന് മുമ്പ് പൂർത്തിയാക്കുക. 50 രൂപ ഫൈനോടുകൂടെ ഓഗസ്റ്റ് 10 വരെ രജിസ്ട്രേഷൻ നടത്താം. ഓഗസ്റ്റ് 10 ന് ശേഷമുള്ള രജിസ്ട്രേഷൻ യൂണിവേഴ്സിറ്റി സ്വീകരിക്കുന്നതല്ല. രജിസ്ട്രേഷൻ നടത്തിയ കുട്ടികളുടെ ലിസ്റ്റും അപേക്ഷാഫോമുകളും രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കണം. രജിസ്ട്രേഷൻ നടത്തേണ്ടത് രൂപതാ മതബോധനത്തിന്റെ www.catechismmdy.in എന്ന പുതിയ website ലാണ്. ഓഫീസിന്റെ പുതിയ E-mail ID: mdycatechism @gmail.com.

**HCC Online Registration- ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. www.catechismmdy.in തുറക്കുക
2. catechism mananthavady - open ചെയ്യുക
3. student managent by forane/Parish
4. Login with username and Password Username- Parish ന്റെ പേര് small letter ൽ, Password- 1234
5. അപ്പോൾ 2018-2019 Diploma പാസായ കുട്ടികളുടെ ലിസ്റ്റ് HCC 1 ൽ ഉണ്ട്. ഈ ലിസ്റ്റിൽ എന്തെങ്കിലും മാറ്റം വരുത്താനുണ്ടെങ്കിൽ ഇടതു വശത്തുള്ള കോളം select ചെയ്ത ശേഷം edit click ചെയ്ത് മാറ്റങ്ങൾ വരുത്തി photo upload ചെയ്ത് save student കൊടുക്കുക.
6. മുകളിലുള്ള student list തുറന്ന് ഇടതുവശത്തുള്ള form click ചെയ്ത് print കൊടുക്കുക.

**ആമുഖ സെമിനാർ, ക്ലാസ് ട്രെയിനിംഗ്**

മതബോധനരംഗത്തേക്ക് പുതുതായി കടന്നുവന്ന എല്ലാ അധ്യാപകർക്കും സ്വാഗതം. നവാഗതരായ അധ്യാപകർക്കായി ജൂൺ

7-9 വരെയും 14-16 വരെയും നടത്തിയ ആമുഖ സെമിനാറുകളിൽ വിവിധ ഇടവകകളിൽ നിന്നായി 129 പേർ പങ്കെടുത്തു. ജൂൺ 9-ാം തീയതിയും ജൂൺ 16-ാം തിയതിയും 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ അധ്യാപകർക്കായി പുസ്തകം പരിചയപ്പെടുത്തി ക്ലാസ്സ് ട്രെയിനിംഗ് നടത്തി. ക്ലാസ്സ് ട്രെയിനിംഗിൽ 183 പേർ പങ്കെടുത്തു. ആമുഖ സെമിനാറിനും ക്ലാസ്സ് ട്രെയിനിംങ്ങിനും അധ്യാപകരെ പറഞ്ഞയച്ച ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റേഴ്സിനും പരിശീലന ക്ലാസ്സുകൾ നയിച്ച ശ്രീ. ബേബി ജോസഫ്, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ  ശ്രീ. ബെന്നി വട്ടക്കാമുകുളേൽ ശ്രീ. സജി നരിവേലിൽ, ശ്രീ. ജോൺസൺ വടക്കേകര സി. ആൻസി സി.എം.സി. എന്നിവർക്കും ബഹുമാനപ്പെട്ട ബെന്നി മുതിരക്കാലായിലച്ചനും, ക്ലാസ്സ് ട്രെയിനിംഗ് നടത്തിയ രൂപതാ ടീമംഗങ്ങൾക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

**മേഖലാ ഡയറക്ടേഴ്സിന് നന്ദിയും സ്വാഗതവും**

കഴിഞ്ഞ വർഷങ്ങളിൽ വിശ്വാസപരിശീലന വിഭാഗത്തിന്റെ മേഖലാ ഡയറക്ടേഴ്സായി സേവനം ചെയ്ത റവ. ഫാ. സോമി വടയാപറമ്പിൽ (മാനന്തവാടി), റവ. ഫാ. പോൾ ഇടയക്കൊണ്ടാട്ട് (പയ്യമ്പള്ളി) എന്നീ വൈദീകർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ മേഖലാ ഡയറക്ടേഴ്സായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ. ഫാ. ജോജോ കുടക്കച്ചിറ (മാനന്തവാടി), റവ. ഫാ. ഷാജു മുളവേലിക്കുന്നേൽ (പയ്യമ്പള്ളി) എന്നീ വൈദീകർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**അഭിനന്ദനങ്ങൾ**

2018-19 വർഷത്തെ ഏഴാം ക്ലാസ് സംസ്ഥാന പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ട ശിശുമല ഇടവകാംഗം ദിയ ഓലിക്കലിന് മാനന്തവാടി രൂപതാ മതബോധന കേന്ദ്രത്തിന്റെ അനുമോദനങ്ങൾ.

## Private Registration

പത്താം ക്ലാസ്സ് പഠനത്തിനുശേഷം എൻട്രൻസ് കോച്ചിംഗിനും, മറ്റ് ഉന്നത വിദ്യാഭ്യാസത്തിനുമായി രൂപതയ്ക്ക് പുറത്ത് പോകേണ്ടി വരുന്നവരുമായ വിദ്യാർത്ഥികൾക്ക് ഞായറാഴ്ചകളിലെ സാധാരണ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധ്യമല്ലാത്തതിനാൽ, അവർക്കായി മാനന്തവാടി രൂപതാ മതബോധന കേന്ദ്രം തയ്യാറാക്കിയിരിക്കുന്ന വിശ്വാസപരിശീലന പരിപാടിയാണ് Distance Faith Formation Programme. ഈ പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ജൂലൈ 15-ന് മുമ്പ്, രൂപതാ മതബോധനകേന്ദ്രത്തിൽ വിദ്യാർത്ഥികൾ നേരിട്ട് നൽകേണ്ടതാണ്. 1500 രൂപയാണ് ഫീസ്.
2. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകുന്നതോടൊപ്പം Distance Faith Formation Programme - ൽ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നതായി കാണിക്കുന്ന ഇടവക വികാരിയച്ചന്റെ കത്തും ഓഫീസിൽ നൽകണം. വികാരിയച്ചന്റെ അനുവാദമില്ലാതെ രജിസ്ട്രേഷൻ സാധ്യമല്ല.
3. ഇടവകയിൽനിന്ന് രൂപതയ്ക്കകത്ത് വിവിധ പരിശീലന കേന്ദ്രങ്ങളിൽ പോകുന്ന കുട്ടികൾ മാതൃ ഇടവകയിൽ ഞായറാഴ്ച രാവിലെ ആദ്യത്തെ കുർബ്ബാനയിൽ സംബന്ധിക്കുക.
4. ഞായറാഴ്ച രാവിലെ കുർബ്ബാന മാതൃ ഇടവകയിൽ പ്രായോഗികമല്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലന കേന്ദ്രത്തിനടുത്ത് വി. കുർബ്ബാനയ്ക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.
5. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ സെമിനാർ തയ്യാറാക്കി 2020 ജനുവരി 31 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഈ സെമിനാർ internal മാർക്കായി പരിഗണിക്കുന്നതാണ്.
6. വിദ്യാർത്ഥികൾക്ക് നാലു ദിവസത്തെ ക്യാമ്പ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കും. സെമിനാർ, ഓഫീസിൽ എത്തിക്കുന്ന സമയത്ത് ക്യാമ്പിന്റെ തീയതി അറിയിക്കുന്നതായിരിക്കും.
7. യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിന് ക്യാമ്പിലെ 100% ഹാജർ അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്നതാണ്. ക്യാമ്പിന്റെ അവസാനദിവസമായിരിക്കും യൂണിവേഴ്സിറ്റി പരീക്ഷ.
8. ക്യാമ്പിൽ പങ്കെടുക്കാൻ എത്തുമ്പോൾ പുസ്തകം, ഉപപാഠ പുസ്തകം, നമസ്കാര പുസ്തകം, പൊതുവിജ്ഞാനം (a), നോട്ട് ബുക്ക്, ബഡ്ഷീറ്റ്, എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പു ദിവസങ്ങളിൽ പാസ്റ്ററൽ സെന്ററിൽ തന്നെ താമസിക്കേണ്ടതാണ്. മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.
9. ഈ സംവിധാനത്തിലൂടെ പരീക്ഷ എഴുതുന്ന കുട്ടികളുടെ റിസൾട്ട് രൂപതാ റാങ്കിന് പരിഗണിക്കുന്നതല്ല. ഇവർക്ക് SAY പരീക്ഷ ഉണ്ടായിരിക്കില്ല.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

സ്നേഹിതരേ,

ചെറുപുഷ്പമിഷൻലീഗ് ദൈവവിളിയുടെ വിത്തു വിതയ്ക്കാനും വിളവെടുക്കാനും എന്ന വിഷയത്തിലൂന്നി നാം പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ദൈവവിളി പ്രോത്സാഹനത്തെക്കുറിച്ച് നാം വളരെ കാര്യഗൗരവമായി ചിന്തിക്കുകയും അതിനുവേണ്ട പ്രവർത്തനങ്ങൾ ശാഖാ കേന്ദ്രീകൃതമായി കൂടുതൽ നമ്മൾ നടത്തേണ്ടതുണ്ട്. മതബോധനവും മിഷൻലീഗിന്റെ പ്രവർത്തനവും ഒരുമിച്ചുകൊണ്ടുപോകേണ്ടതാണ്. മതബോധന ക്ലാസ്സുകളിൽ നാം പഠിക്കുന്ന കാര്യങ്ങൾ പ്രായോഗിക ജീവിതത്തിന്റെ ഭാഗമാക്കാനാണ് മിഷൻലീഗ് ശ്രദ്ധിക്കുന്നത്. അത് ജീവിതശൈലിയാക്കി മാറ്റാൻ മാനുവൽ ബുക്കും മിഷൻലീഗിന്റെ പ്രവർത്തനങ്ങളും നമ്മെ സഹായിക്കുന്നു. ഇത്തരത്തിലുള്ള ഒരു പരിശീലനം നമ്മുടെ കുട്ടികൾക്ക് നൽകാൻ നാം ഒത്തൊരുമിച്ച് പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നല്ലൊരു പ്രേഷിതതലമുറയെ രൂപീകരിക്കാൻ നമുക്ക് സാധിക്കുന്നത്. പുതിയ പ്രവർത്തനവർഷത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ കൂടുതൽ ഉത്തരവാദിത്വങ്ങളാണ് നമ്മെ കാത്തിരിക്കുന്നത്. ദൈവവിളി പ്രോത്സാഹനത്തിന് സഹായകമായ പ്രവർത്തനങ്ങൾ ക്രമീകരിക്കണം. അതുപോലെ ഈ വർഷം കലാസാഹിത്യ മത്സരങ്ങൾ നടക്കുന്നു. അതിനുവേണ്ടി എല്ലാ മിഷൻലീഗ് അംഗങ്ങളേയും നമുക്ക് ഒരുക്കേണ്ടതുണ്ട്. അങ്ങനെ കൂട്ടായ പ്രവർത്തനത്തിലൂടെ നമുക്ക് മുന്നേറാം. ദൈവം നമ്മെ ഏൽപിച്ച ഉത്തരവാദിത്വമാണിതെന്ന് നമുക്ക് മറക്കാതിരിക്കാം.

പ്രേഷിതാഭിവാദ്യങ്ങളോടെ,

**ഷിജു അച്ചൻ**

## 'ചില്ല്' രൂപത ജനറൽ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും

മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ 2019-20 വർഷത്തെ ജനറൽ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 8 ശനിയാഴ്ച്ച ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡണ്ട് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ച

യോഗത്തിൽ മണ്ഡ്യ രൂപതാ മെത്രാൻ മാർ ആന്റണി കരിയിൽ പിതാവ് തിരി തെളിയിച്ച് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ബഹു. ഷിജു ഐക്കരക്കാനായിൽ അച്ചൻ സ്വാഗതവും രൂപതാ സെക്രട്ടറി ടോം ജോസ് പൂവക്കുന്നേൽ നന്ദിയും അറിയിച്ചു. ജനറൽ ഓർഗനൈസർ ശ്രീ. തങ്കച്ചൻ മാപ്പിളക്കുന്നേൽ മാർഗ്ഗരേഖ അവതരണം നടത്തി. ശിശുമല ശാഖ അംഗങ്ങൾ രൂപതാ മിഷൻലീഗിന്റെ തീം സോങ്ങ് ആലപിച്ചു. രൂപതാ എക്സിക്യൂട്ടീവ് സീനിയർ, ജൂനിയർ ടീം അംഗങ്ങൾ നേതൃത്വം നൽകി.

**'വെട്ടം'– മാർഗ്ഗരേഖാ പ്രകാശനം.**

മാനന്തവാടി രൂപതയുടെ 2019–20 വർഷത്തേയ്ക്കുള്ള പ്രവർത്തനങ്ങൾ കോർത്തിണക്കി തയ്യാറാക്കിയ മാർഗ്ഗരേഖയുടെ പ്രകാശനം രൂപതാ പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. പോൾ വാഴപ്പിള്ളി കഴിഞ്ഞ പ്രവർത്തനവർഷത്തിലെ മികച്ച മേഖലയായ ബത്തേരി ജോ. ഡയറക്ടർ സി. ബ്രിജിറ്റ് എസ്.എച്ച്–ന് നൽകിക്കൊണ്ട് നിർവ്വഹിച്ചു.

**'വിളി വെളിച്ചം'– ദൈവവിളി വർഷ തിരി വിതരണം.**

ചെറുപുഷ്പമിഷൻലീഗ് ദൈവവിളി വർഷാചരണത്തിന്റെ ഭാഗമായി മുഴുവൻ ശാഖാഭാരവാഹികൾക്കും അവരുടെ ഭവനങ്ങളിൽ കത്തിക്കുവാനായി തിരി വിതരണം ചെയ്തു. സീയോൻ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ കഴിഞ്ഞ പ്രവർത്തന വർഷത്തെ മികച്ച ശാഖയായ കയ്യൂന്നി ശാഖാ പ്രസിഡണ്ട് ശ്രീ. ജോസഫ് തോട്ടുംങ്കരയ്ക്ക് തിരി നൽകികൊണ്ട് നിർവ്വഹിച്ചു.

**'അക്ഷരം' – സാഹിത്യശിൽപശാല റിസോഴ്സ് പേഴ്സൺ സംഗമവും പരിശീലനവും:–**

നമ്മുടെ എല്ലാ ശാഖകളിലും സാഹിത്യശിൽപശാല ഒരുക്കി കഥ, കവിത, ഉപന്യാസം എന്നിവ രചിക്കുന്നതിന് അംഗങ്ങളെ സജ്ജരാക്കുവാൻ രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ചും നിലമ്പൂർ, മണിമൂളി, നീലഗിരി റീജണൽ അംഗങ്ങൾക്കു വേണ്ടി നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന ദേവാലയത്തിൽ വെച്ചും ശ്രീ. ഷാജി ചന്ദനപറമ്പിൽ, ശ്രീ.ബിജു ചിറ്റേടം, ശ്രീ. അരുൺ പേഴേക്കാട്ടിൽ എന്നിവരുടെ നേതൃത്വത്തിൽ റിസോഴ്സ് ടീം ട്രെയിനിംഗ് നടത്തപ്പെട്ടു.

**ലഹരി വിരുദ്ധബോധവൽക്കരണ സെമിനാർ**

ശ്രീ. പൗലോസ് കുട്ടൻപുഴ (സബ്. ഇൻസ്പെക്ടർ മഞ്ചേരി, ട്രയിനർ ഓഫ് റോഡ് സേഫ്റ്റി, സൈബർ ക്രൈം & ആന്റി ഡ്രഗ്) രൂപതയിലെ മുഴുവൻ ശാഖാ ഭാരവാഹികൾക്കുമായി ലഹരിവിരുദ്ധ സെമിനാർ നടത്തി.

**സംസ്ഥാന യുവ പ്രതിഭാ പുരസ്കാരം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന തലത്തിൽ നടത്തിയ മിഷൻ യുവ പ്രതിഭാ പുരസ്കാരത്തിന് രൂപത എക്സിക്യൂട്ടീവ് അംഗവും, ബത്തേരി ശാഖാ അംഗവുമായ കുമാരി അഖില ആരംപുളിക്കൽ അർഹയായി . ജനറൽ കൗൺസിലിൽ മെമന്റോ നൽകി ആദരിച്ചു.

**സ്കോളർഷിപ്പ് വിതരണം**

വിശ്വാസപരിശീലനം 10, 12 ക്ലാസ്സുകളിൽ ഉയർന്ന മാർക്കു വാങ്ങിയ സ്നേഹ നിരപ്പേൽ (നടവയൽ), നവനീത് വെള്ളിയാം കണ്ടത്തിൽ (കല്ലോടി) എന്നിവരെ മണ്ഡ്യ ബിഷപ്പ് മാർ ആന്റണി കരിയിൽ സ്കോളർഷിപ്പ് നൽകി അഭിനന്ദിച്ചു.

**അഭിനന്ദനം - ഫുൾ A+**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ വിവിധ ശാഖകളെ നയിക്കുന്ന ശാഖാ ഭാരവാഹികളിൽ പത്ത്, പന്ത്രണ്ട് ക്ലാസ്സു കളിൽ മുഴുവൻ വിഷയങ്ങൾക്കും A+ കിട്ടിയവരെ രൂപതാ കൗൺസിലിൽ വച്ച് അഭിനന്ദിച്ചു. തരിയോട് മേഖലാ ഡയറക്ടർ റവ.ഫാ. ബിജു മാവറ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.

**ആദരവ്**

സൺഡേ സ്കൂൾ 12-ാം ക്ലാസ്സിൽ രൂപതാ തലത്തിൽ പ്രതിഭയായ ജോനാഥ് തടങ്ങഴി (ചുങ്കക്കുന്ന്) 7-ാം ക്ലാസ്സ് പ്രതിഭയായ ദിയ ഓലിക്കൽ (ശിശുമല) എന്നിവർക്ക് തരിയോട് മേഖല ഡയറക്ടർ റവ. ഫാ. ബിജു മാവറ ക്യാഷ് അവാർഡ് നൽകി അഭിനന്ദിച്ചു.

**'നവജ്യോതി'ഫണ്ട് വിതരണം**

പ്രളയദുരിത ബാധിതർക്കുള്ള ഭവന നിർമ്മാണ സഹായപദ്ധതി യായ 'നവജ്യോതി' ഫണ്ട് നീലഗിരി റീജണൽ ഡയറക്ടർ റവ. ഫാ. തോമസ് മണക്കുന്നേൽ പനവല്ലി ഇടവകാംഗമായ ശ്രീ. ജോയി പെരുമ്പള്ളിക്കുന്നേലിന് കൈമാറി.

**സ്നേഹദൂത്**

രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ വിവിധ ശാഖകളിൽ സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ക്രമീകരണങ്ങൾ നടത്തിയ ശാഖാ ഡയറക്ടറക്ടേഴ്സിനും, ജോ. ഡയറക്ടേഴ്സിനും ഭാരവാഹികൾ എന്നിവരോടുമുള്ള രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കട്ടെ.

**ശാഖാ, മേഖലാ സെമിനാറുകൾ**

കയ്യൂന്നി, നെടുമ്പാല, സീതാമൗണ്ട്, വാകേരി എന്നീ ശാഖ കളിലും നിലമ്പൂർ, മാനന്തവാടി , ചുങ്കക്കുന്ന് എന്നീ മേഖലകളിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ക്ലാസ്സുകൾ നയിച്ചു.

**മികച്ചശാഖകൾ**

കഴിഞ്ഞ പ്രവർത്തനവർഷത്തിലെ മികച്ച ശാഖകൾ-1. കയ്യൂന്നി, 2. പൂളപ്പാടം, 3. മീനങ്ങാടി ശാഖകൾ കരസ്ഥമാക്കി. മറ്റു മികച്ച ശാഖകളായി കല്ലുവയൽ, ശിശുമല, ബത്തേരി, കല്ലോടി, പാറത്തോട്ടം, വിമലഗിരി, കാവുംമന്ദം എന്നീ ശാഖകളെ തിരഞ്ഞെടുത്തു. നേതൃത്വം കൊടുത്ത ശാഖാ ഡയറക്ടേഴ്സ്, ജോ.ഡയറക്ടേഴ്സ്, ഭാരവാഹികൾ എന്നിവർക്ക് നന്ദിയും അഭിനന്ദനങ്ങളും.

**മികച്ച മേഖലകൾ**

കഴിഞ്ഞ പ്രവർത്തനവർഷത്തിലെ മികച്ച മേഖലകളായി 1. ബത്തേരി, 2. കൽപ്പറ്റ, 3. നിലമ്പൂർ & തരിയോട് മേഖലകൾ തെരെഞ്ഞെടുക്കപ്പെട്ടു. നേതൃത്വം കൊടുത്ത മേഖലാ ഡയറക്ടർ, ജോ.ഡയറക്ടർ, ഭാരവാഹികൾ എന്നിവർക്ക് നന്ദിയും അഭിനന്ദന ങ്ങളും.

**സംസ്ഥാന പ്രവർത്തനവർഷ ഉദ്ഘാടനം.**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 9-ന് നിലമ്പൂർ ലിറ്റിൽഫ്ളവർ ഫൊറോനാ ഓഡിറ്റോ റിയത്തിൽ വെച്ച് നടത്തപ്പെട്ടു. മണിമൂളി, നിലമ്പൂർ, റീജണൽ സിഞ്ചെല്ലൂസ് റവ. ഫാ. ജോസഫ് മേച്ചേരിൽ തിരി കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിനു മാങ്കൂട്ടം അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന വൈസ് ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ സ്വാഗതം ആശംസിച്ചു. ശ്രീ. ബിനോയി പള്ളിപ്പറമ്പിൽ (ദേശീയ പ്രസിഡണ്ട്), ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ (മാനന്തവാടി രൂപതാ പ്രസിഡണ്ട്), റവ. ഫാ. തോമസ് കച്ചിറയിൽ (നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന വികാരി), ശ്രീ. വിൻസെന്റ് തലച്ചിറ (നിലമ്പൂർ - മണി മൂളി റീജണൽ ഓർഗനൈസർ), ശ്രീ. വർഗ്ഗീസ് മാസ്റ്റർ (ഹെഡ്മാസ്റ്റർ ലിറ്റിൽ ഫ്ളെവർ ഫൊറോന), മാസ്റ്റർ ജോയേൽ വാഹയിൽ (നില മ്പൂർ ശാഖാ പ്രസിഡണ്ട്) എന്നിവർ ആശംസകളർപ്പിച്ചു. സംസ്ഥാന സെക്രട്ടറി ശ്രീ. ഷിനോ മോളോത്ത്, സംസ്ഥാന ജനറൽ ഓർഗനൈ സർ ശ്രീ. ഫ്രാൻസീസ് കൊല്ലറേട്ട് , മറ്റു സംസ്ഥാന ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മലബാർ റീജണൽ ഓർഗനൈസർ ശ്രീ. ബേബി പ്ലാശ്ശേരി സംഗമത്തിന് നന്ദി പറഞ്ഞു. മാനന്തവാടി രൂപതാ എക്സിക്യൂട്ടീവ്, സീനിയർ, ജൂനിയർ ടീം അംഗങ്ങൾ നേതൃത്വം നൽകി.

**മണിമൂളി-നിലമ്പൂർ- നീലഗിരി റീജണൽ സംഗമം**

മണിമൂളി-നിലമ്പൂർ- നീലഗിരി റീജണൽ സംഗമം ജൂൺ 9-ന് നിലമ്പൂർ ലിറ്റിൽഫ്ളവർ ഫൊറോനാ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. മണിമൂളി, നിലമ്പൂർ, റീജണൽ സിഞ്ചെല്ലൂസ് റവ. ഫാ. ജോസഫ് മേച്ചേരിൽ തിരി കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപതാ ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ സ്വാഗതവും രൂപതാ സെക്രട്ടറി ശ്രീ. ടോം ജോസ് പൂവക്കുന്നേൽ നന്ദിയും അറിയിച്ചു. കൗൺസിലിൽ വച്ച് മികച്ച ശാഖാ-മേഖലകൾക്കുള്ള ട്രോഫികളും, സൺഡേസ്കൂൾ 10, 12 ക്ലാസ്സുകളിൽ ഫസ്റ്റ് റാങ്ക്, എസ്.എസ്. എൽ. സി, +2 ഫുൾ A+ എന്നിവ ലഭിച്ചവർക്കുള്ള സമ്മാനങ്ങളും ലിറ്റിൽ ഫ്ളെവർ ഫൊറോനാ വികാരി റവ. ഫാ. തോമസ് കച്ചിറയിൽ വിതരണം ചെയ്തു. ദൈവവിളി വർഷ തിരി വിതരണം നിലമ്പൂർ മേഖലാ ഡയറക്ടർ റവ. ഫാ. നിഷ്വിൻ തേൻപള്ളി നിലമ്പൂർ മേഖലാ ജോ. ഡയറക്ടർ സി. ലിനി വർഗ്ഗീസ് സി. എം.സി.ക്ക് നൽകി കൊണ്ട് നിർവഹിച്ചു. 2019-20 പ്രവർത്തനവർഷ മാർഗ്ഗരേഖ മണിമൂളി മേഖലാ ഡയറക്ടർ റവ. ഫാ. ബിജു തൊണ്ടിപറമ്പിൽ നിലമ്പൂർ മേഖലാ പ്രസിഡണ്ട് ശ്രീ. റോബിൻ തുണ്ടയിൽ -ന് നൽകികൊണ്ട് പ്രകാശനം ചെയ്തു. രൂപതാ ജനറൽ ഓർഗനൈസർ ശ്രീ. തങ്കച്ചൻ മാപ്പിളക്കുന്നേൽ മാർഗ്ഗരേഖ അവതരണം നടത്തി. രൂപതാ എക്സിക്യൂട്ടീവ്, സീനിയർ, ജൂനിയർ ടീം അംഗങ്ങൾ നേതൃത്വം നൽകി

**ശാഖാ ജോയിന്റ് ഡയറക്ടേഴ്സ് സംഗമം**

മണിമൂളി, നിലമ്പൂർ, നീലഗിരി റീജണൽ ശാഖാ, മേഖലാ ജോയിന്റ് ഡയറക്ടേഴ്സ് എന്നിവരുടെ സംഗമം ജൂൺ 9-ന് നിലമ്പൂർ ലിറ്റിൽഫ്ളവർ ഫൊറോനാ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. രൂപതാ എക്സിക്യൂട്ടീവ്, സീനിയർ, ജൂനിയർ ടീം അംഗങ്ങൾ നേതൃത്വം നൽകി.

**മേഖലാ ഡയറക്ടേഴ്സ്- സംഗമം**

രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് മേഖലാ ഡയറക്ടേഴ്സ് സംഗമം നടത്തി. രൂപത പ്രസിഡണ്ട് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപതാ ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ സ്വാഗതം ആശംസിച്ചു.

**LIFE NEW YEAR –**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രവർത്തന വർഷാരംഭം ജൂൺ മാസം 1-ാം തിയ്യതി 'രക്തദാനം മഹാദാനം' എന്ന

ആശയത്തെ മുൻ നിർത്തി രക്തം ദാനം ചെയ്തുകൊണ്ട് ആരംഭിച്ചു. നേതൃത്വം നൽകിയവർക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

**ശാഖാ ജോയിന്റ് ഡയറക്ടേഴ്സ് സംഗമം ജൂൺ 22 ശനി, ദ്വാരക പാസ്റ്ററൽ സെന്റർ –**

മാനന്തവാടി രൂപതയിലെ മുഴുവൻ ശാഖയിലെയും ശാഖാ ജോയിന്റ് ഡയറക്ടേസിന്റെ മീറ്റിംഗ് ജൂൺ (ശനിയാഴ്ച) 22–ാം തീയതി രാവിലെ 9.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

മാനുവൽ ബുക്ക്, പ്രാർത്ഥനാ പുസ്തകം, ബാഡ്ജ്, മിഷൻക്വിസ് പുസ്തകം എന്നിവ ആവശ്യമുള്ളവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

അംഗത്വ ലിസ്റ്റ് സമർപ്പിക്കാനും തിരുത്തലുകൾ വരുത്താനും ജൂലൈ 8 വരെ മാത്രമേ അവസരം ഉണ്ടായിരിക്കൂ.

**ശാഖാ, മേഖലാ മാർഗ്ഗരേഖ**

ശാഖാ, മേഖലാ മാർഗ്ഗരേഖ തയ്യാറാക്കുവാനും ഒരു കോപ്പി രൂപതാ ഓഫീസിൽ എത്തിക്കുവാനും ശ്രദ്ധിക്കുമല്ലോ.

**മേഖലാ/രൂപതാ സാഹിത്യമത്സരം**

മേഖലാ/രൂപതാ സാഹിത്യമത്സരം ജൂലൈ 21 ഞായറാഴ്ച്ച വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. മത്സരാർത്ഥികൾ 1.15–ന് മത്സര കേന്ദ്രങ്ങളിൽ എത്തിച്ചേരണം. മേഖലാ നേതൃത്വം ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു തരാൻ ശ്രദ്ധിക്കുമല്ലോ.

ശാഖാ മേഖലാ പ്രവർത്തനങ്ങൾ സജീവമാക്കി തീർക്കുന്ന ശാഖാ മേഖലാ ഭാരവാഹികൾ ബഹു. വൈദീകർ, സിസ്റ്റേഴ്സ്, രൂപതയിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങൾ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഇനിയും എല്ലാവരുടേയും സഹായവും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ രൂപതാ സെക്രട്ടറി

## ലൈഫ് ട്രെയിനിംഗ് അവധിക്കാല പരിശീലനം

2019 മെയ് 2 വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മണി മുതൽ മെയ് 24 തിങ്കൾ 3 മണി വരെ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള അവധിക്കാല പരിശീലന ക്ലാസ്സുകൾ കുഞ്ഞോം ശാന്തി നിലയത്തിൽ വെച്ച് നടന്നു. 23 ദിവസം നീണ്ടുനിന്ന പരിശീലനത്തിൽ വിവിധ ക്ലാസ്സുകൾക്ക് നേതൃത്വം നല്കിയത് റവ. ഫാ. നോബിൾ പാറക്കൽ – മൂല്യാധിഷ്ഠിത ജീവിതം, ശ്രീ. ജെയിംസ് – ഇംഗ്ലീഷ്, ശ്രീ. ആനന്ദ് – കണക്ക്, ശ്രീ. തോമസ്സ് കല്ലറക്കൽ – പ്രസംഗ പരിശീലനം, ശ്രീ. ജോസൽ –ഡ്രോയിങ്ങ്, മിസ്സിസ് ജിനി – ബയോളജി, കുമാരി നിനു – ഫിസിക്സ്, കെമസ്ട്രി, ശ്രീ. ഷജിൻ – പൊതു വിജ്ഞാനം, ശ്രീ. ജെയിൻ – യോഗ പരിശീലനം എന്നിവരാണ്. കൂടാതെ വ്യക്തിത്വ വികസനം, പ്രാർത്ഥന, വി.കുർബാന, നേതൃത്വ പരിശീലനം, നീന്തൽ, കലാകായികം, തുടങ്ങിയ മേഖലകളിലുള്ള പരിശീലനവും നൽകി. ഈ പരിശീലനങ്ങൾക്ക് നേതൃത്വം നല്കിയത് യൂത്ത്മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, കോഡിനേറ്റർ സി.ആൻസി തോമസ്സ് സി. എം. സി, സെക്രട്ടറി സി. ലിൻസി എസ്.സി.വി. എന്നിവരാണ്.

ലൈഫ് ട്രെയിനിംഗ് പ്രോഗ്രാമിന് എന്നും പ്രോത്സാഹനവും കരുത്തും നൽകുന്ന അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനും, അവധികാല പരിശീലന ക്യാമ്പിന് സ്ഥലവും സാഹചര്യവും ഒരുക്കി ഞങ്ങളെ സ്വാഗതം ചെയ്ത കുഞ്ഞോം ഇടവക വികാരി ബഹു. ഫാ.സെബിൻ ഐക്കരത്താഴത്തിനും കുട്ടികളെ പ്രോത്സാഹിപ്പിച്ച് പറഞ്ഞയച്ച ബഹു. വികാരി അച്ചൻന്മാർക്കും, മാതാപിതാക്കൾക്കും എല്ലാ ഉപകാരികൾക്കും പ്രത്യേകിച്ച് ബേബിച്ചേട്ടനും യൂത്ത് മിനിസ്ട്രിയുടെ നന്ദിയും, സ്നേഹവും അറിയിക്കുന്നു.

## LIFE 2019 Batch - Admission Ceremony

2019 ബാച്ചിലെ 28 വിദ്യാർത്ഥികളുടെ Admission ceremony ദ്വാരക പാസ്റ്ററൽ സെന്ററിൽ ജൂൺ 5 ബുധനാഴ്ച്ച നടന്നു. രാവിലെ 10.30 ന് യൂത്ത് മിനിസ്ട്രി ടീം അംഗമായ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ വി. കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന്

കോർപ്പറേറ്റീവ് ഓഡിറ്റോറിയത്തിൽ വെച്ച് 11.45 മുതൽ വിദ്യാർത്ഥികൾ അവരുടെ ലൈഫ് അനുഭവങ്ങൾ വിശിഷ്ടാതിഥികളുടെയും, മാതാ പിതാക്കളുടെയും സാന്നിധ്യത്തിൽ പങ്കുവെച്ചു. 12.30 ന് പ്രാർത്ഥന യോടെ ഉത്ഘാടന സമ്മേളനം ആരംഭിച്ചു. ലൈഫ് 2016 ബാച്ചിലെ മേധാ തെരേസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ അധ്യക്ഷ പ്രസംഗം നടത്തി. ദ്വാരക ഫൊറോനാ വികാരി ഫാ. ജോസ് തേക്കനാടി ഉത്ഘാടനം ചെയ്ത് സംസാരിച്ചു. തുടർന്ന് മാനന്തവാടി രൂപതാ പ്രൊക്കുറേറ്റർ ബഹു. ഫാ. ജിൽസൺ കോക്കണ്ടത്തിൽ വിദ്യാർത്ഥികളെ അനുമോദിച്ച് സംസാരിക്കുകയും ബൈബിൾ, ജപമാല, കത്തിച്ച തിരി, എന്നിവ കുട്ടികൾക്ക് നൽകി ലൈഫ് ട്രെയിനിംഗിലേക്ക് സ്വീകരിക്കുകയും ചെയ്തു. സി. ആൻസി തോമസ്സ് സി.എം.സി. വിദ്യാർത്ഥികൾക്ക് ലൈഫ് പ്രതിജ്ഞ ചൊല്ലി കൊടുത്തു. അദ്ധ്യാപകരുടെ പ്രതിനിധികളായി ശ്രീ. തോമസ്സ് കല്ലറക്കൽ മിസ്സിസ് ജിനി എന്നിവരും, വിദ്യാർത്ഥികളുടെ പ്രതിനിധികളായി ജിസ്മേരി, സെറിൻ, എന്നിവരും ആശംസകളർപ്പിച്ച് സംസാരിച്ചു. ടീച്ചേഴ്സും, യുവജന സുഹൃത്തുക്കളും മാതാപിതാക്കളും മീറ്റിംഗിൽ സന്നിഹിതരായിരുന്നു. ലൈഫ് 2017 ബാച്ചിലെ വിദ്യാർത്ഥി ജെറി ടോം എല്ലാവർക്കും നന്ദി അർപ്പിച്ചു.

**ലൈഫ് കലണ്ടർ പ്രകാശനം**

ലൈഫ് വിദ്യാർത്ഥികളുടെ പ്രവർത്തനവർഷത്തോടനുബന്ധി ച്ചുള്ള ഔദ്യോഗിക കലണ്ടർ പ്രകാശനം വടക്കനാട് ഇടവക വികാരി ബഹു. ഫാ.ജോബി മുക്കാട്ടുകാവുങ്കൽ നിർവഹിച്ചു.

**പന്തക്കുസ്താ ആരാധന**

പന്തക്കുസ്താ തിരുനാൾ ദിനമായ മെയ് 30 ഞായറാഴ്ച വൈകുന്നേരം 5 മണി മുതൽ 7 മണി വരെ സെന്റ് ആന്റണീസ് വാകേരി ദേവാലയത്തിൽ വെച്ച് ഇടവക വികാരി ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും അഭിഷേക പ്രാർത്ഥനയും നടന്നു. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ഫാ.സോണി വടയാപറമ്പിൽ എന്നീ വൈദീകരും പ്രാർത്ഥനയിൽ പങ്കെടുത്തു. യൂത്ത് മിനിസ്ട്രി ജീസ്സസ് ബാന്റ് ടീം അംഗങ്ങളായ നീരജ്, ടിൻസ്, അതുൽ കല്ലോടി, അതുൽ ചെറുകാട്ടൂർ, സാഞ്ചോ, വിബിൻ, ആൻമരിയ, അലീന, അഞ്ചു, മെർലിൻ, ഷീനു തുടങ്ങിയവർ

ഗാനശുശ്രൂഷക്ക് നേതൃത്വം നല്കി. യൂത്ത് മിനിസ്ട്രി ഫുൾ ടൈമർ ജെസ്ബിൻ, ജിജോ, സി. ലിൻസി എസ്.സി.വി, സി. ആൻസി തോമസ്സ് സി. എം. സി. എന്നിവരും സന്നിഹിതരായിരുന്നു. 300 ഇടവകാംഗങ്ങൾ പ്രാർത്ഥനയിൽ പങ്കെടുത്തു.

**തിരുസന്നിധിയിൽ**

എല്ലാ ബുധനാഴ്ചയും യൂത്ത്മിനിസ്ട്രി ഓഫീസ് ചാപ്പലിൽ യുവജനങ്ങൾക്കുവേണ്ടിയുള്ള ജാഗരണ പ്രാർത്ഥന നടക്കുന്നു.

**ജെ. ബാന്റ്**

യുവജനങ്ങളുടെ ആത്മീയ പരിപാടിയായ മ്യൂസിക്ക് ജെ. ബാന്റിന്റെ പരിശീലനം എല്ലാ ആഴ്ചകളിലും യൂത്ത് മിനിസ്ട്രി ഓഫീസിൽ നടന്നുവരുന്നു.

**സ്വാഗതം**

ഒരു വർഷത്തെ വോളണ്ടിയർ സർവ്വീസിനു വേണ്ടി യൂത്ത് മിനിസ്ട്രിയിൽ ശുശ്രൂഷ ചെയ്യുവാൻ തയ്യാറായി വന്ന തരിയോട് ഇടവകാംഗമായ ജെസ്ബിൻ പളളിക്കതൊട്ടിലിന് രൂപതയുടെ അഭിനന്ദനങ്ങൾ.

**സി. ലിൻസി എസ്.സി.വി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

## ലോകപരിസ്ഥിതി ദിനം

പുതിയിടംകുന്ന് ക്യാൻസർ സെന്റർ ശുചീകരണവും വൃക്ഷത്തൈ നടലും: മാനന്തവാടി - പരിസ്ഥിതി സംരക്ഷണത്തിന്റെ നല്ല സന്ദേശങ്ങൾ സമൂഹത്തിന് പകർന്നു കൊടുത്തുകൊണ്ട് KCYM മാനന്തവാടി രൂപതയുടെയും പുതിയിടംകുന്ന് യൂണിറ്റിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ പുതിയിടംകുന്ന് ഡോ. അംബേദ്ക്കർ മെമ്മോറിയൽ ക്യാൻസർ സെന്റർ ശുചികരണവും വൃക്ഷത്തൈ നടലും നടത്തി. ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടാക്കാത്തടത്തിൽ സാഗതം ആശംസിച്ചു. രൂപതാ ഡയറകട്ർ റവ. ഫാ. അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തിൽ ആമുഖപ്രഭാഷണം നടത്തി. പ്രസിഡന്റ് എബിൻ മുട്ടപ്പള്ളി അധ്യക്ഷപ്രസംഗവും, കല്ലോടി ഫോറാനാ വികാരി ബഹു. ഫാ. അഗസ്റ്റ്യൻ പുത്തൻപുര ഉദ്ഘാടനവും നിർവ്വഹിച്ചു. പ്രകൃതിയോടുള്ള അനാദരവും ചൂഷണവും വെടിഞ്ഞ് നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമായ വിലയിരുത്തലുകളിലൂടെ പ്രകൃതിയെ സംരക്ഷിക്കുവാൻ യുവജനങ്ങൾ പ്രതിജ്ഞാബദ്ധരാകണമെന്ന് അച്ചൻ യുവജനങ്ങളോട് ആഹ്വാനം ചെയ്തു. പുതിയിടംകുന്ന് വികാരി റവ.ഫാ. തോമസ് പെരുമാട്ടിക്കുന്നേൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീത ബാബു, വൈസ് പ്രസിഡന്റ് ശ്രീ. പൈലി കെ. ജെ, മുൻ പ്രസിഡന്റ് പ്രീത രാമൻ, ഡോ. ലക്ഷ്മി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. രൂപതാ കോഡിനേറ്റർ റ്റിബിൻ വർഗ്ഗീസ്, രൂപതാ ട്രഷറർ ജിയോ ജെയിംസ് സിൻഡിക്കേറ്റ് അംഗങ്ങൾ പുതിയിടംകുന്ന് യൂണിറ്റ് പ്രസിഡണ്ട് സിജോ എന്നിവർ നേതൃത്വം നല്കി. വിവിധ യൂണിറ്റുകളിൽ നിന്ന് 130 യൂവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളെ പങ്കെടുപ്പിച്ച മേഖല, യൂണിറ്റ് ഡയറക്ടർമാർക്കും, ആനിമേറ്റേഴ്സിനും, യൂണിറ്റ് നേതൃത്വത്തിനും സ്ഥലസൗകര്യങ്ങൾ ഒരുക്കിയ പുതിയിടം ഇടവകയ്ക്കും, രൂപതാ കെ. സി. വൈ. എം. നേതൃത്വം നന്ദിയറിയിക്കുന്നു.

## ആത്മജ്വാല-2019

'പരിശുദ്ധാത്മാവ് നിന്റെമേൽ വരും അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും' (ലൂക്കാ 1.35) KCYM മാനന്തവാടി രൂപത

സംഘടിപ്പിച്ച ആത്മജ്വാല-2019, ജാഗരണ പ്രാർത്ഥന നീലഗിരി റീജിയൺ, കയ്യൂന്നി യൂണിറ്റിൽ വച്ച് ജൂൺ 8-ാം തീയതി വൈകിട്ട് 6 മണി മുതൽ 9-ാം തീയതി 6 മണി വരെ നടത്തി. നീലഗിരി റീജിയണിൽ ഡയറക്ടർ ഫാ. ജയൻ മണ്ണുകുളം സ്വാഗതം ആശംസിച്ചു. യുവ ജനങ്ങൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഇന്നിന്റെ പ്രവർത്തന മണ്ഡലങ്ങളിൽ കർമ്മോത്സുകരായി തീരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ ആമുഖപ്രഭാഷണത്തിൽ ഉദ്ബോധിപ്പിച്ചു. നീലഗിരി റീജിയൻ ഡയറക്ടറും കയ്യൂന്നി യൂണിറ്റ് ഡയറക്ടറുമായ ബഹു. ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിച്ചു. രൂപതാ പ്രസിഡന്റ് എബിൻ മുട്ടപ്പള്ളി അധ്യക്ഷപ്രസംഗം നടത്തി. രൂപതാ ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടക്കാത്തടത്തിൽ നന്ദിയർപ്പിച്ചു. വചനപ്രഘോഷണത്തിലൂടെ ആത്മജ്വാലയെ ധന്യമാക്കിയ സീയോൻ അസ്സി. ഡയറക്ടറും ക്രിസ്റ്റീൻ ഡയറക്ടറുമായ ബഹു.ജിന്റോ തട്ടുപറമ്പിലച്ചനും, സി. റ്റെയ്സി എസ്. എച്ച്, സി. ബ്ലെസ്സി എസ്. എച്ച് എന്നിവർക്കും നന്ദിയറിക്കുന്നു . ആത്മജ്വാല-2019 നെ ഇരുകൈകളും നീട്ടി സ്വികരിച്ച റവ. ഫാ. തോമസ് മണക്കുന്നേൽ അച്ചനും, ഇടവക ജനങ്ങൾക്കും, ആത്മജ്വാലയെ വിജയത്തിലെത്തിക്കാൻ സഹകരിച്ച വിവിധ യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, കെ. സി. വൈ. എം. അംഗങ്ങൾ, രൂപതാ ആനിമേറ്റർ സി. സ്മിത എസ്. എ. ബി. എസ്. എന്നിവർക്കും രൂപതാസമിതിയുടെ പേരിലുള്ള നന്ദിയറിയിക്കുന്നു. കെ. സി. വൈ. എം. അംഗങ്ങളെ ആത്മീയഗാനങ്ങളിലൂടെ പൂരിതരാക്കിയ ഗായകസംഘത്തിനും നന്ദിയറിയിക്കുന്നു.

### K 2 K - യൂത്ത് ഫോർ പീസ്

യുവജനങ്ങൾ ലോക സമാധാനത്തിന് എന്ന മുദ്രാവാക്യവുമായി കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റ ആഭിമുഖ്യത്തിൽ ഇന്നിന്റെ ആവശ്യമായ മതസൗഹാർദ്ദം ലക്ഷ്യം വച്ചുള്ള കർമ്മപദ്ധതിയാണ് യൂത്ത് ഫോർ പീസ്. മതത്തിന്റെയും ജാതിയുടെയും പേരിൽ വിഭജനം സൃഷ്ടിക്കുന്ന നവലോകസിദ്ധാന്തങ്ങൾക്കെതിരേ യുവജനങ്ങളെ ബോധവൽക്കരിക്കുക, ഭൗതിക, ആത്മിയതലങ്ങളിൽ പോലും തറച്ചു കയറുന്ന മതമൗലികവാദസിദ്ധാന്തങ്ങളെ ചെറുത്ത് തോൽപ്പിക്കാൻ യുവജനങ്ങളെ ഉത്സുകരാക്കുക, സമാധാനത്തിനായുള്ള കേരള മോഡൽ ആഗോളസമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കെ. സി. വൈ. എം. സംസ്ഥാന പ്രസിഡന്റ് ശ്രി. സിറിയക്ക് ചാഴിക്കാടൻെറ നേതൃത്വത്തിൽ നടത്തിയ

സമാധാന സന്ദേശയാത്രയ്ക്ക് മാനന്തവാടി രൂപത ടൗൺ ചർച്ചിൽ സ്വീകരണം നൽകി. മാനന്തവാടി രുപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കലും. രൂപതാ പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളിയും, സംസ്ഥാന പ്രസിഡണ്ടും ജാഥാ ക്യാപ്റ്റനുമായ സിറിയക്ക് ചാഴിക്കാടനെ പൊന്നാടയണിയിച്ച് സ്വീകരിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ രൂപതാ ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ ഭാരത ക്രൈസ്തവർ ഭീകര പ്രസ്ഥാനങ്ങൾക്കെതിരെ ഉയിർത്തെഴുന്നേൽക്കേണ്ടതിന്റ ആവശ്യകതയെക്കുറിച്ച് ആമുഖ പ്രഭാഷണത്തിൽ യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു. രൂപതാ പ്രസിഡന്റ് എബിൻ മുട്ടപ്പള്ളി അധ്യക്ഷത വഹിച്ചു. മാനന്തവാടി രുപതാ വികാരി ജനറൽ മോൺ. അബ്രാഹം നെല്ലിക്കൽ ഉദ്ഘാടനം ചെയ്തു. മാനന്തവാടി മേഖലാ ഡയറക്ടർ റവ ഫാ. മാത്യു മലയിൽ, ടൗൺ ചർച്ച് വികാരി റവ. ഫാ. ജോസഫ് പരുവുമ്മേൽ എന്നിവർ സന്നിഹിതരായിരുന്നു. രൂപതാ വൈസ്. പ്രസിഡന്റ് ഗ്രാലിയ അന്ന അലക്സ്, ട്രഷർ ജിയോ ജെയിംസ്, കോഡിനേറ്റർ റ്റിബിൻ പാറക്കൽ, സിൻഡിക്കേറ്റ് അംഗങ്ങളായ ജിജോ താന്നിവേലി, അലീന ജോയ്, ജീന ജേക്കബ്, ലിന്റോ പടിഞ്ഞാറയിൽ, ബ്ലെസൻ, സി. സ്മിത SABS എന്നിവർ നേതൃത്വം നല്കി.

സമാധാന സന്ദേശ യാത്രയെ വരവേൽക്കാൻ വിവിധ യൂണിറ്റുകളിൽ നിന്ന് എത്തിച്ചേർന്ന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, KCYM അംഗങ്ങൾ, സ്ഥലവും സൗകര്യങ്ങളും ഒരുക്കിത്തന്ന ടൗൺ ചർച്ച് വികാരി റവ. ഫാ. ജോസഫ് പരുവുമ്മേൽ, ഇടവകാംഗങ്ങൾ, സിസ്റ്റേഴ്സ്, എന്നിവർക്ക് മാനന്തവാടി രൂപതയുടെ KCYM നേതൃത്വത്തിന്റ ഹൃദയം നിറഞ്ഞ നന്ദിയർപ്പിക്കുന്നു. യൂത്ത് ഫോർ പീസ് കാസർഗോഡ് തുടങ്ങി കന്യാകുമാരി വരെ സിറോ മലബാർ, മലങ്കര, ലത്തീൻ റീത്തുകളുടെ 32 രൂപതകൾ പിന്നിട്ട് കന്യാകുമാരിയിൽ ജൂൺ 16 ന് അവസാനിച്ചു.

## Ready - 2019

രൂപതാ അർദ്ധവാർഷികസെനറ്റിന്റെയും രജതജൂബിലി ആഘോഷങ്ങളുടേയും മുന്നോടിയായി മേഖലാ ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും സംയുക്ത മീറ്റിംഗ് ജൂൺ 20-ന് പാസ്റ്ററൽ സെന്ററിൽ കെ.സി.വൈ.എം ഓഫീസിൽ വച്ച് കൂടുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ പുതുതായി ചാർജ്ജെടുത്ത ഡയറക്ടർമാർ: ചുങ്കക്കുന്ന്- റവ. ഫാ. വിൻസെന്റ് കളപ്പുര, കല്ലോടി- റവ. ഫാ. ജോജോ ഔസേപ്പുപറമ്പിൽ, മുള്ളൻകൊല്ലി- റവ. ഫാ. പോൾ ഇടയക്കൊണ്ടാട്ട്, നീലഗിരി-

റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ, പയ്യംമ്പള്ളി– റവ. ഫാ. സിജോ ജോർജ്ജ് ഇടക്കുടിയിൽ, സുൽത്താൻ ബത്തേരി– റവ. ഫാ. രജീഷ് കറുത്തേടം എന്നിവർക്കും മീറ്റിംഗിൽ പങ്കെടുത്ത മറ്റ് മേഖലാ ഡയറക്ടർമാർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും രൂപതാ ഡയറക്ടർ ഫാ.ചിറയ്ക്കത്തോട്ടത്തിൽ അഗസ്റ്റിൻ സ്വാഗതം ആശംസിച്ചു. തുടർന്ന് യോഗത്തിന് രൂപതാ പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. ജൂബിലിയുമായി ബന്ധപ്പെട്ട് ജൂബിലി കൺവെൻഷനും, ജൂബിലി സമാപന–ആഘോഷസമ്മേളനവും നടത്താൻ യോഗം തീരുമാനിച്ചു. രൂപതാ അർദ്ധവാർഷിക സെനറ്റിനു മുമ്പായി മേഖലാ അർദ്ധവാർഷികസെനറ്റ് കൂടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ഇതു വരെയുള്ള രൂപതാ മേഖലാ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. 'റെഡി–2019' പങ്കെടുത്ത മേഖലാഡയറക്ടർമാർക്കും, ആനിമേറ്റർമാർക്കും നന്ദിയർപ്പിക്കുന്നു.

**ജൂലൈ മാസത്തിലെ രൂപതാ പരിപാടികൾ**

ജൂലൈ 7 – യുവജന ദിനാഘോഷം

ജൂലൈ 13 – അർദ്ധവാർഷിക സെനറ്റ്

ജൂലൈ 31 – പ്രചോദിനി (വനിതാ സംഗമം)

**മേഖലാ വാർത്തകൾ**

**തരിയോട് മേഖല**

മെയ് 12 ന് തരിയോട് മേഖലാസെനറ്റ് കൂടുകയും മെയ് 25 ന് മേഖലാ ഏകദിന ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തു. ക്യാമ്പ് മേഖലാ പ്രസിഡന്റ് അഭിനന്ദ് കൊച്ചുമലയിലിന്റെ അധ്യക്ഷതയിൽ മേഖലാ ഡയറക്ടർ റവ. ഫാ. ജെയിംസ് കുന്നത്തേട്ട് ഉദ്ഘാടനം ചെയ്തു. രുപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, രുപതാ പ്രസിഡന്റ് എബിൻ മുട്ടപ്പള്ളിയും ആശംസകൾ അർപ്പിച്ചു. തരിയോട് ഫൊറോനാ അസിസ്റ്റന്റ് വികാരി സന്തോഷ് ഒറവാറംതറ, രൂപതാ ടീം അംഗം ജിയോ ജെയിംസ് എന്നിവർ പങ്കാളികളായിരുന്നു. തിരുവനന്തപുരം ശ്രീ. ജോണി സാർ ക്ലാസ്സ് നയിച്ചു. വിവിധ യൂണിറ്റുകളിൽ നിന്ന് 101 യുവജനങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**കല്ലോടി യുണിറ്റ്**

രജത ജൂബിലി ആഘോഷിക്കുന്ന മാനന്തവാടി KCYM നോട് ചേർന്ന് കല്ലോടി യൂണിറ്റും ജുബിലി ഉദ്ഘാടനം നടത്തി. കഴിഞ്ഞകാല ഭാരവാഹികളും ഇപ്പോഴത്തെ ഭാരവാഹികളും ഒന്ന്ചേർന്ന് ദീപം തെളിച്ച് ഉദ്ഘാടനം നിർവഹിച്ചു. ജുബിലിയുടെ പ്രാരംഭ പ്രവർത്തനമെന്ന

നിലയിൽ, ഇടവകയിലെ ഒരു നിർദ്ധനകുടുംബത്തിന് ടൈലും, വാഷിംഗ് ബെയ്സനും വാങ്ങി നൽകി. കെ. സി. വൈ. എം. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി കല്ലോടി ഇടവകയിൽ നിന്നും സ്ഥലം മാറി പോയ റവ. ഫാ. സനോജ് ചിറ്ററയ്ക്കലച്ചന് യാത്രയയപ്പ് നല്കി. കല്ലോടി ഇടവകയിലേയ്ക്ക് കടന്ന് വന്ന റവ. ഫാ. നിധിൻ പാലക്കാട്ടച്ചനെ സ്വാഗതം ചെയ്തു.

**പനംചിറ യൂണിറ്റ്**

കെ.സി.വൈ.എം. രുപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ കയ്യൂന്നി ഫാത്തിമ മാതാ പള്ളിയിൽ വച്ച് നടത്തപ്പെട്ട ജാഗരണ പ്രാർത്ഥനയിൽ പനംചിറ ഇടവകയിൽ നിന്നും ഡയറക്ടർ റവ. ഫാ. ജയൻ മണ്ണുകുളം TOR ഉം, സിസ്റ്റേഴ്സും, KCYM അംഗങ്ങളും പങ്കെടുക്കുകയുണ്ടായി. സൺഡേ സ്ക്കുൾ വിദ്യാർത്ഥികൾക്കായി ഇടവകയിൽ നടത്തിയ സെമിനാറിൽ KCYM അംഗങ്ങൾ സഹകരിച്ചു.

**തരിയോട് യൂണിറ്റ്**

KCYM തരിയോട് യൂണിറ്റിലെ മുഴുവൻ യുവജനങ്ങളെയും മെയ് മാസറാണിക്ക് സമർപ്പിച്ച് യൂണിറ്റിനെ ശക്തിപ്പെടുത്തി കൂടെ നിന്ന ബഹു. ജോഫ്രി കളരിയ്ക്കലച്ചന് യാത്രയയപ്പ് നല്കി. യുവജനങ്ങളുടെ നേതൃത്വത്തിൽ പള്ളിയിലെ പൂന്തോട്ടം പുനർനിർമ്മിച്ചു. ഇടവകയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് സ്ക്കുളിന്റ പെയിന്റിംഗിന് സഹായിച്ചു. മേഖലയിൽ നടത്തപ്പട്ട ഏകദിന ക്യാമ്പിൽ യൂണിറ്റിൽ നിന്നും 45 അംഗങ്ങൾ പങ്കെടുത്തു.

**നരിവാലമുണ്ട**

ഒരു തൈ നടുമ്പോൾ ഒരു തണൽ നടുന്നു. എന്ന ആപ്ത വാക്യത്തെ മുൻനിർത്തിക്കൊണ്ട് ജൂൺ-5 ന് പരിസ്ഥിതിദിനത്തിൽ KCYM ന്റെ നേതൃത്വത്തിൽ യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോഷി പാല ക്കാട്ട് പള്ളിമുറ്റത്ത് മരതൈ നട്ടു. എല്ലാ ശനിയാഴ്ചയും യുവജനങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തി വരുന്നു, പന്ത ക്കുസ്താ തിരുനാളിന് എല്ലാ യുവജനങ്ങളും വി. കുർബാനയിൽ സജീവമായി പങ്കെടുത്തു. ഇടവകയിൽ വച്ച് നടക്കുന്ന വിവാഹ സൽക്കാരത്തിന് ശേഷം ഓഡിറ്റോറിയവും പരിസരവും വൃത്തിയാക്കി ഫണ്ട് ശേഖരിച്ചു വരുന്നു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
കെ. സി. വൈ. എം ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ മെയ് 27 മുതൽ 30 വരെ നടന്ന MPC യിൽ 83 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ജൂലൈ 14-17 - പാസ്റ്ററൽ സെന്റർ ദ്വാരക
ആഗസ്റ്റ് 11-14 - പാസ്റ്ററൽ സെന്റർ ദ്വാരക
സെപ്റ്റംബർ 01 -04 - പാസ്റ്ററൽ സെന്റർ ദ്വാരക

**പ്രോ-ലൈഫ്**

2019 മെയ് മാസം മുതൽ രൂപതാ പ്രോ-ലൈഫ് സമിതി അഭിവന്ദ്യ പിതാവ് കുടുംബപ്രേഷിതത്വത്തോട് ചേർത്തു. രണ്ടുതവണ മീറ്റിംഗുകൾ ചേർന്നു.

**വിവാഹാർത്ഥികളുടെ സംഗമം**

കെ.സി.ബി.സി. മലബാർ മേഖല പ്രോ-ലൈഫ് സമിതി സെപ്റ്റംബർ മാസം 12, 13 തീയതികളിൽ ഒന്നാകാൻ എന്ന പേരിൽ വിവാഹാർത്ഥികളുടെ സംഗമം സംഘടിപ്പിക്കുന്നു. പങ്കെടുക്കേണ്ടവർ: സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ റീത്തുകളിലെ 7 രൂപതകളിൽ നിന്നുള്ള 30 വയസ്സു കഴിഞ്ഞ അവിവാഹിതരായ പുരുഷന്മാർ, 25 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ, 50 വയസ്സിൽ താഴെ പ്രായമുള്ള വിധവകൾ, വിഭാര്യർ, വിവാഹമോചിതർ. സംഗമദിവസം രജിസ്ട്രേഷൻ 1000 ത്തിൽ കൂടിയാൽ 2 ദിവസമായി നടത്തുന്നതാണ്. അത് പങ്കെടുക്കുന്നവരെ മുൻകൂട്ടി അറിയിക്കുന്നതാണ്.

25 വയസ്സുകഴിഞ്ഞ പെൺകുട്ടികളെ ഇതിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഇത് വിജയിക്കുകയുള്ളു. മാതാപിതാക്കളിൽ ആരെങ്കിലും പെൺകുട്ടികൾക്കൊപ്പം എത്തേണ്ടതാണ്. ആഗസ്റ്റ് 31 വരെയാണ് രജിസ്ട്രേഷൻ ഉള്ളത്.

**സ്ഥലം:** കോഴിക്കോട് ചേവായൂർ പ്രസന്റേഷൻ സ്കൂൾ ഓഡിറ്റോറിയം. **സമയം:** 2019 സെപ്റ്റംബർ 12, 13 (വ്യാഴം, വെള്ളി) 9 am മുതൽ 5 pm വരെ. രജിസ്ട്രേഷൻ ഫീസ് 200 രൂപ. ഈ തുക

രജിസ്ട്രേഷൻ സമയത്ത് ഇടവകയിൽ വാങ്ങി രൂപതയിൽ എത്തിക്കേണ്ടതാണ്. മാതാപിതാക്കൾ ആൾക്ക് 100 രൂപ വീതം (ചായ, ഉച്ചഭക്ഷണം എന്നിവയ്ക്കായ്).

നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ പങ്കെടുക്കുന്നവരുടെ ബയോഡാറ്റ തയ്യാറാക്കേണ്ടതാണ്. ഇടവക വികാരിയച്ചന്റെ ഒപ്പും സീലും ഫോറത്തിൽ വേണം. രജിസ്റ്റർ ചെയ്യുന്നവരുടെ ഫോട്ടോയും ഫോറത്തോടൊപ്പം പിൻ ചെയ്യണം. ഫോട്ടോയുടെ മറുവശത്ത് ആളുടെ പേരും അഡ്രസ്സും എഴുതുന്നത് ഉചിതമായിരിക്കും. മലബാർ റീജിയണിലെ ഏഴു പിതാക്കന്മാരെയും മലബാർ മേഖല പ്രോ-ലൈഫ് സമിതിയുടെ നേതൃത്വത്തിലുള്ളവർ കണ്ട് സംസാരിച്ച്, അവരുടെ അനുവാദത്തോടും പ്രോത്സാഹനത്തോടുംകൂടെ നടത്തുന്ന പ്രോഗ്രാമാണിത്.

**മരിയൻ സിംഗിൾസ്**

ജൂൺ 17- ന് രൂപതാ മീറ്റിംഗ് കൂടി. 15 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂലൈ-15 ന്.

**മാതൃവേദി**

ജൂൺ 8 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. കുടുംബപ്രേഷിതത്വം അസോസിയേറ്റ് ഡയറക്ടർ ഫാ. ജോജോ കുടക്കച്ചിറയെയും മാതൃവേദി രൂപതാ ആനിമേറ്റർ ബഹു. സിസ്റ്റർ എമിലിൻ SABS നെയും സ്വാഗതം ചെയ്തു. ലോകസമാധാനത്തിനായി ജൂൺ 8 ന് 1 മണിക്ക് പ്രാർത്ഥിക്കണം എന്ന ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനമനുസരിച്ച് എക്സിക്യൂട്ടീവിനിടെ മാതൃവേദി അംഗങ്ങൾ പ്രാർത്ഥിച്ചു.

മാതൃവേദി അംഗങ്ങൾക്കായി ഈ വർഷം രചനാമത്സരങ്ങൾ നടത്തുന്നുണ്ട്.

**വിഷയം:** 'കുടുംബസ്നേഹം: വിശുദ്ധിയിലേക്കുള്ള വഴിയും വിളിയും'. ഓരോ ഇനത്തിനും ആവശ്യമായ വിഷയങ്ങൾ ഈ പൊതുവിഷയത്തിൽനിന്നും കണ്ടെത്തി നൽകേണ്ടതാണ്.

**ഇനങ്ങൾ:** കഥ; 3 പേജ്, കവിത; 30 വരികൾ, ഉപന്യാസം 5 പേജ്, (A4 size paper), ജലഛായം A3 സൈസ് പേപ്പറിൽ. ഒരാൾക്ക് 2 ഇനങ്ങളിൽ പങ്കെടുക്കാം. **സമയം:** കഥ, കവിത; ഒരു മണിക്കൂർ, ഉപന്യാസം, ജലഛായം; ഒന്നര മണിക്കൂർ. ജലഛായത്തിന് ആവശ്യമായ സാധനങ്ങൾ പങ്കെടുക്കുന്നവർ തന്നെ കൊണ്ടുവരേണ്ട താണ്. ആഗസ്റ്റ് മാസത്തിൽ ഈ മത്സരങ്ങൾ മേഖലയിൽ നടത്തുക. മൂല്യനിർണ്ണയം കഴിഞ്ഞ് സെപ്റ്റംബർ 25 ന് മുമ്പായി ഒന്നാം സ്ഥാനം നേടിയവരുടെ മാത്രം ലിസ്റ്റ് അംഗത്വ നമ്പർ സഹിതം മാതൃവേദി രൂപതാ ഓഫീസിൽ എത്തിക്കണം. ഒറ്റ പ്രായ വിഭാഗം മാത്രമേ ഉള്ളൂ.

**മാനന്തവാടി**

മേഖല എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ മുതിരേരി ഇടവകയിൽ വെച്ച് കുരിശിന്റെ വഴി നടത്തി. 300-ഓളം അമ്മമാർ പങ്കെടുത്തു. രൂപതാഡയറക്ടർ ബഹു.ഫാ.ജോഷി മഞ്ഞക്കുന്നേൽ വി.ബലിയർപ്പിച്ച് സന്ദേശം നൽകി. വി. ജാന്ന ബറേത്തയുടെ തിരുനാൾ ഇടവകയിൽ ആഘോഷിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങൾ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. മാതാവിന്റെ വണക്കമാസം ഇടവകയിൽ ആഘോഷമായി കൊണ്ടാടി. മേഖലാ ആനിമേറ്റർ സി. അനിലയ്ക്ക് യാത്രയയപ്പ് നൽകി.

**കല്ലോടി**

മേഖലയുടെ നേതൃത്വത്തിൽ ക്വിസ്സ് മത്സരം നടത്തി. സമ്മാനനാർഹരായ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ വർക്ക് ക്യാഷ് അവാർഡ് നൽകി. മേഖലാ ഡയറക്ടറായിരുന്ന ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചനും ആനിമേറ്റർ സി. കൃപയ്ക്കും യാത്രയയപ്പ് നൽകി.

**അമ്പായത്തോട്**

മക്കളില്ലാത്ത ദമ്പതികളേയും ഗർഭിണികളേയും അമ്മമാ രേയും ഏകസ്ഥരേയും സമർപ്പിച്ച് പ്രാർത്ഥിച്ചു. വിയാനി ഭവൻ സന്ദർശിച്ചു. 3000 രൂപ ഭവനനിർമ്മാണത്തിനായ് നൽകി സഹായിച്ചു. എല്ലാ ഭവനങ്ങളിലും വണക്കമാസം ആചരിക്കാൻ മാതാവിന്റെ വണക്കമാസപുസ്തകം വാങ്ങിച്ച് വിതരണം ചെയ്തു. വചനം വായിക്കാനും പഠിക്കാനുമായി പുതിയനിയമം എഴുതി തയ്യാറാക്കാൻ അമ്മമാർ ബൈബിൾ ഭാഗം വീതിച്ചെടുത്തു.

**ദ്വാരക**

ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ സംഭാവന കൂപ്പണിന്റെ നറുക്കെടുപ്പ് നടത്തി. സമ്മാനങ്ങൾ വിതരണം ചെയ്തു. മേഖലയുടെ കീഴിലുള്ള മറ്റ് ഇടവകകൾക്ക് പ്രോത്സാഹന സമ്മാനവും നൽകി.

**ചെന്നലോട്**

കൈനാട്ടി ഗവ. ഹോസ്പിറ്റലിൽ രോഗികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കാൻ അമ്മമാർ പോയി. ചികിത്സ സഹായമായി 1000 രൂപ നൽകി. ജപമാലയിലും വണക്കമാസ പ്രാർത്ഥനയിലും അമ്മമാർ പങ്കെടുത്തു. മെയ് 12 മാതൃദിനമായി ആചരിച്ചു. നവജ്യോതി വൃദ്ധസദനം സന്ദർശിച്ച് പുതുവസ്ത്രങ്ങൾ നൽകി. ഉച്ചഭക്ഷണം തയ്യാറാക്കി അവരോടൊപ്പം ഭക്ഷിച്ചു.

**പുതിയിടംകുന്ന്**

മേഖലാ ക്വിസ് മത്സരത്തിൽ ഇടവകയിൽനിന്നും രണ്ടുപേർ പങ്കെടുത്തു. ജൈവ പച്ചക്കറി കൃഷിയിൽ 1, 2, 3 സ്ഥാനം നേടിയവർക്ക് സമ്മാനങ്ങളും പങ്കെടുത്തവർക്ക് പ്രോത്സാഹന സമ്മാനവും നൽകി. ഭവനങ്ങളിൽ പരി. മാതാവിന്റെ വണക്കമാസാചരണം നടത്തി.

**പൂക്കോട്ടുംപാടം**

മെഡിക്കൽ ക്യാമ്പ് നടത്തി. പിതൃദിനമാചരിച്ചു. ചികിത്സ, പഠനം, വിവാഹം എന്നിവയ്ക്ക് സഹായങ്ങൾ നൽകി. വിവാഹത്തോടനുബന്ധിച്ച് നവദമ്പതികൾക്ക് ബൈബിൾ നൽകി. പിടിയരി ശേഖരിച്ച് അർഹരായവർക്ക് നൽകി. ബുക്കുകൾ, പഠനോപകരണങ്ങൾ തുടങ്ങിയവ നിർദ്ധനരായ കുട്ടികൾക്ക് നൽകി. ആനിമേറ്റർ സിസ്റ്ററിന് യാത്രയയപ്പ് നൽകി. രോഗിസന്ദർശനം, ഹോസ്പിറ്റൽ സന്ദർശനം, അഗതിമന്ദിരം എന്നിവ സന്ദർശിച്ചു. സെമിനാരി വിദ്യാർത്ഥികളെ സഹായിക്കാനായി ഫണ്ട് സ്വരൂപിച്ചു. ഭവനനിർമ്മാണ സഹായത്തിനായി കിട്ടിയ തുക വികാരിയച്ചനെ ഏൽപ്പിച്ചു.

**കോട്ടത്തറ**

യുവജനങ്ങൾക്കായി 1 മണിക്കൂർ ആരാധന നടത്തി. ബാങ്ക് അക്കൗണ്ടിനെക്കുറിച്ച് ബഹു. ജെസ്റ്റിൻ സാർ ക്ലാസ്സെടുത്തു. മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടിയും ഗർഭിണികൾക്കുവേണ്ടിയും അമ്മമാർ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഒരു നിർദ്ധനകുടുംബത്തിന് 1000 രൂപ നൽകി. കൽപറ്റ ഓർഫണേജ് സന്ദർശിച്ചു.

**വടപുറം**

അമ്മമാർ തൂവരുള്ള അഗതിമന്ദിരം സന്ദർശിച്ചു. 23500 രൂപ സാമ്പത്തിക സഹായം നൽകി.

**വാഴവറ്റ**

ഭവനസന്ദർശനം, രോഗിസന്ദർശനം എന്നിവ നടത്തി. മാതാവിന്റെ വണക്കമാസാചരണം നടത്തി. ആനിമേറ്റർ സിസ്റ്ററിന് യാത്രയയപ്പ് നൽകി.

**പാതിരിപ്പാടം**

കിടപ്പുരോഗികളുടെ ഭവനം സന്ദർശിച്ചു. വണക്കമാസം ആചരിച്ചു. പള്ളിപരിസരങ്ങളിൽ ചെടികൾ നട്ടു. സിമിത്തേരിയും പള്ളി പരിസരവും വൃത്തിയാക്കി.

**കല്ലുവയൽ**

വൈദിക വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കായി ഒരമ്മ 10 രൂപ വീതം സംഭാവനചെയ്തു. വണക്കമാസാചരണം നടത്തി. കുടുംബകൂട്ടായ്മയുടെ വാർഷികത്തോടനുബന്ധിച്ച് അമ്മമാർ കലാപരിപാടികൾ അവതരിപ്പിച്ചു.

**മരകാവ്**

പ്രവർത്തനഫണ്ടിനായി കൂപ്പൺ അടിച്ച് വിതരണം ചെയ്തു. ജൈവ പച്ചക്കറിതൈകളും വിത്തുകളും 300 കുടുംബങ്ങൾക്ക് വാങ്ങി നൽകി. എലീശ്വാ സന്ദർശനം നടത്തി. നിർദ്ധനരായ കുട്ടികൾക്ക് പഠനസഹായം നൽകി.

**ചുങ്കക്കുന്ന്**

വി. യൗസേപ്പിന്റെ തിരുനാൾ ദിനത്തിൽ തൊഴിലാളികൾക്കു വേണ്ടി പ്രാർത്ഥിച്ചു. ആദ്യകുർബാന സ്വീകരിക്കുന്ന ഒരു പാവപ്പെട്ട കുട്ടിയുടെ കുടുംബത്തിന് 2000 രൂപയും 6 വിദ്യാർത്ഥികൾക്ക് കുടയും നൽകി. ആനിമേറ്റർ സിസ്റ്ററിന് യാത്രയയപ്പ് നൽകി. മാതാവിന്റെ വണക്കമാസത്തിന് പാച്ചോർ നേർച്ച തയ്യാറാക്കി.

**ഏലപ്പീടിക**

ആനിമേറ്റർ സിസ്റ്ററിന് യാത്രയയപ്പ് നൽകി. പുതുതായി ചാർജ്ജെടുത്ത ആനിമേറ്റർ സിസ്റ്ററിനെ സ്വാഗതം ചെയ്തു.

**കുറുമണി**

മാതാവിന്റെ വണക്കമാസം തീരുന്നതിന്റെ ഭാഗമായി ജപമാലറാലിയും പാച്ചോർ നേർച്ചയും നടത്തി. വി. കുർബാന മദ്ധ്യേ കാഴ്ചസമർപ്പണം നടത്തി. കിട്ടിയ തുക വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകി. പുതുതായി ചാർജ്ജെടുത്ത ആനിമേറ്റർ സിസ്റ്ററിനെ സ്വാഗതം ചെയ്തു.

**പുഴമുടി**

മാതാവിന്റെ വണക്കമാസാചരണം നടത്തി. നേർച്ചഭക്ഷണം വിതരണം ചെയ്തു. 2000 രൂപ പഠനസഹായം നൽകി. രോഗീസന്ദർശനം നടത്തി. കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. സെമിനാരി വിദ്യാർത്ഥികളുടെ പഠനത്തിനായി അമ്മമാർ 10 രൂപ വീതം സംഭാവന ചെയ്തു.

**തലപ്പുഴ**

അമ്മമാർ ദശാംശം സ്വരൂപിച്ച് കുഴിനിലത്തുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഭക്ഷണസാധനങ്ങൾ വാങ്ങി. കിടപ്പു രോഗികളെ സന്ദർശിച്ചു. ചെറിയ സഹായങ്ങൾ ചെയ്തു കൊടുത്ത് അവർക്കു വേണ്ടി പ്രാർത്ഥിച്ചു. മാതാവിന്റെ വണക്ക മാസത്തിന് പൂക്കൾ വാങ്ങി. പാച്ചോർ നേർച്ച നടത്തി.

**ഒണ്ടയങ്ങാടി**

ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ ലഹരിവിമുക്തിക്കായ്

കരുണകൊന്ത ചൊല്ലുകയും  ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ ക്കുറിച്ചുള്ള വിവരണവും പ്രാർത്ഥനയും അടങ്ങിയ ലഘുലേഖ ഇടവകയിൽ കൊടുത്തു. വിവാഹതടസ്സം നേരിടുന്ന യുവതീയുവാക്ക ന്മാർക്ക് അഖണ്ഡജപമാല ചൊല്ലി. എലീശ്വാ സന്ദർശനം നടത്തി. പോരൂർ സ്നേഹസദൻ സന്ദർശിച്ചു. ജൈവപച്ചക്കറിത്തോട്ടം വിലയിരുത്തി. ശ്രീമതി ഗ്രേസി ടീച്ചർ അമ്മമാർക്ക് പെയിന്റിംഗിനെ ക്കുറിച്ച് ക്ലാസ്സ് കൊടുത്തു.

**മുതിരേരി**

മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർക്കായി 165-ഓളം സാരി വാങ്ങി. രോഗീസന്ദർശനം നടത്തി. ഒരു ക്യാൻസർ രോഗിക്ക് ചികിത്സ സഹായമായി 5000 രൂപ നൽകി. വേളാങ്കണ്ണിയിൽ തീർത്ഥാടനം നടത്തി.

**കാവുംമന്ദം**

രോഗീസന്ദർശനം, എലീശ്വാ സന്ദർശനം എന്നിവ നടത്തി. ഇടവകയ്ക്കും കുടുംബങ്ങൾക്കുവേണ്ടി ജാഗരണ പ്രാർത്ഥന നടത്തി.

**ജൂഡ്സ് മൗണ്ട്**

സെമിത്തേരി വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി. ഗവ. ആശുപത്രിയിൽ ഉച്ചഭക്ഷണം തയ്യാറാക്കാൻ സഹായിച്ചു.

**കയ്യൂന്നി**

വാർഷിക ധ്യാനത്തിനൊരുക്കമായി 3 സെന്ററുകളിലായി ഉപവാസപ്രാർത്ഥനയും അഖണ്ഡ ജപമാലയും നടത്തി. മാതൃദിന ത്തോടനുബന്ധിച്ച് വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു ഷോൾ അണിയിച്ചു. ദൈവവിളി പ്രോത്സാഹനമായി കോൺവെന്റിൽ പോയ രണ്ടു കുട്ടികൾക്ക് 2000 രൂപ വീതം നൽകി. വിവാഹ സഹായമായി ഒരാൾക്ക് 2000 രൂപ നൽകി. ബത്തേരിയിലെ സ്നേഹതണൽ സ്ഥാപനത്തിലേക്ക് 1000 രൂപയും പാലിയേറ്റീവ് കെയറിൽ ഭക്ഷണത്തിനായി 2000 രൂപയും നൽകി.

**കൽപ്ര**

ചെയിൻ റോസറി നടത്തിവരുന്നു. പ്രൊ-ലൈഫ് പ്രവർത്തന ങ്ങളുടെ വിജയത്തിനായി  തിരുഹൃദയ ജപമാല നടത്തിവരുന്നു. സ്കൂൾ വിദ്യാർത്ഥികൾക്കായി കരുണകൊന്ത ചൊല്ലി. മാതാവിന്റെ വണക്കമാസം ആചരിച്ചു. സെമിനാരി വിദ്യാർത്ഥികൾക്കായി 1500 രൂപ അമ്മമാർ നൽകി. അമ്മ എന്ന പേരിൽ കയ്യെഴുത്ത് മാസിക തയ്യാറാക്കി പ്രകാശനം ചെയ്തു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ( 7-6-19)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഒരു മാസത്തെ ശുശ്രൂഷയും വിലയിരുത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 6 മണിക്ക് ജാഗരണ പ്രാർത്ഥന നടത്തി. 10 മണിക്ക് സമാപിച്ചു.

**ആദ്യശനി (1-6-19) കൺവെൻഷൻ**

രാവിലെ 6 മണിക്ക് സഹന ജപമാല ചൊല്ലി പ്രാർത്ഥിച്ചു. 8-45ന് പൊതുശുശ്രൂഷകൾ ആരംഭിച്ചു. ജപമാലപ്രദക്ഷിണം സ്തുതി ആരാധന എന്നിവയ്ക്ക് ശേഷം സിസ്റ്റർ ക്രിസ്റ്റി മരിയ SABS വചനപ്രഘോഷണവും സിയോൻ ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് വി.ബലിയും അർപ്പിച്ചു. ലഘുഭക്ഷണത്തിനുശേഷം സ്തുതി ആരാധനയ്ക്ക് റവ.ഫാ. ബാബു മൂത്തേടത്ത് നേതൃത്വം നല്കി.

**രണ്ടാം ശനി ( 8-6-19) പൊതുസ്പിരിച്ച്വൽ ഷെയറിംഗ്**

വെള്ളിയാഴ്ച വൈകിട്ട് 4 മുതൽ സ്പിരിച്ച്വൽ ഷെയറിംഗിന് ഒരുക്കമായി ശുശ്രൂഷകർ പ്രാർത്ഥനാ കൂട്ടായ്മ നടത്തി. രാത്രി 8 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു. ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചെത്തി. 9.30ന് സ്പിരിച്ച്വൽ ഷെയറിംഗ് ആരംഭിച്ചു. 50 പേർ പങ്കെടുത്തു.

**ജാഗരണം മൂന്നാം വെള്ളി (21-6-19)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ചു. തുടർന്ന് കരുണകൊന്ത, ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ നടത്തി. ബ്രദർ ജോസ് മാലോല വചനപ്രഘോഷണവും തുടർന്ന് റവ. ഫാ. സോണി വാഴകാട്ട് വി. ബലിയും അർപ്പിച്ചു.

**മൂന്നാം ശനി (15-6-19) സിയോൻ കുടുംബകൂട്ടായ്മദിനം**

ശനിയാഴ്ച രാവിലെ 9 മണി മുതൽ സീയോൻ ശുശ്രൂഷകരുടെ കുടുംബകൂട്ടായ്മ നടത്തി. റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വചന പ്രഘോഷണവും തുടർന്ന് റവ. ഫാ. സോണി വാഴകാട്ട്,

റവ.ഫാ.ജെയ്മോൻ കളമ്പുകാട്ട്, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ എന്നിവർ വി. ബലിയും അർപ്പിച്ചു. തുടർന്ന് ഉച്ചഭക്ഷണത്തിനുശേഷം കുടുംബങ്ങൾ ഷെയറിംഗ് നടത്തി. 3.30 ന് സമാപിച്ചു.

**താമസിച്ചുള്ള ധ്യാനങ്ങൾ**

2 മുതൽ 5 വരെ സീയോൻ ധ്യാനകേന്ദ്രത്തിൽ +2 കഴിഞ്ഞ കുട്ടികൾക്കായി 3 ദിവസത്തെ ധ്യാനത്തിന് റവ. ഫാ. സോണി വാഴകാട്ട്, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. ബാബു മൂത്തേടത്ത്, റവ. ഫാ. നോബിൾ പാറയ്ക്കൽ, ബ്രദർ ജോസഫ് വട്ടക്കുന്നേൽ എന്നിവർ നേതൃത്വം നല്കി.

**ആന്തരികസൗഖ്യ ധ്യാനം (ജൂൺ 21–24)**

21 മുതൽ 24 വരെയുള്ള ആന്തരിക സൗഖ്യധ്യാനത്തിന് റവ.ഫാ.സോണി വാഴകാട്ട്, റവ. ഫാ. ബാബു മൂത്തേടത്ത്, റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ, ബ്രദർ പൈലി തുറപ്പാട്ട്, ബ്രദർ ബിജു വാകേരി, സിസ്റ്റർ ലിസ SKD എന്നിവർ നേതൃത്വം നൽകി.

**നാലാം ശനി (22–6–19) രോഗസൗഖ്യ ശുശ്രൂഷാദിനം**

രാവിലെ സൗഖ്യശുശ്രൂഷകൾക്കു വേണ്ടിയുള്ള പ്രാർത്ഥന ആരംഭിച്ചു. ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വി. കുർബാന, തൈലാഭിഷേക പ്രാർത്ഥന എന്നിവയ്ക്ക് റവ. ഫാ. സോണി വാഴകാട്ട് നേതൃത്വം നല്കി.

**Nurses Retreat**

26 മുതൽ 30 വരെ ഹസ്സനിൽ നേഴ്സിംഗ് വിദ്യാർത്ഥികളുടെ 5 ദിവസത്തെ ധ്യാനത്തിന് സിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ, റവ. ഫാ. സോണി വാഴകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ, ബ്രദർ ബിജു വാകേരി, സി. മെറീന FCC, സി. അന്ന FCC, മേരി തെനംകുഴി എന്നിവർ നേതൃത്വം നല്കി.

**2019 ജൂലൈ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 6–7–2019 ആദ്യശനി | – | ഏകദിന കൺവെൻഷൻ |
| 12–7–2019 രണ്ടാം വെള്ളി | – | തൂവാനീസാ സംഗമം |
| 13–7–2019 രണ്ടാം ശനി | – | പൊതു സ്പിരിച്ചൽ ഷെയറിംഗ് |
| 19–7–2019 മൂന്നാം വെള്ളി | – | ജാഗരണ പ്രാർത്ഥന |
| 19–22 വെള്ളി – തിങ്കൾ | – | വിധവ വിധുരൻ ധ്യാനം |
| 27–7–2019 നാലാം ശനി | – | രോഗസൗഖ്യ ശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്**

ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരേ,

ജൂലൈമാസം ഭാരതത്തിലെ-പ്രത്യേകിച്ച് കേരളത്തിലെ ക്രൈസ്തവർക്ക് പ്രാധാന്യമുള്ള മാസമാണല്ലോ. ജൂലൈ മൂന്ന്-ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെയും, ജൂലൈ 28-മലയാളികളുടെ സ്വന്തം വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും തിരുനാളുകളാണല്ലോ. മാർത്തോമ്മാ ക്രിസ്ത്യാനികളെന്ന പേര് അഭിമാനപൂർവം ഉയർത്തിക്കാട്ടുന്ന നാം ശ്ലീഹായുടെയും അൽഫോൻസാമ്മയുടെയും ജീവിത മാതൃകകൾ പിന്തുടരുന്നുണ്ടോയെന്ന് ഇത്തരുണത്തിൽ ചിന്തിക്കുന്നത് ഉചിതമായിരിക്കും. നമ്മുടെ അവകാശങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കുന്ന നാം നമ്മുടെ കടമകൾ വിസ്മരിക്കുന്നുണ്ടോയെന്നും വിചിന്തനം ചെയ്യണം. യേശുവിന്റെ കരുണയുടെയും ത്യാഗത്തിന്റെയും മുഖമായിരുന്നു ഈ വിശുദ്ധർ. വിൻസെൻഷ്യൻ സഹോദരരായ നാം ഇവർ തെളിച്ച പാതയിലൂടെ മുന്നേറണമെങ്കിൽ സഹനത്തിന്റെയും സ്നേഹത്തിന്റെയും കരുണയുടെയും മുഖങ്ങൾ സ്വാംശീകരിച്ച് മററുള്ളവർക്കു മുന്നിൽ മറ്റൊരു ക്രിസ്തുവായി മാറണം. ഇതിനായി പരിശുദ്ധാത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് ഏറ്റുവാങ്ങാം. പരിശുദ്ധാത്മാവ് നമ്മെ നയിക്കട്ടെ.

**സി.സി. വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ 41-ാമത് വാർഷികം മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ നടന്നു. സി.സി.യുടെ കീഴിലെ വിവിധ കോൺഫ്രൻസുകളിൽ നിന്നായി 300-ലേറെപ്പേർ സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനത്തിന് തുടക്കം കുറിച്ച് സി.സി. ആത്മീയ ഉപദേഷ്ടാവ് റവ.ഫാ.അഗസ്റ്റിൻ പുത്തൻപുരയുടെ നേതൃത്വത്തിൽ സമൂഹബലി അർപ്പിച്ചു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി സമ്മേളന നഗറിൽ പതാക ഉയർത്തി. പുൽപ്പള്ളി എ.സി. പ്രസിഡന്റ് ബ്ര.എ.കെ. ഇമ്മാനുവേൽ സ്വാഗതം ആശംസിച്ചു. സി.സി.ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം പ്രവർത്തനറിപ്പോർട്ട്, സി.സി. ട്രഷറർ

ബ്ര.എൻ.യു.ജോൺ നെടുംകൊമ്പിൽ വരവ്-ചിലവ് കണക്ക്, ഓസാനാംഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുംചേരി ഓസാനാം ഭവന്റെ പ്രവർത്തന റിപ്പോർട്ട് എന്നിവ അവതരിപ്പിച്ചു. സമ്മേളനം ഇവ അംഗീകരിച്ചു. മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഇന്ത്യൻ ദേശീയ കൗൺസിൽ പ്രസിഡന്റ് ബ്ര.ജോൺസൺ വർഗീസ് മുഖ്യസന്ദേശം നല്കി. മുള്ളൻകൊല്ലി ഫൊറോന വികാരി റവ. ഫാ. ചാണ്ടി പുനക്കാട്ട്, സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര എന്നിവർ ആശംസകളർപ്പിച്ചു. പ്രോജക്ട് വിഷൻ ഓഫ് ഇന്ത്യ ഡയറക്ടർ റവ.ഫാ. ജോർജ്ജ് കണ്ണന്താനം നേത്രദാന സന്ദേശം നല്കി. പുൽപ്പള്ളി എ.സി. ജനറൽസെക്രട്ടറി അജി വിരിപ്പാമറ്റം നന്ദി അർപ്പിച്ചു. പ്രാർത്ഥനകൾക്ക് ഗൂഡല്ലൂർ എ.സി. പ്രസിഡന്റ് സി. വത്സമ്മ പീറ്റർ ഇളയച്ചാനി, പാടിച്ചിറ എ.സി. പ്രസിഡന്റ് ബ്ര. മാത്യു തറയിൽ, പാടിച്ചിറ എ.സി. സെക്രട്ടറി സി.ലീലാമ്മ വിളയാനിപ്പറമ്പിൽ എന്നിവർ നേതൃത്വം നല്കി. സ്നേഹവിരുന്നോടെ സമ്മേളനം സമാപിച്ചു.

**സി.സി.ബോർഡ് യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ ബോർഡ് യോഗം ജൂൺ രണ്ടിന് ഓസാനാം ഭവനിൽ നടന്നു. സി.സി. പ്രസിഡന്റ് ബ്ര. ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി. പ്രവർത്തന റിപ്പോർട്ട്, വരവ് -ചിലവ് കണക്കുകൾ എന്നിവ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം ഇവ അംഗീകരിച്ചു .സംഘടനാ പ്രവർത്തനം ശക്തമാക്കുന്നതിനാവശ്യമായ മാർഗരേഖ അവതരിപ്പിച്ചു. മാർഗരേഖ സി.സി.യുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു. ജൂൺ 15-ന് സി.സി. യോഗം ചേരുവാൻ തീരുമാനിച്ചു.

**സി.സി.യോഗം**

സി.സി.യോഗം ജൂൺ 15-ശനിയാഴ്ച നടവയൽ ഓസാനാംഭവനിൽ നടന്നു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര യോഗം ഉദ്ഘാടനം ചെയ്തു. പ്രവർത്തനറിപ്പോർട്ട്, കണക്കുകൾ എന്നിവ അവതരിപ്പിച്ചു. യോഗം ചർച്ചകൾക്കുശേഷം ഇവ അംഗീകരിച്ചു.

**യോഗ തീരുമാനങ്ങൾ**

കോൺഫ്രൻസുകളുടെ പ്രവർത്തനം ശക്തമാക്കുവാൻ തീരുമാനിച്ചു. എ.സി. പ്രസിഡന്റുമാർ തൊട്ടടുത്ത എ.സി.കൾ സന്ദർശിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ഒന്നാം ഘട്ടമായി ജൂലൈ മാസത്തെ എ.സി. യോഗങ്ങളിൽ പങ്കെടുക്കണം. കൊട്ടിയൂർ-മാനന്തവാടി, കല്പ്പറ്റ -ചുണ്ടക്കര, തരിയോട്-കുറുമ്പാല, തോണിച്ചാൽ-കല്ലോടി, പയ്യമ്പള്ളി-പാടിച്ചിറ, നടവയൽ-പുൽപ്പള്ളി, ബത്തേരി-വാഴവറ്റ, നിലമ്പൂർ-മണിമൂളി.

എ.സി തലത്തിൽ വിസിറ്റിംഗ് ഗ്രൂപ്പിനെ നിയമിക്കുവാൻ തീരുമാനിച്ചു. ഇതിനായി ഓരോ എ.സിയിൽ നിന്നും മൂന്നുപേരെ വീതം എ.സി. പ്രസിഡന്റുമാർ തെരഞ്ഞെടുത്ത് ജൂലൈ 15-നകം സി.സി.യിൽ അറിയിക്കേണ്ടതാണ്. ഇവർക്ക് സി.സി. തലത്തിൽ പരിശീലനം നല്കുന്നതാണ്. കോൺഫ്രൻസ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി സി.സി.ബോർഡ് അംഗങ്ങൾക്ക് എ.സി.കളുടെ ചുമതല നല്കി. കല്ലോടി-ബ്ര.അഗസ്റ്റിൻ കൊടിയംകുന്നേൽ, വാഴവറ്റ, കല്പ്പറ്റ- ബ്ര. തോമസ് മാങ്ങൻ, നിലമ്പൂർ, മണിമൂളി - ബ്ര.ജോസ് തുരുത്തിപ്പാറ, പുൽപ്പള്ളി, തോണിച്ചാൽ - ബ്ര.ജോർജ്ജ് ആക്കാന്തിരി, നടവയൽ, പാടിച്ചിറ-ബ്ര. ബാബുനമ്പുടാകം, മാനന്തവാടി, പയ്യംമ്പള്ളി-എൻ.യു. ജോൺ, സുൽത്താൻബത്തേരി-കെ.പി.ജോൺ, കുറുമ്പാല, തരിയോട് -പി.എ.മത്തായി, കൊട്ടിയൂർ, ചുണ്ടക്കര-ബ്ര.ഫ്രാൻസീസ് പുലിക്കോട്ടിൽ, ഗൂഡല്ലൂർ-വിൻസെന്റ് ജോൺ. 2019 സെപ്തംബർ 14-നകം രൂപതയിലെ മുഴുവൻ ഇടവകകളിലും കോൺഫ്രൻസുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചു.

ജൂലൈ 27-ശനിയാഴ്ച രാവിലെ 10.30-മുതൽ ഒരു മണിവരെ എ.സിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കോർഗ്രൂപ്പിന് നടവയൽ ഓസാനാംഭവനിൽ പരിശീലനം.

കോൺഫ്രൻസ് ട്രഷറർമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനം നൽകും. ഈ പരിശീലന സമയത്ത് അച്ചടിച്ച ലഡ്ജർ ബുക്കുകൾ നൽകുന്നതാണ്. പരിശീലന തീയതി, നടക്കുന്ന സ്ഥലം, പങ്കെടുക്കേണ്ട എ.സി.കൾ എന്നിവ ചുവടെ ചേർക്കുന്നു. നവംബർ 30-നിലമ്പൂർ (നിലമ്പൂർ, മണിമൂളി, ഗൂഡല്ലൂർ എ.സികളിലെ കോൺഫ്രൻസ്, എ.സി. ട്രഷറർമാർ), ഡിസംബർ 7-ബത്തേരി (ബത്തേരി, പുൽപ്പള്ളി, പാടിച്ചിറ, വാഴവററ, കല്പ്പറ്റ, നടവയൽ), ഡിസംബർ 14-ദ്വാരക പാസ്റ്ററൽ സെന്റർ ഓഫീസ് (മാനന്തവാടി, കൊട്ടിയൂർ, തോണിച്ചാൽ, പയ്യംമ്പള്ളി, കല്ലോടി, തരിയോട്, കുറുമ്പാല, ചുണ്ടക്കര).

അടുത്ത സി.സി. വാർഷികം ബത്തേരി അസംപ്ഷൻ പള്ളിയിൽവച്ച് നടത്തുവാൻ തീരുമാനിച്ചു.

2020-ലെ കലണ്ടർ അച്ചടിച്ച് വിതരണം ചെയ്യുവാൻ തീരുമാനിച്ചു. ആവശ്യമുള്ള കലണ്ടറുകളുടെ എണ്ണം അതാത് കോൺഫ്രൻസുകൾ എ.സി. പ്രസിഡന്റുമാർ മുഖേന ജൂലൈ 15-നകം അറിയിക്കേണ്ടതാണ്. കോൺഫ്രൻസുകൾ പ്രവർത്തിക്കുന്ന ഇടവകകളിലെ മുഴുവൻ കുടുംബങ്ങളിലും ഇത്തവണ കലണ്ടർ എത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

**ഓസാനാംഭവൻ**

നടവയൽ ഓസാനാംഭവന്റെ പ്രവർത്തനങ്ങളിൽ കോൺഫ്രൻസുകളുടെ ശ്രദ്ധ അടുത്ത കാലത്തായി അല്പം മന്ദീഭവിച്ചതായി യോഗം വിലയിരുത്തി. കോൺഫ്രൻസുകൾക്ക് സന്ദർശനത്തിനായി നിശ്ചിത ആഴ്ചകൾ പറയാറുണ്ടെങ്കിലും അവ കൃത്യമായി പാലിക്കപ്പെടാത്തതായി കാണുന്നു. അതാത് കോൺഫ്രൻസ് ഭാരവാഹികളും, എ.സി. ഭാരവാഹികളും ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിക്കേണ്ടതാണ്. എ.സി. പ്രസിഡന്റുമാർ ഓരോ കോൺഫ്രൻസും നിശ്ചിത ആഴ്ചകളിൽ സന്ദർശനം നടത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഓസാനാംഭവൻ 20-ാം വാർഷികം 2019 സെപ്തംബർ 28-ന് നടത്തുവാൻ തീരുമാനിച്ചു. ഓസാനാംഭവന് വെബ്സൈറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിനായി ബ്ര. ബാബു നമ്പുടാകം, വിൻസെൻറ് ജോൺ എന്നിവരെ ചുമതലപ്പെടുത്തി.

**കോൺഫ്രൻസ് ഭാരവാഹികൾ**

നടവയൽ എ.സി.യിലെ നെയ്ക്കുപ്പ സെന്റ് ജോസഫ്സ് കോൺഫ്രൻസിന്റെ വാർഷിക പൊതുയോഗം നടന്നു. ഇടവക വികാരി റവ.ഫാ. ഡേവിസ് എടക്കളത്തൂർ യോഗം ഉദ്ഘാടനം ചെയ്തു. എ.സി. പ്രസിഡന്റ് ബ്ര.സണ്ണി തോമസ് ആലഞ്ചേരി അധ്യക്ഷത വഹിച്ചു. സി.സി.ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം തെരഞ്ഞെടുപ്പ് നടപടികൾ നിയന്ത്രിച്ചു. ഭാരവാഹികൾ-ബ്ര.റോബർട്ട് കുഴിപ്പള്ളിൽ (പ്രസി.), ബ്ര.മാത്യു കുടിയിരിക്കൽ (സെക്ര.), സജി വെളുത്തേടത്തുപറമ്പിൽ (ട്രഷറർ), ഫിലിപ്പ് മുണ്ടയ്ക്കൽ (വൈസ് പ്രസി.), ആനന്ദ് പുളിമൂട്ടിൽ (ജോ.സെക്ര.).

കേണിച്ചിറ സെൻറ് സെബാസ്റ്റ്യൻസ് കോൺഫ്രൻസിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. കോൺഫ്രൻസ് ആത്മീയ

ഉപദേഷ്ടാവ് റവ.ഫാ.ജോസ് മോളേപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ബ്ര.എ. ജെ. മത്തായി എടയാടിയിൽ (പ്രസി.), ബ്ര.ഔസേഫ് പുല്ലാട്ട് (സെക്ര.), ബ്ര.ജെയിംസ് മങ്കൊമ്പിൽ (ട്രഷറർ), ബ്ര.ഷാജി പാലപ്പറമ്പിൽ (വൈ.പ്രസി.).

നടവയൽ ഇൻഫന്റ് ജീസസ് വനിതാകോൺഫ്രൻസിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സി. മിനി ആന്റണി പുതുശ്ശേരിയിൽ (പ്രസി.), ഷീമ മാനുവൽ പുത്തൻപുര (സെക്ര.), റെജീന ഷാജി പുളിക്കൽ (ട്രഷറർ), ലീലാമ്മ സെബാസ്റ്റ്യൻ ചിറപ്പുറം (വൈ.പ്രസി.).

**ഓസാനാംഭവൻ സന്ദർശനം**

ജൂലൈ 1-8-പാടിച്ചിറ എ.സി.യിൽപ്പെട്ട മരക്കടവ്, കബനിഗിരി, സീതാമൗണ്ട് കോൺഫ്രൻസുകൾ. 9-15-ശിശുമല, പാടിച്ചിറ കോൺഫ്രൻസുകൾ. ജൂലൈ 16-23- പുൽപ്പള്ളി എ.സി.യിൽപ്പെട്ട മരകാവ് .ജൂലൈ 24-30-മുള്ളൻകൊല്ലി, ആടിക്കൊല്ലി കോൺഫ്രൻസുകൾ.

ഓഗസ്റ്റ് 1-15-വാഴവററ എ.സിയിൽപ്പെട്ട കോൺഫ്രൻസുകൾ. 16-30-കൊട്ടിയൂർ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ.

സ്നേഹപൂർവ്വം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

## ജീസസ് യൂത്ത്

*തോമസ് പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ  (യോഹ 20:28)*

ക്രിസ്തുവിൽ ഏറെ സ്നേഹിക്കപ്പെടുന്ന പ്രിയപ്പെട്ട ജീസസ് യൂത്ത് കുടുംബാംഗങ്ങളെ,

ജൂലൈ മാസം നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരുമാസമാണല്ലോ. ഭാരതത്തിന്റെ അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹായുടേയും കേരള സഭയുടെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെയും തിരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ തോമാശ്ലീഹായുടെ ചൈതന്യത്താൽ നിറയുന്ന പ്രേഷിതരായിതീരുക എന്ന വെല്ലുവിളി ഇന്നും നമ്മുടെ മുമ്പിലുണ്ട്. ഈശോയുടെ സ്നേഹിതനും പ്രിയ ശിഷ്യനുമായ തോമാശ്ലീഹാ ഈശോയോടൊപ്പം ഇറങ്ങിതിരിച്ച്  നമുക്കും അവനോടൊപ്പം പോയി മരിക്കാം എന്നു പറഞ്ഞുകൊണ്ട് അവനോടൊപ്പം സഞ്ചരിക്കാൻ ധൈര്യം കാണിച്ച തോമാശ്ലീഹാ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ലോകം മുഴുവൻ സധൈര്യം ക്രിസ്തുവിനെ പ്രഘോഷിച്ചു. നമ്മുടെ ഇന്ത്യയിലും കേരളത്തിലും വന്ന് നമുക്കു ക്രിസ്തീയ ചൈതന്യം പകർന്നു തന്നു. സഭാമക്കൾ എന്ന നിലയിൽ നമ്മൾ ഈ ചൈതന്യം സ്വീകരിച്ചുകൊണ്ട് സഭയ്ക്കും ലോകത്തിനും വേണ്ടി തീക്ഷ്ണതയോടെ പ്രവർത്തിക്കേണ്ടവരാണ്. നമുക്കു നൽകപ്പെട്ട ഈ ക്രിസ്തീയ ചൈതന്യം നമുക്കു ചുറ്റുമുള്ള നമ്മുടെ സഹോദരങ്ങൾക്ക് പകർന്നു നൽകണമെന്ന് ഓരോ ദുക്റാന തിരുനാളും നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ ചൈതന്യം സ്വീകരിച്ച അൽഫോൻസാമ്മ സഹനത്തിന്റെ പുണ്യപുഷ്പമായി ഓരോ സഹനങ്ങളിലും ദൈവത്തെ പ്രീതിപ്പെടുത്താനാകുമെന്നും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ച് വിശുദ്ധരാകാൻ സാധിക്കുമെന്നും നമ്മെ പഠിപ്പിക്കുന്നു. ഈ വിശുദ്ധരുടെ ജീവിതമാതൃക സ്വീകരിച്ചുകൊണ്ട് ഈ ക്രിസ്തീയ ചൈതന്യത്തിൽ വളരാൻ നമുക്കും പ്രാർത്ഥിക്കാം, അതിനായി പരിശ്രമിക്കാം. എല്ലാ വർക്കും ദുക്റാനതിരുനാളിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്താടെ നേരുന്നു.

**ഫാ. ജെയ്മോൻ കളമ്പുകാട്ട്**

ചാപ്ലയിൻ, ജീസസ് യൂത്ത്, മാനന്തവാടി.

**കഴിഞ്ഞ മാസങ്ങളിൽ നടന്ന ശുശ്രൂഷകൾ/പ്രോഗ്രാമുകൾ**

മെയ് 27 – അഭിവന്ദ്യ പിതാവുമായുള്ള കൂടികാഴ്ച്ച മാനന്തവാടി സോൺ ജീസസ് യൂത്ത് പുതിയ കൗൺസിൽ ടീം നിലവിൽ വന്നതിനു ശേഷമുള്ള അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവുമായുള്ള ആദ്യത്തെ കൂടികാഴ്ച്ച മെയ് മാസം 27-ാം തീയതി സോണൽ കോർഡിനേറ്റർ ഡോ. ഡിനു ആൻ ഡൊമിനിക്കിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**ജൂൺ 1 –ഫുൾടൈമർഷിപ്പ് ട്രെയിനിംഗ്**

ജൂൺ 1 മുതൽ നാല്പ്പതു ദിവസം നീണ്ടുനിൽക്കുന്ന എറണാകുളത്ത് വച്ച് നടത്തപ്പെടുന്ന ട്രെയിനിംഗിൽ ഈ സോണിൽ നിന്നും അബിൻ കുര്യാക്കോസ് (പാടിച്ചിറ), ആൻസ് മരിയ (പുഴമുടി) എന്നിവർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**മെയ് 31–ജൂൺ 1, 2 – ക്രിസ്റ്റീൻ ധ്യാനം – സെന്റ് തോമസ് ചർച്ച്, ദീപ്തിഗിരി**

മാനന്തവാടി സോൺ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ദീപ്തിഗിരി സെന്റ് തോമസ് ദൈവാലയത്തിലെ സൺഡേ സ്കൂളിലെ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി മെയ് മാസം 31 (വെള്ളിയാഴ്ച്ച) രാവിലെ 9 മണി മുതൽ ജൂൺ മാസം 2 (ഞായറാഴ്ച്ച) വൈകുന്നേരം 4 മണിവരെ റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട് അച്ചന്റെ ആത്മീയനേതൃത്വത്തിൽ നടത്തപ്പെട്ട ക്രിസ്റ്റീൻ ധ്യാനത്തിൽ 83 കുട്ടികൾ പങ്കെടുത്തു. ഇടവക വികാരി റവ. ഫാ. ജോസ് കൊട്ടാരത്തിൽ അച്ചൻ ധ്യാനശുശ്രൂഷകൾക്ക് പൂർണ്ണപിന്തുണ നൽകുകയും മതാധ്യാപകരും ഇടവക പ്രതിനിധികളും ധ്യാനസമയങ്ങളിൽ വിവിധ ജോലികളിൽ സഹായിക്കുകയും ചെയ്തു.

**ജീസസ് യൂത്ത് നാഷണൽ കോൺഫറൻസ് – ബാംഗ്ലൂർ**

ജൂൺ മാസം 1, 2 തീയതികളിൽ ബാംഗ്ലൂരിൽ (Asirvanam Benedictine Monastery) വെച്ച് നടത്തപ്പെട്ട ജീസസ് യൂത്ത് നാഷണൽ കോൺഫറൻസിൽ മാനന്തവാടി സോണിൽ നിന്നും അമൽ സെബാസ്റ്റ്യൻ അരീപ്ലാക്കൽ പങ്കെടുത്തു.

**ജൂൺ 8, 9 – റീ-കമ്മിറ്റ്മെന്റ് പ്രോഗ്രാം**

നിലവിൽ ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ ദൈവിക ശുശ്രൂഷയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ജീസസ് യൂത്ത് അംഗങ്ങൾ, ദൈവഹിതത്തിനായി തങ്ങളെ തന്നെ സ്വയം സമർപ്പിക്കുന്നതിന്റെ ഭാഗമായി അതിനായി പ്രാർത്ഥിച്ചു ഒരുങ്ങുവാനുമായി ജൂൺ മാസം 8, 9 തീയതികളിൽ ദ്വാരക സീയോൻ ചാപ്പലിൽ വെച്ച് നടത്തപ്പെട്ട റീ-കമ്മിറ്റ്മെന്റ്

പ്രോഗ്രാമിൽ (സമർപ്പണ - പുന:ർപ്പണശുശ്രൂഷ) വിവിധ സ്ഥലങ്ങളിൽ നിന്നായി 87 ജീസസ് യൂത്ത് അംഗങ്ങൾ പങ്കെടുത്തു.

**ഫോർമേഷൻ കോഴ്സ് - പോൾ കോഴ്സ്**

നിലവിൽ മാനന്തവാടി സോൺ ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ കടന്നുപോകുന്ന ലീഡേഴ്സിനായി നടത്തപ്പെട്ടിരുന്ന ഫോർമേഷൻ കോഴ്സിന്റെ രണ്ടാം ഘട്ടമായ പോൾ കോഴ്സ് പൂർത്തിയാക്കപ്പെട്ടു.

**നടക്കാനിരിക്കുന്ന വിവിധ ശുശ്രൂഷകൾ/ പ്രോഗ്രാമുകൾ**

**ലീഡേഴ്സ് ഗാതറിംങ് - ജൂലൈ 12**

മാനന്തവാടി സോൺ ജീസസ് യൂത്ത് മുന്നേറ്റത്തിൽ നിലവിൽ ശുശ്രൂഷ ചെയ്തുവരുന്ന എല്ലാ ലീഡേഴ്സിന്റേയും ഒരു കൂട്ടായ്മ ജൂലൈ മാസം 12-ാം തീയതി വൈകുന്നേരം 6.30 മുതൽ രാത്രി 11.30 വരെ ദ്വാരക സീയോൻ വട്ടചാപ്പലിൽ വെച്ച് നടത്തപ്പെടുന്നു.

**ഏകദിനശുശ്രൂഷ - ജൂലൈ 13**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ദ്വാരക സീയോൻ വട്ടചാപ്പലിൽ വെച്ച് ജൂലൈ മാസം 13-ാം തീയതി രണ്ടാം ശനിയാഴ് ച്ച രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ യുവജനങ്ങൾക്കായി ഏകദിന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. രാവിലെ ജപമാലയോടു കൂടി ആരംഭിച്ച് ദിവ്യകാരുണ്യ ആശീർവ്വാദത്തോടുകൂടി അവസാനിക്കുന്നതാണ്. കുമ്പസാരം, ക്ലാസ്സ്, വിശുദ്ധ കുർബാന, ഗാനശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന എന്നിവ ഉണ്ടായിരിക്കുന്നതാണ്. എല്ലാ യുവജനങ്ങളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഡോ. ഡിനു ആൻ ഡൊമിനിക്ക്**

സോണൽ കോ-ഓർഡിനേറ്റർ ജീസസ് യൂത്ത്, മാനന്തവാടി.

ഫോൺ : 8281 345 039

# സാമൂഹ്യ സേവനരംഗം (WSSS)

**പങ്കാളിത്ത പഠന പരിപാടി നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായി മട്ടിലയം, പോർലോം നീർത്തട പ്രദേശങ്ങളിൽ പങ്കാളിത്ത പഠനപരിപാടി നടത്തി. നീർത്തടപ്രദേശങ്ങളിൽ വരുന്ന 5 വർഷങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടിയാണ് പങ്കാളിത്ത പഠന പരിപാടി നടത്തിയത്. മട്ടിലയം നീർത്തടത്തിൽ നടന്ന പഠന പരിപാടി തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. എ. ബാബു ഉദ്ഘാടനം ചെയ്തു. മട്ടിലയം നീർത്തട കമ്മിറ്റി പ്രസിഡണ്ട് സർ പി. വെള്ളൻ അദ്ധ്യക്ഷത വഹിച്ചു. പോർലോം നീർത്തടത്തിൽ നടന്ന പഠനപരിപാടി തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ നബാർഡ് ജില്ലാ മാനേജർ ശ്രീമതി ജിഷ വി. ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല മുഖ്യ പ്രഭാഷണം നടത്തി. പങ്കാളിത്ത പഠന പരിപാടിയ്ക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ് പി. എ. തിരുവനന്തപുരം ലോ കോളേജിലെ വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകി.

**സാമ്പത്തിക സഹായം വിതരണം ചെയ്തു.**

പ്രളയ പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഗൂഞ്ജ് ഇന്ത്യ എന്ന ഏജൻസിയുടെ സാമ്പത്തിക സഹായത്തോടെ വേഗത്തിൽ വരുമാനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വാഴ കൃഷി ചെയ്യുന്നതിന് 500 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. കൂടാതെ കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് 25 ഭവനങ്ങൾ പുനരുദ്ധരിക്കുകയും 20 കക്കൂസുകൾ നിർമ്മിക്കുകയും ചെയ്തു. നീരുറവ അടിസ്ഥാനപ്പെടുത്തി 10 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. കൂടാതെ 40 കിണറുകൾ നന്നാക്കി.

**വാർഷിക പൊതുയോഗം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2019 ജൂൺ 11 ന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്നു. ബഹുമാനപ്പെട്ട മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ മുഖ്യ പ്രഭാഷണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി. എ. വാർഷിക ബജറ്റ് പുതിയ വർഷം പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്നിവ വിശദീകരിച്ചു. റവ. ഫാ. ബിജോ കറുകപ്പള്ളിൽ, പ്രദീപ് മാസ്റ്റർ, സിസ്റ്റർ ഡോക്ടർ സ്റ്റെഫീന, ബാലൻ പുതൂർ, കെ.എം. ദേവസ്യ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

**പങ്കെടുത്തു**

കേരള സോഷ്യൽ സർവ്വീസ് ഫോറം കോട്ടയത്ത് വെച്ച് നടത്തിയ വാർഷിക പൊതുയോഗത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, പ്രോഗ്രാം ഓഫീസർ ജോസ് പി. എ. എന്നിവർ പങ്കെടുത്തു.

**DDU-GKY**

ഭാരത സർക്കാർ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം വഴി നടപ്പിലാക്കുന്ന ഒരു യുവജന തൊഴിൽദാന പദ്ധതിയാണ് ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY). ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായ ഈ പദ്ധതി, നിർദ്ധനരായ യുവജനങ്ങൾക്ക് തൊഴിൽ വൈദഗ്ദ്യപരിശീലനവും തൊഴിലും നൽകി ഒരു ഉപജീവനമാർഗ്ഗം പ്രദാനം ചെയ്യുകവഴി ദാരിദ്ര്യ നിർമാർജ്ജനമാണ് ലക്ഷ്യമിടുന്നത്. 15 നും 35 നും ഇടയിൽ പ്രായമുള്ളവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, പ്രാക്തന ഗോത്ര വിഭാഗക്കാർ എന്നിവർക്ക് 45 വയസ്സുവരെയാണ് പ്രായപരിധി. ഡബ്ല്യു എസ്.എസ്.എസ്. (WSSS) ന്റെ കീഴിൽ ഉള്ള DDU-GKY സെന്ററിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാഘോഷവും ലോകരക്തദാന ദിനാചരണത്തിന്റെ ഭാഗമായി വയനാട് ജില്ലാതല ഉദ്ഘാടനവും നടത്തി. വിദ്യാർത്ഥികൾക്ക് രക്തദാനത്തെകുറിച്ചുള്ള ബോധവത്കരണ ക്ലാസ്സും നൽകി.

**കേരള ലേബർ മൂവ്മെന്റ് ( KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീ കരണത്തിനുമായി പ്രവർത്തിച്ചു വരുന്ന കേരള ലേബർ മൂവ് മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**പരിസ്ഥിതി ദിനാഘോഷം**

ജൂൺ 5 ലോകപരിസ്ഥിതി ദിനത്തിൽ വൃക്ഷതൈ നട്ട് ഡയറ ക്ടർ ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. ഇത്തവണത്തെ പരി സ്ഥിതി ദിനം വായു മലിനീകരണം തടയാൻ ആണ് ആഹ്വാനം ചെയ്തി രിക്കുന്നത് എന്ന് അച്ചൻ പരാമർശിച്ചു.

**യൂണിയൻ രജിസ്ട്രേഷൻ**

കേരള ടൈലറിംഗ് വർക്കേഴ്സ് ഫോറത്തിന്റെ യൂണിയൻ രജി സ്ട്രേഷൻ 80% പൂർത്തിയായി. ക്ഷേമനിധി അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ സ്വീകരിച്ചു വരുന്നു.

**യൂണിയൻ മീറ്റിംഗ്**

കർഷക തൊഴിലാളി യൂണിയന്റെ മീറ്റിംഗ് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ ജൂൺ 19-ാം തീയതി നടന്നു. അംശാദായം മുടങ്ങിയവരുടെ കുടിശ്ശിക തീർപ്പാക്കുന്നതിനും അംഗങ്ങളായ കർഷകതൊഴിലാളി കളുടെ മക്കൾക്ക് 2018-19 വർഷത്തെ വിദ്യാഭ്യാസ അവാർഡുകൾ നൽകുന്നതിനും ധാരണയായി. അപേക്ഷ സമർപ്പിക്കുന്ന അവസാന തീയതി 15-07-2019 ആണ്. SSLC 80% മാർക്ക് , ഹയർസെക്കന്ററി 90%, ഡിഗ്രി, പി.ജി. 80% - ഫോൺ നമ്പർ - 04936 204602

**ജീവസ്**

ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി മാനന്തവാടി രൂപത യുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതി യാണ്. ഈ പദ്ധതി ആരംഭിച്ചിട്ട് 2-ാം വർഷത്തിൽ 3000 കുടുംബങ്ങൾ അംഗത്വമെടുത്തു. ഇതുവരെ ഈ സാമ്പത്തിക വർഷത്തിൽ 75 ക്ലയി മുകൾ ലഭിച്ചു.

**SWS**

SWS ഭാരവാഹികൾക്ക് മഴക്കാല രോഗങ്ങളെപറ്റി പയ്യംമ്പള്ളി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സോജൻ ഓഡിറ്റോറിയത്തിൽ വച്ച് ക്ലാസ്സെടുത്തു. കുടനിർമ്മാണം, സോപ്പുനിർമ്മാണം എന്നീ പരിശീലന ങ്ങൾ നടത്തി. ജൂൺ 5 പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി വിവിധ യൂണിറ്റുകളിൽ വൃക്ഷതൈ നടീലും, പരിസര ശുചീകരണവും നടത്തി.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കാർഷിക മേഖലയ്ക്ക് ഉണർവ്വേകിക്കൊണ്ട് ബയോവിൻ അഗ്രോ റിസർച്ചിന്റെ ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മെയ് മാസത്തിലും മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവച്ചു.

ബയോവിൻ കുടുംബത്തിലേയ്ക്ക് ശ്രീ. സിബി (റീജിണൽ ഫീൽഡ് കോർഡിനേറ്റർ, ബയോ തൊണ്ടർനാട്), ശ്രീ. ഷൈജു (റീജിണൽ ഫീൽഡ് കോർഡിനേറ്റർ, ബയോ നെന്മേനി & ബയോ അമ്പലവയൽ) എന്നിവർ പുതിയ അംഗങ്ങളായെത്തി.

കഫെയിൽ അംഗങ്ങളായിരുന്ന കർഷകരുടെ ജൈവ സാക്ഷ്യപത്രം പുതുക്കുന്നതിനുള്ള നടപടികൾ ICS കോർഡിനേറ്ററുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഗൂഡല്ലൂർ മേഖലയിൽ ബയോ ശ്രീമധുര എന്ന പേരിൽ ഒരു പുതിയ ICS രൂപീകരിക്കുകയും, രജിസ്ട്രേഷൻ ജോലികൾ ആരംഭിക്കുകയും ചെയ്തു.

വോഫയിലെ 18 ICS കളുടെ സൊസൈറ്റി രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ റീജണൽ കോർഡിനേറ്റർമാർ നടത്തി വരുന്നു.

വയനാട്ടിലെ മികച്ച കർഷകരെ ആദരിക്കുന്നതിന്റെ ഭാഗമായി പുൽപ്പള്ളിയിൽ നിന്നും ശ്രീമതി മോളി തോമസ്, സീതാമൗണ്ട്, അമ്പലവയലിൽ നിന്നും ശ്രീ. സുരേന്ദ്രൻ, കെ.എം, മഞ്ഞപ്പാറ എന്നിവരെ റേഡിയോ മാറ്റൊലിക്കു വേണ്ടി നിർദ്ദേശിക്കുകയും മാറ്റൊലിയുടെ പത്താം വാർഷികത്തിൽ ഇവരെ ആദരിക്കുകയും ചെയ്തു.

**ജൈവകൃഷി – ശാസ്ത്രീയ രീതിയിൽ: പരിശീലന ശിബിരങ്ങൾ**

കർഷകരെ ജൈവകൃഷി രീതിയുമായി ആഭിമുഖ്യമുള്ളവരാക്കുവാനും ജൈവ വളങ്ങൾ ശാസ്ത്രീയ രീതിയിൽ ഉണ്ടാക്കി കൃഷിയിടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തരാക്കുന്നതിനുമായി ബയോവിന്റെ ആഭിമുഖ്യത്തിൽ പതിനേഴോളം സെമിനാറുകൾ സംഘടിപ്പിക്കുകയും കുമാരി. ലീമ, ICS കോ-ഓർഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ പി.ജെ. എന്നിവർ ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. സെമിനാറുകൾക്കൊടുവിൽ ജീവാമൃതം നിർമ്മിക്കുന്നതിനായി കർഷകർക്ക് പ്രായോഗിക പരിശീലനവും നൽകി.

**കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ**

ചെറു കർഷക സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് 175 ഗ്രൂപ്പുകൾ വിവിധ മേഖലകളിലായി ഒത്തുചേരുകയും ഗ്രൂപ്പുകളിൽ റീജണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേയ്ക്ക് കൊണ്ടുവരിക എന്ന ഉദ്ദെശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 251 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി. പുതിയ കർഷകർക്ക് എത്രയും വേഗത്തിൽ സാക്ഷ്യപത്രം ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ കോ ഓർഡിനേറ്ററുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ജൈവവളം**

കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള വേപ്പിൻ പിണ്ണാക്ക്, സ്വീറ്റ് പൊട്ടാഷ്, എല്ലുപൊടി, ഡോളോമൈറ്റ്, കാൽബഹാർ, കാലപുഷ്ടി, കാൽതൃപ്തി എന്നീ ഉത്പ്പന്നങ്ങൾ റീജിണൽ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലായി വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**കാപ്പി തൈ നേഴ്സറി**

വോഫെയിൽ അംഗങ്ങളായ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി C*R ഇനത്തിൽപെട്ട രണ്ടു ലക്ഷത്തോളം കാപ്പിതൈകൾ ജൂലൈ മാസത്തോടെ കർഷകരിലേയ്ക്ക് എത്തിക്കാവുന്ന രീതിയിൽ ക്രമീകരിച്ചു.

**NAAP സെമിനാർ**

മെയ് മാസം പത്താം തീയതി മൈസൂരിൽ വച്ചുനടന്ന നെറ്റ്വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യുസേഴ്സിന്റെ (NAAP) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിശീലന സെമിനാറിൽ വൊഫ വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ, വൊഫ സെക്രട്ടറി ശ്രീ. ജോയി പരിയാരത്ത്, കഫെ സെക്രട്ടറി ശ്രീ. പി.എ. ജോസ്, കോർഡിനേറ്റർ ശ്രീ.ബിബിൻ ജോയി എന്നിവർ പങ്കെടുത്തു.

**NAAP സന്ദർശനം**

കഫെയുടെ പ്രീമിയം പ്രോജക്ടുകൾ പരിശോധിക്കുന്നതിനും അവ കാർഷിക മേഖലയിൽ വരുത്തിയ വ്യതിയാനങ്ങൾ വിലയിരുത്തുന്നതിനായി മെയ് ഇരുപത്തിനാലാം തീയതി NAAP പ്രതിനിധി ശ്രീ.ജയചന്ദ്രൻ സന്ദർശനം നടത്തി. പ്രീമിയം പ്രോജക്ട് ഉപഭോക്താ

ക്കളെ സന്ദർശിക്കുകയും കഫെ ചെയർമാൻ റവ. ഫാ. ബിജു കോയ്ക്കാട്ടിൽ, കോർഡിനേറ്റർ ശ്രീ. ബിബിൻ ജോയ് എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും മെയ്മാസം ഉണക്ക കാപ്പി കിലോയ്ക്ക് 88 രൂപ നിരക്കിൽ 442000 കിലോയും, ഞാലിപൂവൻ വാഴക്കുല കിലോയ്ക്ക് 40 രൂപ നിരക്കിൽ 4500 കിലോയും, കുരുമുളക് കിലോയ്ക്ക് 405 രൂപ നിരക്കിൽ 5800 കിലോയും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന്, വർഷക്കാരിൽ നിന്നും, കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നുമായി 50000 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 76 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മുല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ മെയ് മാസത്തിലും കാപ്പി, മഞ്ഞൾ, കുരുമുളക്, വാഴപ്പഴം, മാങ്ങാ, ചക്ക, പൈനാപ്പിൾ തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 860 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടന്നുവരുന്നു. സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനും, സ്വയം പര്യാപ്തമായ ഒരു ജീവിതനിലവാരത്തിലേക്കും സാധാരണക്കാരായ ജനങ്ങളെ കൈപിടിച്ചുയർത്തുവാൻ സാധിക്കുന്ന എല്ലാ മാർഗനിർദ്ദേശങ്ങളും സാധ്യതകളും ജനങ്ങളുടെ മുൻപിൽ തുറന്നിടാനും NDS എന്നും ശ്രദ്ധ കാണിക്കുന്നു. രാജ്യത്ത് സാമ്പത്തിക മേഖല പ്രത്യേകിച്ച് കാർഷികമേഖല തകർന്നടിഞ്ഞ ഈ കാലഘട്ടത്തിൽ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിക്കുന്ന നീലഗിരി പോലുള്ള സ്ഥലങ്ങളിൽ NDS പോലുള്ള സന്നദ്ധ സംഘടനകൾക്ക് ഒത്തിരിയേറെ പ്രവർത്തിക്കാനുണ്ട് എന്ന സത്യം ഉൾകൊണ്ട് സ്വയം തൊഴിൽ മേഖലയിലെ സാധ്യതകളെ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടനിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, സോപ്പ്, വാഷിങ്ങ് പൗഡർ, മറ്റ് ലോഷനുകൾ എന്നിവയുടെ നിർമ്മാണവിപണനത്തിനും ആവശ്യമായ ട്രെയിനിംഗുകളും സാധ്യതകളും ജനങ്ങളിൽ എത്തിക്കുന്നു.

**ജീവസ് ഇൻഷൂറൻസ് പദ്ധതി**

സാധാരണ മനുഷ്യരെ കടബാധ്യതകളിലേക്ക് എത്തിക്കുന്നത് രോഗവും അതിന് വരുന്ന ഭാരിച്ച ചിലവുകളുമാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിൽ Star Health ഇൻഷൂറൻസ് പോളിസുമായി ചേർന്ന് കുറഞ്ഞ പ്രീമിയത്തിൽ ഒരു ലക്ഷം രൂപയുടെ ക്ലെയിം ലഭിക്കത്തക്കവിധത്തിൽ ജീവസ് ഇൻഷൂറൻസ് പദ്ധതി പരമാവധി അംഗങ്ങളിൽ എത്തിക്കുവാൻ സാധിച്ചു.

**ഇവാലുവേഷൻ മീറ്റിംഗ്**

ഓരോ സംഘങ്ങളിലും യൂണിറ്റുകളിലും കൃത്യമായി മാസമീറ്റിംഗുകളും ഇവാലുവേഷനും നടന്നുവരുന്നു. കഴിഞ്ഞ മാസാവസാനത്തോടെ എല്ലാ യൂണിറ്റുകളും ഓഡിറ്റിംഗ് പൂർത്തിയാക്കുകയും ചെയ്തു.

**NDS ബയോവിൻ മീറ്റിംഗ് - കയ്യൂന്നി**

നമ്മുടെ കർഷകരെ ജൈവകർഷകരാക്കി മാറ്റുന്ന പ്രവർത്തനത്തിന്റെ ഭാഗമായി കഴിഞ്ഞ 14-06-2019 ന് ചേരംകോട് പഞ്ചായത്തിലെ

എല്ലാ കർഷകർക്കും വേണ്ടി കയ്യൂന്നി ഫാത്തിമാ മാതാ പള്ളി ഓഡി റ്റോറിയത്തിൽ വെച്ച് സെമിനാർ നടത്തുകയുണ്ടായി. റീജണൽ കോഡിനേറ്റർ സ്വാഗതം ആശംസിച്ചു. കയ്യൂന്നി വികാരി ബഹു. ഫാ.തോമസ് മണക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ബയോവിൻ ഡയറക്ടർ ബഹു. ഫാ. ജോൺ ചൂരപുഴയിൽ ജൈവകൃഷിരീതിയുടെ അന്തർദേശീയ മാനദണ്ഡങ്ങൾ മുഖ്യപ്രഭാഷണത്തിൽ വിശദീകരിച്ചു. ബയോവിൻ അസോ. ഡയറക്ടർ ബഹു. ഫാ. ബിനു പൈനുങ്കൽ, NDS ഡയറക്ടർ ബഹു. ഫാ. ബിനോയി കാശാംകുറ്റിയിൽ എന്നിവർ ആശംസകൾ നേർന്നു. ബയോവിൻ പർച്ചേസിംഗ് മാനേജർ ശ്രീ. ഷാജി ജൈവവിളകളുടെ മൂല്യവും വിപണന രീതിയും മാനദണ്ഡങ്ങളും കർഷകർക്ക് വിവരിച്ചുകൊടുത്തു. ICS കോഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ ഫെയർ ട്രേഡ് മാനദണ്ഡങ്ങൾ വിശദീകരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ അംഗങ്ങളുടെ സംശയങ്ങൾക്ക് വിശദമായ ഉത്തരം ബന്ധപ്പെട്ടവർ നല്കി. ശ്രീ. ജോണി പാലാക്കുഴിയിൽ നന്ദി പറഞ്ഞു. ഓരോ മാസത്തേയും പ്രവർത്തനങ്ങൾ വിലയിരുത്തി പുതിയ പ്രവർ ത്തനങ്ങൾ മുന്നിൽ കണ്ട് സാമൂഹിക മേഖലയിൽ സഭയുടെ വക്താവാകുവാൻ NDS എന്ന സംഘടനയ്ക്ക് കരുത്തുനല്കുന്ന ഈശ്വരനോട് പ്രാർത്ഥിച്ചുകൊണ്ട്,

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudallur

**നിറവിന്റെ പത്താണ്ട്**

ശബ്ദം കൊണ്ട് വയനാടൻ ജനതയ്ക്ക് കരുത്തു പകർന്ന കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി പ്രക്ഷേപണത്തിന്റെ പത്ത് വർഷം പൂർത്തിയാക്കിയിരിക്കുകയാണ്. 2019 ജൂൺ ഒന്നിന് രാവിലെ പത്ത് മുതൽ ദ്വാരക കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് പത്താം വാർഷികാഘോഷപരിപാടികൾ നടന്നു . വളണ്ടിയേഴ്സ് സംഗമം, പഴയകാല മാറ്റൊലി പ്രവർത്തകരുടെ സംഗമം, മാറ്റൊലിക്കൂട്ടം –ശ്രോതാക്കൾ– മുൻ സ്റ്റാഫ് സംഗമം, കിടപ്പു രോഗികൾക്കുള്ള റേഡിയോ സെറ്റ് വിതരണ ഉദ്ഘാടനം, ആദരിക്കൽ, പുതിയപ്രോഗ്രാം ലോഞ്ചിംഗ്, മാധ്യമ പുരസ്കാരദാനം, സുവനീർ പ്രകാശനം എന്നിവ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു. ഒ. ആർ. കേളു എം. എൽ. എ. സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാ അധ്യക്ഷൻ മാർ ജോസ് പൊരുന്നേടം അധ്യക്ഷത വഹിക്കുകയും മാനന്തവാടിയിലെ സ്പന്ദനം കൂട്ടായ്മ സ്പോൺസർ ചെയ്ത കിടപ്പുരോഗികൾക്കു വേണ്ടിയുള്ള റേഡിയോസെറ്റുകളുടെ വിതരണം നിർവ്വഹിക്കുകയും ചെയ്തു. പോയ പത്ത് വർഷത്തെ റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങളെ അടയാളപ്പെടുത്തുന്ന സുവനീർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ. ബി. നസീമ പ്രകാശനം ചെയ്തു. സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയം നേടിയ ശ്രീധന്യ സുരേഷിനെ ഐ.സി. ബാലകൃഷ്ണൻ എം. എൽ. എ. ആദരിച്ചു. മാറ്റൊലി മനുഷ്യാവകാശ മാധ്യമപുരസ്കാരം മലയാള മനോരമ ലേഖകനായ ഷാജി പുളിക്കലിന് കളക്ടർ എ.ആർ. അജയകുമാർ നൽകി ആദരിച്ചു. മികച്ച കർഷകനായി തെരഞ്ഞെടുക്കപ്പെട്ട കെ. എം. സുരേന്ദ്രൻ, കർഷക മോളി തോമസ് പുളിക്കക്കുന്നേൽ, മികച്ച സംരംഭകൻ വിൻസെന്റ് കെ.എം, സംരംഭ സിലു മേരി, മികച്ച കായികതാരമായി തെരഞ്ഞെടുക്കപ്പെട്ട അലോഷ്യസ് കെ.ജോഷി, സാഹിത്യപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട ഫാ.ജോസഫ് നെച്ചിക്കാട്ട്, സിനിമാ മേഖലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട രതീഷ് വാസുദേവൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു. കേരള സാഹിത്യ അക്കാദമിയുടെ ആദരവ് ഏറ്റുവാങ്ങിയ മംഗലശ്ശേരി മാധവൻ മാഷിനെ പ്രത്യേകം

ആദരിച്ചു. പതിനൊന്നാം വർഷത്തിലേക്ക് പ്രവേശിച്ചതിനോട് അനുബന്ധിച്ച് റേഡിയോ മാറ്റൊലി ആരംഭിച്ച ആശാകിരണം, ശ്രുതിലയതാളം, ജനാലയ്ക്കപ്പുറം എന്നിവയുടെ ഉദ്ഘാടനവും ചടങ്ങിനോട് അനുബന്ധിച്ച് നടന്നു. ജില്ലാ പ്ലാനിംഗ് ഓഫീസർ സുരേഷ് മാത്യു, നബാർഡ് ഡി. ഡി. എം. ജിഷ വടക്കുംപറമ്പിൽ, റിട്ടയേർഡ് സംസ്ഥാന ശുചിത്വമിഷൻ ഡയറക്ടർ സി.വി ജോയി, പ്രിൻസിപ്പൽ കൃഷി ഓഫീസർ ലാൽ ടി. ജോർജ്ജ്, തവിഞ്ഞാൽ കൃഷി ഓഫീസർ കെ.ജി. സുനിൽ, ജില്ലാ പഞ്ചായത്ത് മെമ്പർ ടി. ഉഷാകുമാരി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. പി.വത്സൻ, എടവക പഞ്ചായത്ത് പ്രസിഡന്റ് ഉഷാ വിജയൻ, ഹോമിയോപ്പതി വകുപ്പിലെ സീതാലയം പ്രൊജക്ട് കോർഡിനേറ്റർ ഡോ. ബീനാ ജോൺസൺ, ആയുർകെയർ പ്രൊജക്ട് കോർഡിനേറ്റർ ഡോ. ലിഷിത സുജിത്, റേഡിയോ മാറ്റൊലി സ്ഥാപക ഡയറക്ടർ ഫാ. തോമസ് ജോസഫ് തേരകം, സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി, ഡബ്ല്യു. എസ്.എസ്.എസ്. ഡയറക്ടർ ഫാ. പോൾ കൂട്ടാല എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**ബാലവേല വിരുദ്ധ ദിനാചരണം**

സംസ്ഥാന തൊഴിൽ വകുപ്പ് റേഡിയോ മാറ്റൊലിയുമായി സഹകരിച്ച് ദ്വാരക ഗുരുകുലം കോളേജിൽ വെച്ച് ജൂൺ 12-ന് ബാലവേല വിരുദ്ധ ദിനാചരണം നടത്തി. എടവക പഞ്ചായത്ത് പ്രസിഡന്റ് ഉഷാ വിജയൻ ഉദ്ഘാടനം ചെയ്തു. മാറുന്ന തൊഴിൽ സാഹചര്യവും വയനാടൻ ഗോത്രമേഖലയിലെ കൗമാരക്കാരായ തൊഴിലാളികളും -വിദ്യാഭ്യാസ പുനരധിവാസ സാധ്യതകൾ എന്ന വിഷയത്തിൽ വിദഗ്ധർ ക്ലാസ്സെടുത്തു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ബച്ച്പൻ ബചാവോ ആന്തോളൻ, ചൈൽഡ് ലൈൻ, കേരള ലേബർമൂവ്മെന്റ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. മാനന്തവാടി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജീവകാരുണ്യ സംഘടന സ്പന്ദനം നിർമ്മിച്ചു നല്കിയ വീടുകളുടെ താക്കോൽദാന ചടങ്ങിലും കിടപ്പു രോഗികൾക്ക് സ്പന്ദനം ചാരിറ്റബിൾ ട്രസ്റ്റ് സ്പോൺസർ ചെയ്ത റേഡിയോ സെറ്റ് വിതരണത്തിലും റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. എടവക പഞ്ചായത്തും എക്സൈസ് വകുപ്പും ചേർന്ന് ജൂൺ 14 ന് ദ്വാരക നവചിന്ത വായന ശാലയിൽ വെച്ച് നടത്തിയ ലഹരിവിരുദ്ധ ടാസ്ക്ഫോഴ്സ് മീറ്റിൽ സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**സന്ദർശനം**

മധുരയിൽ പ്രവർത്തിക്കുന്ന ദാൻഫൗണ്ടേഷനിലെ ഡവലപ്മെന്റ് മാനേജ്മെന്റ് സ്റ്റുഡൻസ് പഠനത്തിന്റെ ഭാഗമായി സന്ദർശനം നടത്തി.

**Workshop on Positive Masculinity in New Delhi**

Centre for Health and Social Justice , UNICEF India യുടെ സഹകരണത്തോടെ ജൂൺ 17 മുതൽ 19 വരെ ഡൽഹിയിൽ വെച്ച് നടത്തിയ Workshop on Positive Masculinity എന്ന ശില്പശാലയിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**ഗ്രാമമാറ്റൊലി**

എടവക ഗ്രാമപഞ്ചായത്തിലെ കമ്മനയിൽ ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ.ജസ്റ്റിൻ മുത്താനിക്കാട്ട്, ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ പ്രോഗ്രാം പ്രൊഡ്യൂസേഴ്സ് വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു.

**യാത്രയയപ്പ്**

മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം പഠനത്തിനായി അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ ചേർന്ന അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിവാൾഡിൻ തേവർക്കുന്നേലിന് മാറ്റൊലിക്കുടുംബത്തിന്റെ വിജയാശംസകൾ! റേഡിയോ മാറ്റൊലിയിൽ 4 വർഷത്തെ സേവനം പൂർത്തിയാക്കി ജോലിയിൽ നിന്നും വിരമിച്ച ലൈവ് ആങ്കർകം പ്രൊഡ്യൂസർ ലിഷമേരി ഡിക്രൂസിന് റേഡിയോ മാറ്റൊലി കുടുംബം യാത്രയയപ്പ് നല്കി. ലിഷ മാറ്റൊലിക്ക് നല്കിയ സേവനങ്ങൾക്ക് നന്ദിപറയുന്നതോടൊപ്പം ജീവിതത്തിൽ വിജയവും ആശംസിക്കുന്നു.

**ഇന്റേൺഷിപ്പ്**

തമിഴ്നാട് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ കമ്മ്യൂണിക്കേഷൻ & ജേർണലിസം പോസ്റ്റ്ഗ്രാജുവേഷൻ വിദ്യാർത്ഥികളായ ആദർശ് രാജ്, ഷാരോൺ ഷാജി എന്നിവർ ഒരു മാസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

തത്സമയ ഫോൺ ഇൻ: 2019 ലെ ലോക്സഭ തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് തത്സമയപരിപാടി സംഘടിപ്പിച്ചു. മെയ് 23 ന് രാവിലെ 8.20 മുതൽ ഉച്ചയ്ക്ക് 12.50 വരെ നടന്ന തത്സമയ പരിപാടിക്ക് ശ്രീ. ജോസ് പള്ളത്ത്, ശ്രീ. സാലു അബ്രാഹം, ലിഷ

മേരി ഡിക്രൂസ് എന്നിവർ നേതൃത്വം നല്കി. ADHD അഥവാ 'കുട്ടികളിലെ അധിക ചുറുചുറുക്കും ശ്രമക്കുറവും' എന്ന വിഷയത്തിൽ ജൂൺ 5 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. വൈത്തിരി കോളിച്ചാൽ ആയുഷ് മെഡിക്കൽ സെന്ററിലെ ഡോ. ബിജുല ബാലകൃഷ്ണൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി. ജലോത്സവം ജലസംരക്ഷണം എങ്ങനെ നടപ്പിലാക്കാം എന്ന വിഷയത്തിൽ കശുമാവ് ഗവേഷണകേന്ദ്രം മാടക്കത്തറയുടെ മുൻ മേധാവിയും കേരളകാർഷിക സർവ്വകലാശാലയിലെ പ്രൊഫസറുമായിരുന്ന ഡോ. പി. എസ്. ജോൺ നടത്തിയ പ്രഭാഷണം പ്രക്ഷേപണം ചെയ്തു.

**നേരും പൊരുളും:** ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുള്ള പുതിയ മാർഗ്ഗരേഖ, പുതിയ കേന്ദ്രസർക്കാറിനു മുമ്പിലുള്ള വെല്ലുവിളികൾ, തേകാനിറങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, കയ്ക്കരുത് നീര, ബി.എസ്.എൻ.എൽ, ഊർജോല്പാദനം കൂടുതൽ ഊർജ്ജിതമായി, റോഡുകൾ കുരുതിക്കളമാകുന്നത് എന്തുകൊണ്ട്? എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

**പാനൽ ചർച്ച :** മാറുന്ന തൊഴിൽ സാഹചര്യവും വയനാടൻ ഗോത്രമേഖലകളിലെ കൗമാരക്കാരായ തൊഴിലാളികളും വിദ്യാഭ്യാസ സാധ്യതകളും എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. ചൈൽഡ് ലൈൻ ജില്ലാ പ്രൊജക്ട് ഡയറക്ടർ ദിനേശൻ സി.കെ, കേരള ലേബർ മൂവ്മെന്റ് സംസ്ഥാന പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ ജില്ലാ ലേബർ ഓഫീസർ പി. പി സന്തോഷ്കുമാർ, ബച്ച്പൻ ബചാവോ ആന്തോളൻ സ്റ്റേറ്റ് കോർഡിനേറ്റർ പ്രസ്റിൻ കെ. ജില്ലാ ശിശുസംരക്ഷണ ഓഫീസർ വനിത മൈത്രി ചൈൽഡ് റെസ്ക്യൂ ഓഫീസർ സ്റ്റെഫി എന്നിവർ ചർച്ചയിൽ പങ്കെടുത്തു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി മോഡറേറ്ററായിരുന്നു.

**മനസൗഖ്യ:** മന:ശാസ്ത്ര സംബന്ധിയായ ശ്രോതാക്കളുടെ സംശയങ്ങൾക്കും മന:ശാസ്ത്ര മേഖലയിലെ ചികിത്സയിലെ തെറ്റിധാരണകളെക്കുറിച്ചും ഒബ്സസീവ് കമ്പൽസീവ് ഡിസോഡർ എന്ന രോഗാവസ്ഥയെക്കുറിച്ചും കല്പറ്റ ജനറൽ ആശുപത്രിയിലെ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ. ജോസ്റ്റിൻ ഫ്രാൻസിസ് വിശദീകരിച്ചു.

**അരങ്ങ്:** നിഷാൽ, സുഹൈല, അപർണ ഹരിദാസ്, നിയറോസ്, മിയമരിയ ഷെമിൽ എന്നിവർ ആലപിച്ച ഗാനങ്ങളാണ് ശ്രോതാക്കൾ കേട്ടത്.

**ധന്യമീ ജീവിതം:** ഒഴുക്കൻമൂല സ്വദേശികളായ തച്ചിലേടത്ത് മേരി, പുന്നോലിൽ മാത്യു, ത്രേസ്യ, വാളാട് സ്വദേശി ഇല്ലിപ്പറമ്പിൽ ചാക്കോ എന്നിവരുടെ അനുഭവങ്ങൾ പരിപാടിയിൽ പങ്കുവെച്ചു.

**ഓട്ടോറിക്ഷ:** 5-ാം മൈൽ, 6 -ാം മൈൽ, പീച്ചംകോട് ഓട്ടോ സ്റ്റാന്റുകളെ പരിചയപ്പെടുത്തി.

**ചിത്രവിശേഷം**: ഒരു യമണ്ടൻപ്രേമ കഥ, ഇഷ്ക്, ഞാൻ പ്രകാശൻ, വൈറസ്, തമാശ എന്നീ ചിത്രങ്ങളെ പരിചയപ്പെടുത്തി.

**പൊൻപുലരി:** മാനന്തവാടി ഇന്ദിരാജി വിമൻസ് സൊസൈറ്റി, പൂതാടിയിലുള്ള ധനശ്രീ കുടുംബശ്രീ, കാവുംമന്ദത്ത് പ്രവർത്തിക്കുന്ന അപ്പാരൽപാർക്ക് എന്ന തയ്യൽ യൂണീറ്റ് എന്നിവയെ പരിചയപ്പെടുത്തി.

**ജാലകം:** മനുഷ്യാവകാശ ഉപഭോക്തൃ സംരക്ഷണ സമിതിയും മാനന്തവാടി നളന്ദ കോളേജും പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്കു വേണ്ടി നടത്തിയ കരിയർ ഗൈഡൻസ് ക്ലാസ്, തനിമയുടെ നിറക്കൂട്ട് എന്ന പേരിൽ മാനന്തവാടി ലളിത കലാ അക്കാദമിയിൽ സംഘടിപ്പിച്ച ചിത്ര പ്രദർശനം എന്നിവയുടെ റിപ്പോർട്ട് ജാലകം പരിപാടിയിൽ പ്രക്ഷേപണം ചെയ്തു.

**ക്ഷീരവാണി:** എള്ളുമന്ദം സ്വദേശി കെ. സി. പൗലോസ്, വെള്ളമുണ്ട സ്വദേശി കാട്ടുക്കുന്നേൽ ജോയി എന്നിവരെ പരിചയപ്പെടുത്തി.

**ആയുർകെയർ :** രക്ത സമ്മർദ്ദത്തെക്കുറിച്ച് ദ്വാരക ആയുർവ്വേദ ആശുപത്രിയിലെ നാഷണൽ ആയുഷ്മിഷന്റെ സ്പെഷ്യൽ മെഡിക്കൽ ഓഫീസർ ഡോ. സുമ, ആയുഷ്ഗ്രാമം പദ്ധതിയെക്കുറിച്ച് നോഡൽ ഓഫീസർ ഡോ. സിജോ കുര്യാക്കോസ് എന്നിവർ വിശദീകരിച്ചു.

**ഹോമിയോകെയർ:** ലോക പുകയില വിരുദ്ധദിനത്തിന്റെ ഭാഗമായി ജില്ലാ ലഹരിവിമുക്ത ക്ലിനിക് പുനർജനി കൺവീനർ ഡോ. മുഹമ്മദ് തസ്നീം വിവരങ്ങൾ പങ്കുവെച്ചു.

**ഞങ്ങൾക്കുമുണ്ട് പറയാൻ:** 17-ാം ലോക്സഭ തെരഞ്ഞെടുപ്പ് വിധിയെക്കുറിച്ച് ജനങ്ങളുടെ അഭിപ്രായം ഞങ്ങൾക്കുമുണ്ട് പറയാൻ എന്ന പരിപാടിയിൽ പങ്കുവെച്ചു.

**കുടുംബവേദി:** സന്തോഷിക്കാനുള്ള വഴികൾ, ജീവിതവൃത്തം, പുകവലിയുടെ മന:ശാസ്ത്രം അറിയാം, ആദ്ധ്യാത്മികതയാണ് അടിസ്ഥാനം, ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാം എന്നീ വിഷയങ്ങൾ കുടുംബവേദി ചർച്ച ചെയ്തു

**സ്മരണാഞ്ജലി :** ഒടുവിൽ ഉണ്ണികൃഷ്ണനെ സ്മരണാഞ്ജലിയിൽ അനുസ്മരിച്ചു.

**മാറ്റൊലി ടാക്കീസ്:** മുതലാളി, വധു ഡോക്ടറാണ്, പേരറിയാത്തവൻ എന്നീ ചലചിത്രങ്ങളുടെ ശബ്ദരേഖ പ്രക്ഷേപണം ചെയ്തു.

**റേഡിയോ നാടകം:** സാലു മരദ എന്ന റേഡിയോ നാടകം പ്രക്ഷേപണം ചെയ്തു.

**മാറ്റൊലി ക്ലബ് ടൈം :** തോണിച്ചാൽ ഹോളി ക്രോസ് നഴ്സറി സ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിച്ച പരിപാടികൾ പ്രക്ഷേപണം ചെയ്തു.

**മയിൽപ്പീലി:** കാവുംമന്ദം 78-ാം നമ്പർ അംഗൻവാടിയിലെ കൊച്ചുകൂട്ടുകാർ അവതരിപ്പിച്ച പരിപാടികൾപ്രക്ഷേപണം ചെയ്തു.

**കിലുക്കാംപെട്ടി:** ശ്രീലക്ഷ്മി, ഇവ വിനോയ്, അൻസിയ ഫാത്തിമ എന്നീ കൊച്ചുകൂട്ടുകാരുടെ വിശേഷങ്ങൾ പങ്കുവെച്ചു.

**എഴുത്തരങ്ങ്**: കുരുതിക്ക് മുൻപ്, നിയോഗം, എന്നീ കഥകളും പൂവ്, വഴികൾ, ഒരു ജവാന്റെ ഓർമ്മയ്ക്ക് എന്നീ കവിതകളും പ്രക്ഷേപണം ചെയ്തു.

**പ്രത്യേക പരിപാടികൾ**

**ഇനി എന്ത്:** ലോക പുകയില വിരുദ്ധദിനത്തിന്റെ ഭാഗമായി പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**കൈത്താങ്ങ്:** റിഷി എന്ന സന്നദ്ധ സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി.

**മാമ്പഴപ്പെരുമ:** കല്പറ്റയിൽ നടത്തിയ മാമ്പഴമേളയെ പരിചയപ്പെടുത്തി.

**ഓർമയിൽ നെഹ്റു:** ജവഹർലാൽ നെഹ്റുവിന്റെ 55-ാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേകപരിപാടി.

**വയനാടിന്റെ ശ്രീ:** സിവിൽ സർവ്വീസ് പരീക്ഷയിൽ 410-ാം റാങ്ക് നേടിയ ശ്രീധന്യ സുരേഷുമായുള്ള അഭിമുഖം.

**അറിവിന്റെ രണ്ടാം ഘട്ടം:** ആദിവാസി സാക്ഷരതാ പദ്ധതിയുടെ ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്റർ ശ്രീമതിയുമായി നടത്തിയ അഭിമുഖം.

**കൊഴിയാതെ ചേർത്തുപിടിക്കാം:** സമ്പൂർണ വിദ്യാലയ പ്രവേശനത്തിന്റെ മുന്നോടിയായി നടത്തിയ പ്രത്യേക ക്യാംപെയ്ൻ റേഡിയോ റിപ്പോർട്ട്.

**പ്രവേശനോത്സവം:** സ്കൂൾ പ്രവേശനോത്സവത്തോടനുബന്ധിച്ചുള്ള പ്രത്യേക പരിപാടി.

**ഡ്രീംസ്റ്റു ലോഡ്സ്:** ലോകകപ്പ് ക്രിക്കറ്റ് അവലോകന പരിപാടി.

**പരിചരിക്കാം പരിസ്ഥിതിയെ:** ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചുള്ള പ്രത്യേക പരിപാടി.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# ജയിൽ മിനിസ്ട്രി

*"ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്കു ക്ഷണിക്കാനാണ്* " (ലൂക്ക 5:32).

പലവിധ കാരണങ്ങളാൽ ദൈവസ്നേഹവും സഹോദര സ്നേഹവും അനുഭവിക്കാൻ കഴിയാതെ ജയിലുകളിൽ കഴിയുന്നവരെ ഓർക്കാം, പ്രാർത്ഥിക്കാം. യേശുസാഹോദര്യകൂട്ടായ്മയിലെ അംഗങ്ങൾ, പ്രത്യേകിച്ച് എസ്. എച്ച്, എഫ്. സി. സി സിസ്റ്റേഴ്സ്, തടവറ സന്ദർശന ത്തിലൂടെയും കൗൺസിലിംഗിലൂടെയും ജയിലുകളിൽ കഴിയുന്നവർക്ക് പുതിയ ദിശാബോധം നൽകുന്നു. ജൂൺ 2-ന് മാനന്തവാടി സ്നേഹദീപം ട്രസ്റ്റിന്റെ നേതൃത്വത്തിൽ വൈത്തിരി സബ്ബ് ജയിൽ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. റവ. ഫാ. ബെന്നി പാറാനിയിൽ O. Praem, സി. സെലിൻ SABS എന്നിവർ നേതൃത്വം നല്കി. പരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും നന്ദി.

ഈ വർഷം മാനന്തവാടി ജില്ലാ ജയിലും വൈത്തിരി സബ്ബ് ജയിലും സന്ദർശിക്കുവാനും കലാപരിപാടികൾ അവതരിപ്പിക്കാനും ആഗ്രഹമുള്ളവർ അറിയിക്കുമല്ലോ.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രെട്ടേണിറ്റി

**May- June 2019**

1. Interviews for the appointment of the guest faculty was conducted and teachers were appointed for the academic year 2019-20.
2. The Kannur University, UG course syllabus was restructured and our faculty members attended the workshop as well as the board of studies meeting.
3. Our teachers attended valuation duty for the II semester UG and PG examinations in the month of May.
4. Students from our college attended the AICUF state level exposure camp held at Xavier Training Institute Pachilakkad, Wayanad. This camp was held from 2nd to 4th June, 2019.
5. The college reopened after the summer vacation on 6th June for the academic year 2019-20. Classes for the second year and third year B.A/B.Sc/ B.Com and M Sc second year started on 6th June 2019.
6. Anusha Tom, BSc Zoology and MidhunaV Ajith, BSc Mathematics who topped the Kannur University UG Examination were felicitated during the Staff Council meeting and the common meeting held in the Auditorium on 6th June 2019. Manager, Principal, Staff and students congratulated them.
7. Dr Geetha Antony Pullen took charge as the co-ordinator of the Internal Quality Assurance Cell.
8. Admission to the UG and PG courses will be through the single window system. Online registration for PG admissions closed on 26 May and UG on 28 May. Trial allotment was published on 25 May.

9. Volleyball coaching camp for Indian Navy Team began on 27th May in association with the Department of Physical Education. This will help our students to get good exposure.
10. First year M Sc admission stared on 14th June and their classes will start on 17th June. First year degree college level admission will start on 19th June 2019 and classes will commence on 26th June 2019.
11. The NSS unit of the college planted tree saplings in the campus as a part of the Environment day celebration.
12. Aptitude tests, personal grooming sessions and soft skills training for final year students were organised by P&G and Malayala Manorama on 12th June 2019.
13. A motivation class for all maths students was taken by Dr Nisar KS, Associate Professor of Mathematics, Prince Sattam Bin Abdulaziz University, Saudi Arabia.
14. Fifteen of our students donated blood on World Blood Donor Day, 14th June 2019. College made a blood donors directory.

**Dr Maria Martin Joseph**
Principal

**HM പ്രമോഷൻ & ട്രാൻസ്ഫർ**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2019 –2020 അധ്യായന വർഷത്തേയ്ക്കുള്ള പ്രധാനാധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള HS, UP & LP പ്രാധാനാധ്യാപകരുടെ പ്രമോഷനും ട്രാൻസ്ഫറും പ്രസിദ്ധീകരിച്ചു.

**HS**

ശ്രീ. ടോംസ് ജോൺ – നടവയൽ സെന്റ് തോമസ് എച്ച്.എസ്
ശ്രീ.പൗലോസ് ഇ.കെ – പയ്യംമ്പള്ളി സെന്റ് കാതറൈൻസ് എച്ച്.എസ്
സി. മോളി പി.സി. – കബനിഗിരി നിർമ്മല എച്ച്.എസ്
ശ്രീ. തോമസ് വി. പി. – മണിമൂളി സി. കെ. എച്ച്.എസ്
ശ്രീമതി. ജാകിലിൻ കെ.ജെ.– അടയ്ക്കാത്തോട് സെന്റ് ജോസഫ്സ് എച്ച്.എസ്

**UPS:-**

ശ്രീ. ജോൺ റ്റി.വി. – അമ്പായത്തോട് എ. യു. പി. എസ്.
ശ്രീ. പൈലി എൻ.യു – തവിഞ്ഞാൽ സെൻറ് തോമസ് യു.പി.എസ്.
ശ്രീമതി. മിൻസിമോൾ കെ. ജെ. – കബനിഗിരി സെന്റ് മേരീസ് യു.പി. എസ്
ശ്രീ. ബെന്നി ആന്റണി – കോട്ടത്തറ സെന്റ് ആന്റണീസ് യു.പി.എസ്

**LPS:-**

ശ്രീമതി. ജിജി ജോസ് വി – കൊളവയൽ സെന്റ് ജോർജ് LPS
ശ്രീ. വർക്കി എൻ. എം. – പോരൂർ സെന്റ് സെബാസ്റ്റ്യൻസ് LPS
ശ്രീമതി. ലിസി മാത്യു – പുയിയിടംകുന്ന് സെന്റ് പോൾസ് LPS

പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിരിക്കുന്ന പ്രധാനാധ്യാപകർക്ക് പ്രത്യേകം അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**പ്രധാനാദ്ധ്യാപക സമ്മേളനം 2019 ജൂലൈ 06 ന്**

സ്ക്കൂൾ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നതിനും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും കൂടുതൽ മെച്ച

പ്പെട്ടതാക്കുന്നതിനും, പുതിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും, അഭിപ്രായങ്ങൾ ആരായുന്നതിനും വേണ്ടി ജൂലൈ 6 ശനിയാഴ്ച രാവിലെ 10.30 am മുതൽ 1.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലെയും പ്രിൻസിപ്പൽമാരുടെയും പ്രധാനാധ്യാപകരുടെയും യോഗം ദ്വാരക, കോർപ്പറേറ്റ് ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ബുള്ളറ്റിൻ വാർത്തകൾ**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ സ്ക്കൂളുകളിൽ നടത്തുന്ന പാഠ്യ-പാഠ്യേതര, പഠനാനുബന്ധ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതിനായി നമ്മുടെ എല്ലാ സ്ക്കൂളുകളിൽ നിന്നുമുള്ള റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിക്ക് മുൻപ് നമ്മുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**July 2019**

| | | |
|---|---|---|
| 5 -6 | - | Department of youth Ministry |
| 12-13 | - | Department of youth Ministry |
| 13 | - | Catechism |
| 14-17 | - | Marriage Preparation course |
| 19-22 | - | Zion Retreat |
| 31 | - | KCYM |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



***July 2019***

| | |
|---|---|
| *01 Mon ....................* | *Visitors' Day* |
| *02 Tues ....................* | *Out of Station* |
| *03 Wed .....................* | *Palemad: Golden Jubilee Memorial Hall Blessing* |
| *04 Thu ....................* | *Manimooly: Joint Curia Meeting* |
| *05 Fri ....................* | *Bangalore* |
| *07 Sund - 19 Friy: ...* | *Out of Station* |
| *20 Sat ....................* | *Thalapuzha* |
| *21 Sun ....................* | *Seethamount: Pastoral Visit* |
| *22 Mon ....................* | *Engaged* |
| *24 Wed ....................* | *Visitors' Day* |
| *26 Fri ....................* | *Out of station* |
| *27 Sat ....................* | *Engaged* |
| *28 Sun ....................* | *Nadavayal: Pastoral Visit* |
| *29 Mon ....................* | *Visitors' Day* |
| *30 Tues ....................* | *Engaged* |
| *31 Wed ....................* | *Makkiyad* |

***August 2019***

| | |
|---|---|
| *02 Fri ....................* | *Out of Station* |
| *05 Mon - 10 Sat: ......* | *KCBC - Retreat* |
| *15 Thu ....................* | *Bathery: Blessing of Psychiatry ward - Assumption Hospital* |
| *16 Fri ....................* | *Out of Station* |
| *17 Sat - 31 Sat: ........* | *Kakkanad: Syro-Malabar Synod* |

• • •